പഞ്ചായത്ത് വകുപ്പ്
പ്രസിദ്ധീകരണം

# പഞ്ചായത്ത്‌രാജ്

പുസ്തകം 58 ലക്കം 1

ഏപ്രിൽ 2018

## തദ്ദേശമെഴുതുന്ന സുവർണ്ണ ചരിത്രം



# ഫോർ ദി പീപ്പിൾ

- പൊതുജനങ്ങൾക്ക് for the people പോർട്ടലിൽ (http//pglsgd.kerala.gov.in) പരാതികൾ ഓൺലൈനായി ആയി നൽകാം.
- ഈ സംവിധാനം വഴി പഞ്ചായത്തുകളെയും നഗരസഭകളെയും സംബന്ധിച്ച് രണ്ട് തരം പരാതികൾക്ക് പരിഹാരം തേടാം
  - സേവന ലഭ്യതയിൽ വരുന്ന വീഴ്ചകൾ
  - അഴിമതി സംബന്ധിച്ച പരാതി
- വ്യാജപരാതികൾ ഒഴിവാക്കാൻ ആധാർ/ഇലക്ഷൻ തിരിച്ചറിയൽ കാർഡ് നിർബന്ധം
- പരാതിക്കാരുടെ വ്യക്തിവിവരങ്ങൾ രഹസ്യമായി സൂക്ഷിക്കുന്നതിന് സൗകര്യം
- പഞ്ചായത്ത് വകുപ്പ്, ഗ്രാമവികസന വകുപ്പ്, നഗരകാര്യ വകുപ്പ്, നഗര-ഗ്രാമാസൂത്രണ വകുപ്പ് LSGD എഞ്ചിനീയറിംഗ് വിഭാഗം എന്നീ വകുപ്പുകളെയാണ് ഈ വെബ്പോർട്ടലിൽ ഉൾപ്പെടുത്തിയിരിക്കുന്നത്.

**പരാതിപ്പെടാം... ഓൺലൈനിലൂടെ**

ഏപ്രിൽ 2018
പുസ്തകം 58 ലക്കം 1
വാർഷികവരിസംഖ്യ ₹ 120
www.lsgkerala.gov.in
www.dop.lsgkerala.gov.in

പഞ്ചായത്ത്‌രാജ്
പഞ്ചായത്ത് വകുപ്പ് പ്രസിദ്ധീകരണം

എഡിറ്റോറിയൽ

# സുവർണ്ണനേട്ടത്തിന്റെ നിറവിൽ



സവിശേഷമായ ഒരു കാര്യം പറയണമെങ്കിൽ സവിസ്തരം മിഴിവോടെ അത് ആവിഷ്ക്കരിച്ചാലെ അപരന്റെ ഹൃദയത്തിൽ നിത്യമുദ്രയായി പതിഞ്ഞ് കിടക്കൂ. ഒരു പ്രസിദ്ധീകരണത്തിലാകുമ്പോൾ സചിത്രം വർണ്ണാഭമായി വൃത്താന്തം ഉൾക്കൊള്ളിച്ചാൽ നേട്ടങ്ങൾ ആർജ്ജിച്ച പ്രസ്ഥാനങ്ങൾക്കും ആ മാതൃക പിൻപറ്റാൻ ശ്രമിക്കുന്നവർക്കും അതൊരു പ്രചോദനമായി മാറും. പറഞ്ഞുവന്നത് ഇത്തവണത്തെ പഞ്ചായത്ത്‌രാജ് മാസികയെപ്പറ്റിയാണ്. മാസിക ഒരു വിശേഷാൽ പതിപ്പ് നിങ്ങൾക്കു മുന്നിൽ വയ്ക്കുകയാണ്. ചരിത്ര നേട്ടങ്ങളുടെ കഥ പറയുന്ന ലക്കം.

ആവർത്തിച്ചു പറയുന്തോറും വർദ്ധിക്കുന്ന ആനന്ദമായി തദ്ദേശസ്ഥാപനങ്ങളുടെ പദ്ധതിചെലവിന്റെ കണക്ക് ശോഭിക്കുന്നു. ആത്യന്തികമായി ചെലവിന്റെ ഗുണം ചെന്നുചേരുന്നത് സാധാരണക്കാരിലേക്കാണ്. പൊതുജനത്തിനു വേണ്ടിയാണ് ആരോഗ്യകരമായ മത്സരബുദ്ധിയോടെ പ്രാദേശിക സർക്കാരുകൾ പ്രവർത്തിക്കുന്നത് എന്ന് തിരിച്ചറിയുമ്പോൾ ഏറെ ചാരിതാർത്ഥ്യം അനുഭവിക്കാനാവുന്നു. ഇത് തദ്ദേശസ്വയംഭരണ വകുപ്പിലെ എല്ലാവരുടെയും സമാനചിന്തയാണ്.

2017-18 തദ്ദേശവകുപ്പിന് റെക്കോർഡ് മികവിന്റെ വർഷമാണ്. സർക്കാർ വകുപ്പുകളിൽ സംസ്ഥാന പദ്ധതി വിഹിതത്തിൽ 90 ശതമാനത്തിനു മുകളിൽ പദ്ധതിചെലവ് സൃഷ്ടിച്ച് തദ്ദേശസ്വയംഭരണ വകുപ്പ് മുന്നിട്ട് നിൽക്കുന്നു. അതിൽ തന്നെ ഗ്രാമപഞ്ചായത്തുകൾ 96.07% ചെലവ് വരുത്തി തിളക്കത്തിന് മാറ്റുകൂട്ടുന്നു. 186 ഗ്രാമപഞ്ചായത്തുകളും 8 ബ്ലോക്ക് പഞ്ചായത്തുകളും 7 നഗരസഭകളും കൊല്ലം കോർപ്പറേഷനും നൂറ് തികച്ച് വിജയശ്രീലാളിതരായിരിക്കുന്നു. ബാക്കി തദ്ദേശസ്ഥാപനങ്ങളും വിജയത്തോട് വളരെ അടുത്തുതന്നെയാണ്. 2018-19 വാർഷിക പദ്ധതി നിർവ്വഹണം എല്ലാവരും ഏപ്രിൽ 1 ന് തന്നെ ആരംഭിച്ചിട്ടുണ്ടെന്നുള്ളതും അഭിമാനകരമാണ്.

ചെലവിലെന്ന പോലെ വരവിലും വർദ്ധനവുണ്ടായ വർഷമാണ് കടന്നുപോയത്. 322 ഗ്രാമപഞ്ചായത്തുകൾ നികുതി പിരിവിൽ 100% നേടി വെന്നിക്കൊടി പാറിച്ചിരിക്കുന്നു. 50% ൽ താഴെമാത്രം നികുതി പിരിക്കാൻ കഴിഞ്ഞുള്ളൂ എന്ന അവസ്ഥ കേവലം 8 ഗ്രാമപഞ്ചായത്തുകൾക്ക് മാത്രമാണുള്ളത്. 100% ത്തിലെത്താത്ത എല്ലാ സ്ഥാപനങ്ങളും 2018 ജൂൺ 30 നകം ദൗത്യം പൂർത്തീകരിക്കേണ്ടതാണ്. ശ്രമിച്ചാൽ തീർച്ചയായും നിങ്ങൾക്കത് സാധിക്കും. ഇതുവരെ പുലർത്തിയ കാര്യക്ഷമതയും ഊർജ്ജസ്വലതയും തുടർന്നും കാഴ്ചവയ്ക്കുകയാണെങ്കിൽ നമുക്ക് അസാദ്ധ്യമായി ഒന്നുമില്ലെന്ന വസ്തുത തെളിയിക്കപ്പെടും.

തദ്ദേശസ്വയംഭരണ വകുപ്പിന്റെ വെബ്സൈറ്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിലാണ് മുൻനിരയിലുള്ള സ്ഥാപനങ്ങളുടെ അനുഭവക്കുറിപ്പുകൾ മാസികയിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. സ്ഥലപരിമിതിയും സമയക്കുറവും കാരണം നേട്ടം കൈവരിച്ച എല്ലാ സ്ഥാപനങ്ങളെയും ഉൾപ്പെടുത്തുന്നതിനു കഴിഞ്ഞിട്ടില്ല. സ്ഥിരം പംക്തികളും ഈ ലക്കം ഉണ്ടാകില്ല.

വാർഷികനേട്ടം കൈവരിച്ചവർ അത് നിലനിർത്താനും ഇനിയും ലക്ഷ്യസ്ഥാനത്ത് എത്താത്തവർ കഠിനവും വിശ്രമം മാറ്റിവച്ചതുമായ പ്രവർത്തനം തുടരാനുമുള്ള നിതാന്ത ജാഗ്രത പുലർത്താൻ തയ്യാറാവുമെന്ന് പ്രതീക്ഷിക്കട്ടെ.

**പി. മേരിക്കുട്ടി ഐ.എ.എസ്**

**അദ്ധ്വാനം കൂടാതെ മഹത്തായ ഒന്നും ആരും നേടിയിട്ടില്ല**
**–എമേഴ്സൺ**

# പഞ്ചായത്ത്‌രാജ്

ഏപ്രിൽ 2018

ഉപദേശക സമിതി

ചെയർമാൻ
**ഡോ. കെ.ടി. ജലീൽ**
തദ്ദേശസ്വയംഭരണവകുപ്പ് മന്ത്രി

അംഗങ്ങൾ
ടി.കെ. ജോസ് ഐ.എ.എസ്
അഡീഷണൽ ചീഫ് സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്
ടി.വി. സുബാഷ്
ഡയറക്ടർ, ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്
കെ. തുളസിഭായ് പത്മനാഭൻ
പ്രസിഡന്റ്, കേരള ഗ്രാമപഞ്ചായത്ത് അസോസിയേഷൻ
കെ.ആർ. അജയൻ
സെക്രട്ടറി, പ്രസ് ക്ലബ്, തിരുവനന്തപുരം
ജി. ഹരികൃഷ്ണൻ
പബ്ലിസിറ്റി ഓഫീസർ, പഞ്ചായത്ത് വകുപ്പ്

കൺവീനർ
പി.മേരിക്കുട്ടി ഐ.എ.എസ്
പഞ്ചായത്ത് ഡയറക്ടർ

എഡിറ്റർ
പി.മേരിക്കുട്ടി ഐ.എ.എസ്
Email: directorofpanchayat@gmail.com
Tel: 0471 2323286

അസിസ്റ്റന്റ് എഡിറ്റർ
ജി. ഹരികൃഷ്ണൻ
Email: prmdp2015@gmail.com
ഫോൺ: 0471 2321280
മൊബൈൽ: 9496047036

കവർ ഡിസൈൻ & ലേ ഔട്ട്
നാരായണ ഭട്ടതിരി
പ്രിന്റെയ്ഡ്സ് ലേസർ മീഡിയ

മേൽവിലാസം
എഡിറ്റർ, പഞ്ചായത്ത് രാജ് മാസിക
പഞ്ചായത്ത് ഡയറക്ടറേറ്റ്, മ്യൂസിയം പി.ഒ.
തിരുവനന്തപുരം 695033

ലേഖകരുടെ അഭിപ്രായം സർക്കാരിന്റേതായിരിക്കണമെന്നില്ല. അവയുടെ പൂർണ്ണമായ ഉത്തരവാദിത്തം ലേഖകർക്ക് മാത്രമായിരിക്കും. പരസ്യങ്ങളുടെ ഉള്ളടക്കത്തിലും പഞ്ചായത്ത്‌രാജിന് ഉത്തരവാദിത്തമില്ല.

നേട്ടങ്ങളുടെ നിറവിൽ മൂന്നാം വർഷത്തിലേക്ക്
ഡോ. കെ.ടി. ജലീൽ 6

ദിശാബോധത്താൽ സാദ്ധ്യമായ ലക്ഷ്യപ്രാപ്തി
പി.മേരിക്കുട്ടി ഐ.എ.എസ് 12

വികസന നേട്ടങ്ങൾക്കൊപ്പം - ഉറച്ച ചുവടുകളോടെ
കെ. രാമചന്ദ്രൻ ഐ.എ.എസ് 15

കുടുംബശ്രീയും തദ്ദേശസ്ഥാപനങ്ങളും
എസ്. ഹരികിഷോർ ഐഎഎസ് 18

സാങ്കേതിക പിന്തുണ മഹത്തരം
സീറാം സാംബശിവ റാവു ഐ.എ.എസ് 21

ഗ്രാമീണ ജീവിതം മാറ്റിമറിച്ച തൊഴിലുറപ്പ്
ഡോ. മിത്ര റ്റി. ഐ.എ.എസ് 23

ലൈഫ്: രണ്ടര ലക്ഷം ഭവനം ഈ വർഷം
ഡോ. അദീല അബ്ദുള്ള ഐ.എ.എസ് 26

ഹരിതകേരളം മിഷൻ രണ്ടാം വർഷത്തിലേക്ക്
ഡോ. ടി.എൻ. സീമ 28

ശുചിത്വ സംസ്കരണ പ്രവർത്തനങ്ങൾക്ക് വേഗതയേറുന്നു
ഡോ.ആർ. അജയകുമാർ വർമ്മ 32

മുന്നേറ്റത്തിന്റെ ചരിത്രമെഴുതി നഗരസഭകൾ
ബി.കെ. ബാലരാജ് 36

വെല്ലുവിളികൾ ഊർജ്ജമാക്കി പൊതുമരാമത്ത് മേഖല
പി.ആർ. സജികുമാർ 39

സ്ഥലപരാസൂത്രണം സമഗ്രതയിൽ
ഷാജി ജോസഫ് 43

കാര്യശേഷി തെളിയിച്ച് തദ്ദേശ സ്ഥാപനങ്ങൾ
ഡോ. ജോയ് ഇളമൺ 46

തദ്ദേശമിത്രം
ഡോ. വി.പി. സുകുമാരൻ 48

കെട്ടിടനികുതി പിരിവിൽ റിക്കാർഡ് നേട്ടം
എം.പി. അജിത് കുമാർ 50

സുന്ദര കേരളസൃഷ്ടിക്ക്
എൽ.സിന്ധു 55

കരുത്തോടെ മുന്നോട്ട്
അഡ്വ. കെ. തുളസിഭായ് പത്മനാഭൻ 58

ബ്ലോക്ക് പഞ്ചായത്തുകൾ 25 വർഷം പിന്നിടുമ്പോൾ
ആർ. സുഭാഷ് 61

നഗരസഭകൾക്ക് പുത്തൻ വികസനബോധം
വി.വി. രമേശൻ 63

# അകത്ത്


| | | |
|---|---|---|
| കൊല്ലത്തിനിത് അഭിമാന നേട്ടം | അഡ്വ. വി. രാജേന്ദ്രബാബു | 64 |
| വികസന വഴിയിൽ | ടി.എം. റഷീദ് | 66 |
| വിജയത്തിലെത്തിയ പരിശ്രമം | ലിസി എബ്രഹാം | 68 |
| ഉയർച്ചയുടെ ഗ്രാഫ് നിലനിർത്തി | രമേഷ് ഡി. കുറുപ്പ് | 70 |
| വിജയത്തിന്റെ അലയൊലി | സി.കെ. സുബൈദ | 72 |
| സഹകരണം വിജയരഹസ്യം | സീത രവീന്ദ്രൻ | 74 |
| വിജയത്തിന്റെ പാതയിലൂടെ | എം.എ. രാജഗോപാൽ | 76 |
| സമയബന്ധിത പ്രവർത്തനഫലം | മഞ്ജു സിജു | 78 |
| ശ്രദ്ധയാൽ നേടിയ വിജയം | പ്രജിത്ത് കാരിയ്ക്കൽ | 80 |
| ദിശാബോധമേകിയ കരുത്ത് | ആർ. പ്രേംജി | 82 |
| ചിട്ടയുടെ വിജയം | ഷീന സെബാസ്റ്റ്യൻ | 84 |
| വിജയരഹസ്യം അവിരാമയത്നം | വി. തങ്കമ്മ | 86 |
| ഒരുമയുടെ വിജയം | യേശുദാസ് പറപ്പിള്ളി | 88 |
| നൂറിന്റെ തിളക്കം | ഗിരിജ മധു | 90 |
| അശ്രാന്ത പരിശ്രമത്തിന്റെ ഫലം | മുഹമ്മദാലി വി.എം. | 92 |
| വികസനപന്ഥാവിൽ മുന്നേറി | മാത്തുക്കുട്ടി ഈപ്പൻ | 94 |
| കൂട്ടായ പ്രയത്നം നല്കിയ വിജയം | സതി വിജയൻ | 96 |
| നിർവ്വഹണത്തിലെ മികവ് | സഖറിയ വർഗീസ് | 98 |
| ദീർഘവീക്ഷണം ഫലപ്പെട്ടു | ബിന്ദു കെ. | 100 |
| നേട്ടം കൃത്യതയുടെ ഫലം | വർഷ രാജേഷ് | 102 |
| പട്ടുവം ഒരു വിജയഗാഥ | ആനക്കീൽ ചന്ദ്രൻ | 104 |
| ആരോഗ്യസുരക്ഷയ്ക്ക് മുൻഗണന | എം.ടി. അബ്ദുൾ ജബ്ബാർ | 106 |
| സമസ്തമേഖലകളും സ്പർശിച്ച് | ലിയാക്കത്ത് അലിക്കുഞ്ഞ് | 108 |
| വിജയത്തിനു പിന്നിൽ ക്രിയാത്മകത | പ്രസാദ് കുമാർ എൻ. | 110 |
| രജീഷ് തന്നെ ഹീറോ | | 111 |
| പരിമിതിയിൽനിന്നും പരമാവധി | പത്മജ എൻ. | 112 |
| ഒത്തൊരുമയിൽ നൂറുമേനി നേട്ടം | കെ. അഹമ്മദ് സഗീർ | 114 |
| മെച്ചപ്പെട്ട പ്രകടനം | തോമസ് ജോർജ്ജ് | 116 |
| തലയെടുപ്പോടെ | കെ. ജയദേവൻ | 118 |
| സ്വപ്നതുല്യനേട്ടം കൈവരിച്ച് | കെ.പി. അസ്സൻകുട്ടി | 120 |
| കേരളത്തിന്റെ കലാഗ്രാമം | കെ. ശ്രീധരൻ | 122 |
| കൂട്ടായ യത്നം വിജയത്തിലെത്തി | സി. രാധ | 124 |
| വികസന കുതിപ്പിലേക്ക് | ശകുന്തള പി. | 126 |
| കൂടുതൽ കരുത്തോടെ മുന്നോട്ട് | സെലിൻ മാണി ചെമ്പരത്തിക്കൽ | 128 |
| പ്രവർത്തനകലണ്ടർ വിജയത്തിനാധാരം | എസ്.റ്റി. അഗസ്റ്റിൻ | 130 |
| മാതൃകാപദ്ധതികളുമായി ഉദയഗിരി | മിനിമാത്യു | 132 |
| ഗുണനിലവാരം മെച്ചപ്പെടുത്തി മുന്നോട്ട് | ബിന്ദു കൃഷ്ണദാസ് | 134 |
| ചെലവഴിക്കാം ജനങ്ങൾക്കായി | ആഷിദ | 136 |
| സമഗ്രവിജയത്തിന്റെ കയ്യൊപ്പ് | എൻ.കെ. ഷൗക്കത്തലി | 138 |
| പുരോഗതിയുടെ പടവുകളിൽ | മായ മുരളീധരൻ | 140 |
| പ്രതിസന്ധികളെ അതിജീവിച്ച് മുമ്പിൽ | ക്രിസ്റ്റി സൈമൺ | 142 |
| മലർവാടിക്കടുത്തൊരു മത്സ്യകേന്ദ്രം | വി.വി. രമേശൻ | 144 |
| കിള്ളിയാർ ഒരുമ | പ്രൊഫ. എ. സുഹൃത്‌കുമാർ | 147 |






# നേട്ടങ്ങളുടെ

**ഡോ. കെ.ടി. ജലീൽ**
തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി

ജനകീയാസൂത്രണത്തിന്റെ ചരിത്രത്തിൽ അദ്ഭുതപൂർവമായ നേട്ടങ്ങൾക്ക് സാക്ഷ്യംവഹിച്ച ഒരു സാമ്പത്തിക വർഷമാണ് കടന്നു പോകുന്നത്. സംസ്ഥാനത്തെ 7 നഗരസഭകൾക്കും 186 ഗ്രാമപഞ്ചായത്തുകൾക്കും 8 ബ്ലോക്ക് പഞ്ചായത്തുകൾക്കും കൊല്ലം കോർപ്പറേഷനും ഈ വർഷത്തെ പദ്ധതിനിർവഹണത്തിൽ നൂറുമേനി നേടാൻ കഴിഞ്ഞു. പദ്ധതി നിർവഹണത്തിന്റെ പൊതുവായ ചിത്രം പരിശോധിച്ചാൽ, 2017-18 വർഷത്തെ നേട്ടങ്ങൾ സർവ്വകാല റെക്കോർഡാണ്. നയപരമായ മികവിന്റെയും ഭരണതലത്തിലെ സുതാര്യതയുടെയും ഫലങ്ങൾ പദ്ധതി നിർവ്വഹണത്തിന്റെ ബാക്കിപത്രത്തിൽ കുറിക്കപ്പെട്ടതിൽ മുഴുവൻ വികസന പ്രവർത്തകർക്കും അഭിമാനിക്കാം.

90.13 ശതമാനമാണ് ഈ വർഷത്തെ സംസ്ഥാന ശരാശരി. ഇത് സർവകാല റെക്കോർഡാണ്. 60.78 ശതമാന



# നിറവിൽ – മൂന്നാം വർഷത്തിലേക്ക്

മായിരുന്ന മുൻ വർഷത്തെ ചെലവ്. 6194.65 -കോടി രൂപ വകയിരുത്തിയതിൽ 5583.35 കോടിയും ചെലവിട്ടാണ് 90.13 ശതമാനമെന്ന സർവ്വകാല നേട്ടത്തിൽ കേരളം എത്തിയത്. എന്നെങ്കിലുമൊരിക്കൽ, സാമ്പത്തിക വർഷം അവസാനിക്കുന്നതിനു മുമ്പ് പദ്ധതിപ്പണത്തിന്റെ 90 ശതമാനത്തിനു മേൽ ചെലവഴിക്കാനാവുമെന്ന് എറ്റവും ശുഭാപ്തി വിശ്വാസികളായ വികസന വിചക്ഷണർ പോലും ഇതുവരെ കരുതിയിരുന്നില്ല.

ഗ്രാമപഞ്ചായത്തുകൾ 96.07 ശതമാനവും ബ്ലോക്ക് പഞ്ചായത്തുകൾ 88.07 ശതമാനവും ജില്ലാപഞ്ചായത്തുകൾ 71.5 ശതമാനവും തുകയാണ് 2017-18 ൽ ചെലവഴിച്ചത്. സംസ്ഥാനത്തെ 287 തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ 90 ശതമാനത്തിനു മുകളിൽ ചെലവു വരുത്തി. സാമ്പത്തിക വർഷാന്ത്യത്തിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ഇത്ര ഉയർന്ന പദ്ധതി ചെലവ് രേഖപ്പെടുത്തുന്നത് ജനകീയാസൂത്രണത്തിന്റെ ചരിത്രത്തിൽ ഇതാദ്യമാണ്. 2014-15 ൽ 68. 2 -ഉം, 15-16ൽ 73.61 ഉം ശതമാനമായിരുന്ന പദ്ധതി ചെലവ്. 2016-17ൽ നോട്ട് നിരോധനം സൃഷ്ടിച്ച പ്രയാസങ്ങൾക്കിടയിലും ഇത് 67.08 ശതമാനത്തിൽ എത്തിക്കാൻ സംസ്ഥാനത്തിനായി. ഈ നേട്ടങ്ങളെ ബഹുദൂരം പിന്നിലാക്കിയാണ് 90.13 ശതമാനമെന്ന റെക്കോർഡ് നേട്ടം സംസ്ഥാനത്തെ തദ്ദേശഭരണ സ്ഥാപനങ്ങൾ കൈവരിക്കുന്നത്. വാർഷിക പ്രോജക്ടുകൾ സമയബന്ധിതമായി പൂർത്തീകരിച്ച് തുക ചെലവഴിക്കുന്നതിൽ ഏതാനും ജില്ലാ പഞ്ചായത്തുകൾക്കുണ്ടായ വീഴ്ച ഈ കണക്കുകളിൽ നിഴലിക്കുന്നുണ്ട്. ജില്ലാതല പദ്ധതികൾ കൂടുതൽ സമഗ്രവും ഏകോപിതവും ആകുന്നതോടെ, ഈ കുറവു കൂടി പരിഹരിക്കപ്പെടും എന്നാണ് സർക്കാർ കരുതുന്നത്.

മുകളിൽ ചർച്ച ചെയ്ത പ്രശംസാർഹമായ സൂചികകൾ ഒട്ടും അപ്രതീക്ഷിതമല്ല. അതിനു പിന്നിൽ എത്രയെങ്കിലും ഭരണസമിതിയംഗങ്ങളുടെയും ഉദ്യോഗസ്ഥരുടെയും മറ്റ് വികസന പ്രവർത്തകരുടെയും ആത്മാർത്ഥ സേവനവും വിലമതി

ചരിത്രത്തിൽ ആദ്യമായി, ഫെബ്രുവരി മാസത്തെ പദ്ധതി നേട്ടം ഈ വർഷം 54.38 ശതമാനത്തിൽ എത്തിയിരുന്നു. സാമ്പത്തികവർഷത്തിന്റെ അവസാനമാസം തിരക്കിട്ട് തുക ചെലവഴിക്കുന്ന രീതിക്ക് മാറ്റം വന്നു. പ്രവൃത്തികളുടെ ഗുണനിലവാരത്തിൽ വിട്ടു വീഴ്ച ചെയ്യാതെയും ഭരണപരമായ സുതാര്യത പാലിച്ചുമാണ് സംസ്ഥാനത്തെ തദ്ദേശ ഭരണ സ്ഥാപനങ്ങൾ ഈ നേട്ടങ്ങൾ കൈവരിച്ചത് എന്നു സാരം.



ക്കാനാവാത്ത പരിശ്രമവുമുണ്ട്. മികച്ച ആസൂത്രണവും ചിട്ടയോടെയുള്ള മുന്നൊരുക്ക പ്രവർത്തനങ്ങളുമാണ് ഈ അഭിമാനനേട്ടത്തിനു പിന്നിൽ. മുൻവർഷങ്ങളിൽ നിന്ന് വ്യത്യസ്തമായി, ഈ വർഷത്തെ പദ്ധതി നിർവഹണത്തിന് 10 മാസത്തോളം സമയം ലഭിച്ചു. പദ്ധതി രൂപീകരണം സമയബന്ധിതമായി പൂർത്തിയാക്കാൻ സർക്കാർ പ്രത്യേകം നിഷ്കർഷിച്ചു. കൃത്യമായ ഇടവേളകളിൽ മുഖ്യമന്ത്രി നേരിട്ട് നിർവഹണപുരോഗതി വിലയിരുത്തി. ചരിത്രത്തിൽ ആദ്യമായി, ഫെബ്രുവരി മാസത്തെ പദ്ധതി നേട്ടം ഈ വർഷം 54.38 ശതമാനത്തിൽ എത്തിയിരുന്നു. സാമ്പത്തികവർഷത്തിന്റെ അവസാനമാസം തിരക്കിട്ട് തുക ചെലവഴിക്കുന്ന രീതിക്ക് മാറ്റം വന്നു. പ്രവൃത്തികളുടെ ഗുണനിലവാരത്തിൽ വിട്ടുവീഴ്ച ചെയ്യാതെയും ഭരണപരമായ സുതാര്യത പാലിച്ചുമാണ് സംസ്ഥാനത്തെ തദ്ദേശ ഭരണ സ്ഥാപനങ്ങൾ ഈ നേട്ടങ്ങൾ കൈവരിച്ചത് എന്നു സാരം.

ഈ വർഷത്തെ റവന്യൂ പിരിവിന്റെ കാര്യത്തിലും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ മികച്ച നേട്ടമാണ് കൈവരിച്ചത്. 82 ഗ്രാമപഞ്ചായത്തുകൾക്കും 47 മുനിസിപ്പാലിറ്റികൾക്കും റവന്യൂ കളക്ഷൻ ഇൻസന്റീവ് നേടാനായി. 814.77 കോടിയുടെ വസ്തുനികുതി ലക്ഷ്യമിട്ടതിൽ 576.10 കോടിയും പിരിച്ചെടുത്തു. ഇത് 70.70 ശതമാനം വരും. 2014 ൽ ഇത് 50 ശതമാനത്തിൽ കുറവായിരുന്നുവെങ്കിൽ, 2015ൽ 40 ശതമാനം പോലും എത്താൻ കഴിഞ്ഞിരുന്നില്ല. 2016ൽ 50 ശതമാനം കടന്ന വസ്തുനികുതി പിരിവാണ് 2017 വർഷത്തിൽ 70 ശതമാനത്തിനു മുകളിലേക്ക് ഉയർന്നത്.

നേരത്തേ തുടങ്ങിയാൽ പകുതി ചെയ്തതുപോലെയാണ് എന്ന് പറയാറുണ്ട്. നിർവ്വഹണത്തിനു കൂടുതൽ സമയം ലഭിച്ചതുകൊണ്ടു മാത്രമാണ് 2017-18 വാർഷിക പദ്ധതി ഇതുകണ്ട് വിജയമായത്. നിർവ്വഹണത്തിനു 12 മാസം സമയമെന്ന ലക്ഷ്യം, ചരിത്രത്തിൽ ആദ്യമായി ഈ വർഷം മുതൽ യാഥാർത്ഥ്യമാവുകയാണ്. 1200 തദ്ദേശ ഭരണ സ്ഥാപനങ്ങളിൽ 1147 എണ്ണവും മാർച്ച് 31നു മുൻപു തന്നെ 2018-19 ലെ വാർഷിക പദ്ധതി ജില്ലാ ആസൂത്രണ സമിതിയുടെ അംഗീകാരത്തിനു സമർപ്പിച്ചു. ഇത് മറ്റൊരു സർവ്വകാല റെക്കോർഡാണ്.

7000 കോടി രൂപയുടെ വികസനഫണ്ടടക്കം 10779.59 കോടി രൂപയാണ് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കുള്ള ഈ വർഷത്തെ ബഡ്ജറ്റ് വകയിരുത്തൽ. തദ്ദേശഭരണ സ്ഥാപനങ്ങളുടെ തനത് ഫണ്ടും കേന്ദ്രാവിഷ്കൃത പദ്ധതികളുടെ തുകയും ഇതിനു പുറമേയാണ്. തിരുവനന്തപുരം, കൊല്ലം, ആലപ്പുഴ, വയനാട്, ഇടുക്കി, കണ്ണൂർ, കാസർകോട് എന്നീ ജില്ലകളിലെ മുഴുവൻ തദ്ദേശ ഭരണ സ്ഥാപനങ്ങളും പുതിയ സാമ്പത്തിക വർഷം ആരംഭിക്കുന്നതിനു മുൻപ് വാർഷിക പദ്ധതി ജില്ലാ ആസൂത്രണ സമിതിയുടെ അംഗീകാരത്തിന് സമർപ്പിച്ചു. പദ്ധതി രൂപീകരണ ഘട്ടം മുതൽ നിർവ്വഹണം പൂർത്തിയാവുന്നതു വരെ ശക്തമായ മോണിറ്ററിംഗിലൂടെ പദ്ധതി പ്രവർത്തനങ്ങൾക്ക് ശരവേഗം നൽകിയാണ് പിന്നിട്ട വർഷത്തെ പദ്ധതി ചെലവിൽ സംസ്ഥാനം സർവ്വകാല റെക്കോർഡ് നേടിയത്. 2018-19ൽ നൂറു ശതമാനമെന്ന ലക്ഷ്യത്തിലേക്കുള്ള കുതിപ്പ് പദ്ധതി വർഷത്തിന്റെ ആദ്യമാസത്തിൽ തന്നെ ആരംഭിക്കുകയാണ്; പുതിയ വർഷത്തെ പദ്ധതി നിർവ്വഹണം ഏപ്രിൽ മാസത്തിൽ ആരംഭിക്കുകയാണ്. നൂറു ശതമാനം പദ്ധതിച്ചെലവാണ് 2018- ൽ വർഷത്തെ ലക്ഷ്യം.

സർവതോമുഖമായ വികസനത്തിന്റെ ചിത്രമാണ് സർക്കാർ പുതിയ സാമ്പത്തിക വർഷത്തിലേക്ക് കടക്കുമ്പോൾ ജനങ്ങൾക്ക് മുന്നിലുള്ളത്. അഞ്ച് വ്യത്യസ്ത ഭരണയൂണിറ്റുകളായിരുന്ന തദ്ദേശസ്വയംഭരണം കൂടുതൽ കരുത്തും കാര്യക്ഷമതയുമുള്ള ഒരൊറ്റ വകുപ്പായി മാറുകയാണ്. പഞ്ചായത്ത്, ഗ്രാമവികസനം, നഗരകാര്യം, നഗര ഗ്രാമാസൂത്രണം, തദ്ദേശസ്വയംഭരണ എഞ്ചിനീയറിംഗ് വിംഗ് എന്നീ വകുപ്പുകൾ ഏകീകരിക്കുന്നതിന്റെ ഭാഗമായി പൊതുസർവീസ് രൂപീകരിക്കാനുള്ള നടപടികൾ പുരോഗമിക്കുകയാണ്. ഏകീകൃത തദ്ദേശസ്വയംഭരണ വകുപ്പിന്റെ തലവനായി പ്രിൻസിപ്പൽ ഡയറക്ടറെ നിയമിച്ചിട്ടുണ്ട്. പൊതുസർവീസിന്റെ വിശേഷാൽ ചട്ടം ഉടൻ നിലവിൽ വരും. വിജയകരമായ പദ്ധതി സംയോജനത്തിന്റെയും മികച്ച വകുപ്പുതല ഏകോപനത്തിന്റെയും നാളുകൾക്കാണ് ഏകീകൃത തദ്ദേശസ്വയംഭരണ വകുപ്പ് തുടക്കം കുറിക്കുന്നത്. ഇരുപതു വർഷം ആലോചനയിലിരുന്നതും ഇതുവരെ നടപ്പിലാകാതെ പോയതുമായ വലിയൊരു ഭരണ നടപടിയാണ് ഇതിലൂടെ യാഥാർത്ഥ്യമാവുന്നത്. കേരളത്തിലെ പ്രാദേശിക സർക്കാരുകളുടെ ദിശാബോധം ഉറപ്പിക്കുകയും കാര്യക്ഷമത ഉയർത്തുകയും ചെയ്യുന്ന ഘടനാപര

മായ മാറ്റമാണിത്. വൈദഗ്ധ്യമുള്ള ഉദ്യോഗസ്ഥരെ കണ്ടെത്തുന്നതിനും അവരെ യഥാവിധി വിന്യസിക്കുന്നതിനും ഉണ്ടായിരുന്ന തടസ്സങ്ങൾ ഇതോടെ നീങ്ങും. സ്ഥലം മാറ്റത്തിനും സ്ഥാനക്കയറ്റത്തിനും ജീവനക്കാർക്ക് കൂടുതൽ അവസരങ്ങൾ ലഭിക്കുകയും ചെയ്യും. തദ്ദേശസ്വയംഭരണ വകുപ്പുകളിലെ പി എസ് സി നിയമനങ്ങളിലും സ്ഥാനക്കയറ്റ നിയമനങ്ങളിലും ഈ വർഷത്തെ നേട്ടം സർവ്വകാല റെക്കോർഡാണ്. പഞ്ചായത്ത് വകുപ്പിൽ 448-ഉം നഗരസഭകളിൽ 1494-ഉം പുതിയ തസ്തികകൾ സൃഷ്ടിച്ചു. വകുപ്പുകളുടെ ഏകീകരണത്തോടെ, കഴിവും മികച്ച വൈദഗ്ധ്യവുമുള്ള ഉദ്യോഗസ്ഥൻമാരുടെ ഫലപ്രദമായ സേവനം കൂടുതൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് യഥേഷ്ടം ലഭിക്കാൻ അവസരമൊരുങ്ങും.

അടിസ്ഥാനസൗകര്യ വികസനത്തിൽ സംസ്ഥാനം വൻ കുതിപ്പ് നേടിയ വർഷമാണ് കടന്നു പോകുന്നത്. 452 കോടി രൂപ ചെലവിൽ 3460 കി.മീറ്റർ പുതിയ ടാർ റോഡുകൾ നിർമ്മിച്ചു. 838 കോടി ചെലവിൽ 8598 കി.മീറ്റർ റോഡുകളുടെ പുനരുദ്ധാരണവും നടത്തി. 74 കോടി രൂപ ചെലവിൽ സ്കൂളുകളിൽ 1861 പുതിയ ക്ലാസ് മുറികൾ നിർമ്മിച്ചു. 117 കോടി ചെലവിൽ 3142 പുതിയ അംഗൻവാടി കെട്ടിടങ്ങൾ പണിതു. 124 കോടി ചെലവിൽ 3476 കുടിവെള്ള പദ്ധതികൾ സ്ഥാപിച്ചു. തൊഴിലുറപ്പ് പദ്ധതിയിൽ 8305 പുതിയ ഗ്രാമീണ റോഡുകൾ നിർമ്മിച്ചു.

സമ്പൂർണ്ണ ശുചിത്വമെന്ന പ്രഖ്യാപിത ലക്ഷ്യത്തിലേക്ക് കേരളം അടുക്കുകയാണ്. "വെളിയിട വിസർജ്ജ്യ മുക്ത സംസ്ഥാന " കാമ്പെയിനിന്റെ ഭാഗമായി സംസ്ഥാനത്തൊട്ടാകെ 2,04,297 ഗാർഹിക ശൗചാലയങ്ങൾ നിർമ്മിച്ചു. 941 ഗ്രാമ പഞ്ചായത്തുകളും 92 നഗരസഭകളും വെളിയിട വിസർജനമുക്തമായി പ്രഖ്യാപിച്ചു കഴിഞ്ഞു. 625 കോടി രൂപയ്ക്ക് 9563 മാലിന്യ സംസ്കരണ പ്രോജക്ടുകൾ നടപ്പിലാക്കി. 2 ലക്ഷം ഉറവിട മാലിന്യ സംസ്കരണ യൂണിറ്റുകൾ സ്ഥാപിച്ചു. 78 പുതിയ റിസോഴ്സ് റിക്കവറി ഫെസിലിറ്റി സെന്ററുകൾ തുറന്നു. 93 പുതിയ പ്ലാസ്റ്റിക് ഷ്രഡിങ്ങ് യൂണിറ്റുകൾ ആരംഭിച്ചു.

ഇന്ത്യൻ സംസ്ഥാനങ്ങളിലെ ഏറ്റവും വലിയ ഭവന പദ്ധതിയായ "ലൈഫ് " പദ്ധതിയുടെ ഒന്നാം ഘട്ടം വിജയകരമായ പൂർത്തീകരണത്തോട് അടുക്കുകയാണ്. വർഷങ്ങളായി നിർമ്മാണം മുടങ്ങിക്കിടന്ന 66750 വീടുകളിൽ 26000 വീടുകൾ മാർച്ച് 31നു മുൻപ് പൂർത്തീകരിച്ചു. ബാക്കിയുള്ളവയുടെ നിർമ്മാണം പുരോഗമിക്കുകയാണ്. ഭവനനിർമ്മാണത്തിനുള്ള വ്യക്തിഗത ധനസഹായം 4 ലക്ഷമാക്കി ഉയർത്തിയിട്ടുണ്ട്. പതിന്നാല് ജില്ലകളിലും ഭൂരഹിത ഭവനരഹിതർക്കുള്ള പാർപ്പിട സമുച്ചയങ്ങൾ ഉയരുകയാണ്. 250000 വീടുകൾ പൂർത്തിയാക്കുകയാണ് അടുത്ത വർഷത്തെ ലക്ഷ്യം.

തദ്ദേശസ്വയംഭരണം കൂടുതൽ കാര്യക്ഷമവും സുതാര്യവുമാക്കാൻ ആധുനിക -വിവര സാങ്കേതികവിദ്യകൾ പരമാവധി ഉപയോഗിക്കുകയെന്നതാണ് സർക്കാരിന്റെ സമീപനം. തദ്ദേശസ്വയംഭരണം ഹൈടെക്കാവുകയാണ് എന്ന് പറഞ്ഞാൽ അതിൽ അതിശയോക്തിയില്ല. നഗരസഭാ ജീവനക്കാർക്ക് സ്ഥലംമാറ്റത്തിനും നിയമനത്തിനും ഓൺലൈൻ ആപ്ലിക്കേഷൻ നിലവിൽ വന്നു കഴിഞ്ഞു. ഗ്രാമസഭാ പ്രവർത്തനങ്ങൾ കൂടുതൽ ജനകീയവും സുതാര്യവുമാക്കാൻ ഗ്രാമസഭാ പോർട്ടൽ സ്ഥാപിച്ചു. സാമൂഹ്യക്ഷേമ പെൻഷൻ വിതരണത്തിന് ഓൺലൈൻ സംവിധാനം ഏർപ്പെടുത്തി. വസ്തു നികുതി ഡാറ്റയിൽ തിരുത്തലുകൾ വരുത്താൻ സഞ്ചയ പ്യൂരിഫിക്കേഷൻ മൊഡ്യൂൾ കൊണ്ടുവന്നു. വ്യാപാര സ്ഥാപനങ്ങൾക്കുള്ള ലൈസൻസിന് സഞ്ചയ ഡി & ഒ മൊഡ്യൂൾ ഏർപ്പെടുത്തി. 941 ഗ്രാമ പഞ്ചായത്തുകളിൽ വസ്തു നികുതി ഇ- പേയ്മെന്റ് ഏർപ്പെടുത്തി. വിനോദനികുതി പിരിവിനും സാംസ്കാരിക ക്ഷേമനിധി സെസിനും ഇ- ടിക്കറ്റിങ് സോഫ്റ്റ് വെയർ കൊണ്ടുവന്നു. ബിൽഡിങ്ങ് /ഡെവലപ്മെന്റ് പെർമ്മിറ്റ് സമയബന്ധിതവും സുതാര്യവുമാക്കാൻ വികസിപ്പിച്ച ഇന്റലിജന്റ് ബിൽഡിങ്ങ് പെർമ്മിറ്റ് മാനേജ്മെന്റ് സിസ്റ്റം (IBPMS) പൈലറ്റ് അടിസ്ഥാനത്തിൽ തിരുവനന്തപുരം, കൊച്ചി നഗരസഭകളിൽ നടപ്പിൽ വരുത്തി. സമ്പൂർണ ഇ- സേവനത്തിലൂടെ പ്രാദേശിക ഭരണത്തിന്റെ സുതാര്യതയും കാര്യക്ഷമതയും ഉറപ്പുവരുത്താൻ കഴിയും. അതിനുള്ള ശ്രമത്തിലാണ് സർക്കാരിപ്പോൾ. ബിൽഡിങ്ങ് പെർമ്മിറ്റിനുള്ള ഇന്റലിജന്റ് സോഫ്റ്റ്വെ



## സംസ്ഥാനത്തിൻറെയും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെയും പദ്ധതിചെലവ്

| വിഹിതം (കോടിയിൽ) | ആകെ സംസ്ഥാന പദ്ധതിവിഹിതം **34538.95** | തദ്ദേശസ്വയംഭരണ സ്ഥാപന വിഹിതവും കേന്ദ്രാവിഷ്കൃത പദ്ധതികളുടെ കേന്ദ്രവിഹിതവും ഒഴികെയുള്ള സംസ്ഥാന പദ്ധതി വിഹിതം **20272.50** | തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കുള്ള പദ്ധതി വിഹിതം **6227.50** | കേന്ദ്രാവിഷ്കൃത പദ്ധതികളുടെ കേന്ദ്രവിഹിതം **8038.95** |
|---|---|---|---|---|
| ചെലവ്% | **78.99%** | **82.97%** | **84.99%** | **64.3%** |

യർ ഈ വർഷം തന്നെ പ്രയോഗത്തിൽ വരും.

പരിസ്ഥിതി സൗഹൃദ വികസനമെന്ന സർക്കാരിന്റെ ആഹ്വാനം ജനങ്ങൾ ഹൃദയത്തിൽ ഏറ്റെടുത്തു. കേരളത്തിലെ ഗ്രാമങ്ങളിൽ ഒരു പാരിസ്ഥിതിക വിപ്ലവം തന്നെ നടന്നു. മണ്ണടിഞ്ഞും കാടുകയറിയും മാലിന്യങ്ങൾ അടിഞ്ഞും ഇല്ലാതായിക്കൊണ്ടിരുന്ന എത്രയെങ്കിലും തണ്ണീർത്തടങ്ങൾക്കും നീർത്തോടുകൾക്കും പുനർജനിയായി. വരട്ടാറും വലിയതോടും ശ്രദ്ധിക്കപ്പെട്ട ചില ഉദാഹരണങ്ങൾ മാത്രം. 7000 കി.മീറ്ററോളം തോടുകളും 1500 കി.മീറ്ററോളം കനാലുകളും ഈ കാലയളവിൽ വൃത്തിയാക്കി. തൊഴിലുറപ്പ് പദ്ധതിക്ക് പുതിയ ദിശാബോധം കൈവന്നു. പതിനായിരത്തിലേറെ കുളങ്ങളും ചെറുനീർത്തോടുകളും നവീകരിച്ചു. പതിമൂന്നായിരം പുതിയ കുളങ്ങൾ നിർമ്മിച്ചു. ആയിരത്തോളം തദ്ദേശഭരണ സ്ഥാപനങ്ങളിൽ വിപുലമായ ജനപങ്കാളിത്തത്തോടെ ശുചീകരണയജ്ഞങ്ങൾ നടന്നു. പതിന്നാല് ജില്ലകളിലും 152 ബ്ലോക്കുകളിലും കുടുംബശ്രീ ഗ്രൂപ്പുകളുടെ നേതൃത്വത്തിൽ കാർഷിക പ്രവർത്തനങ്ങൾ നടക്കുന്നു. 30000 ഏക്കറിലേക്ക് കൂടി നെൽകൃഷി വ്യാപിപ്പിക്കാൻ കഴിഞ്ഞു. കണക്കുകൾ പ്രകാരം, 1194 ഏക്കർ തരിശുഭൂമിയിൽ പച്ചക്കറി കൃഷിയാരംഭിച്ചു. നാടെങ്ങും ഉൽസവച്ഛായയോടെ മണ്ണ്, ജല സംരക്ഷണ പ്രവൃത്തികൾ നടന്നു.

ലോക ശ്രദ്ധയാകർഷിച്ച കുടുംബശ്രീയുടെ യശസ്സ് കൂടുതൽ ഉയരുകയാണ്. മറ്റ് സംസ്ഥാനങ്ങളിൽ കുടുംബശ്രീ മാതൃകയ്ക്ക് കൂടുതൽ സ്വീകാര്യത ലഭിച്ചു. 2.58 ലക്ഷം അയൽക്കൂട്ടങ്ങളിലായി നിലവിൽ 43 ലക്ഷം അംഗങ്ങൾ പ്രവർത്തിക്കുന്നുണ്ട്. കുടുംബശ്രീക്കുള്ള ബജറ്റ് വിഹിതം 200 കോടിയായി സർക്കാർ

ഇത്തവണത്തെ നേട്ടങ്ങളിൽ ഏറ്റവും ശ്രദ്ധേയമായ വസ്തുത സംസ്ഥാനചരിത്രത്തിൽ ഇദംപ്രഥമമായി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ചെലവ് ശതമാനം സംസ്ഥാനത്തിന്റെ മൊത്തം പദ്ധതി ചെലവിന്റെ ശതമാനത്തെക്കാൾ ഉയർന്നുവെന്നതാണ്. സംസ്ഥാന ശരാശരി 78.99% ആയിരുന്നു. എന്നാൽ, തദ്ദേശസ്വയംഭരണ വകുപ്പിന് മാത്രം മൊത്തം 84.99% ചെലവഴിക്കുവാൻ സാധിച്ചിട്ടുണ്ട്. ട്രഷറിയിൽ സമർപ്പിച്ചിരിക്കുന്ന ബാക്കി ബില്ലുകൾ കൂടി മാറുമ്പോൾ ഇത് 90% കടക്കുമെന്നുറപ്പാണ്. മുൻവർഷങ്ങളിൽ സംസ്ഥാന ശരാശരിയിൽ വരുന്ന കുറവിന്റെ മുഖ്യഉത്തരവാദിത്തം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കാണെന്ന അവസ്ഥ തീർച്ചയായും മാറിക്കഴിഞ്ഞു.

ഉയർത്തി. ഭിന്നശേഷിക്കാർക്കും വയോജനങ്ങൾക്കും ട്രാൻസ്ജൻഡറുകൾക്കും പ്രത്യേക അയൽക്കൂട്ടങ്ങൾ ആരംഭിച്ചു. 2017-18 വർഷത്തിൽ 1456 പുതിയ സൂക്ഷ്മ സംരംഭങ്ങൾ ആരംഭിച്ചു. ഇതിലൂടെ 4000 പേർക്ക് തൊഴിൽ ലഭ്യമാക്കി. ജില്ലകളിൽ കോമൺ ഫെസിലിറ്റി സെന്ററുകൾ ആരംഭിച്ചു. സംസ്ഥാനത്ത് ഉടനീളം കേരള ചിക്കൻ യൂണിറ്റുകൾ തുടങ്ങാൻ നടപടി സ്വീകരിച്ചു. തെരുവ് നായ്ക്കളെ വന്ധ്യംകരിക്കാൻ തുടക്കം കുറിച്ച എബിസി പദ്ധതി വിജയമായി. 21915 കർഷക ഗ്രൂപ്പുകൾക്ക് 310.25 കോടിയുടെ ധനസഹായമാണ് ഈ വർഷം നൽകിയത്. 52130 ഹെക്ടർ സ്ഥലത്ത് ഈ ഗ്രൂപ്പുകൾ കൃഷി ചെയ്യുന്നു. തദ്ദേശഭരണ സ്ഥാപനങ്ങൾ വഴി മൃഗസംരക്ഷണത്തിന് 251.67 ലക്ഷം രൂപയുടെ സഹായം നൽകി. എല്ലാ തദ്ദേശഭരണ സ്ഥാപനങ്ങളിലും അഗതി പുനരധിവാസത്തിന് പുതിയ പദ്ധതി രേഖ തയ്യാറാക്കി. എല്ലാ ജില്ലകളിലും സ്നേഹിത ജന്റർ ഹെൽപ്പ് ഡെസ്കുകൾ ആരംഭിച്ചു. ഗ്രൂപ്പുകൾക്ക് 104.2 കോടിയുടെ പലിശ സബ്സിഡി നൽകി.

മഹാത്മാഗാന്ധി തൊഴിലുറപ്പ് പദ്ധതിയിലെ കരാർ ജീവനക്കാർ, അയ്യങ്കാളി പദ്ധതിയിലെ കരാർ ജീവനക്കാർ, ഇൻഫർമേഷൻ കേരള മിഷൻ ജീവനക്കാർ എന്നിവർക്ക് ശമ്പള പരിഷ്കരണം നടപ്പിലാക്കാൻ കഴിഞ്ഞതിൽ സർക്കാരിന് ചാരിതാർത്ഥ്യമുണ്ട്. സാംസ്കാരിക നിലയങ്ങളിലെ ലൈബ്രേറിയൻമാർ, ശിശുമന്ദിരങ്ങളിലെ ടീച്ചർമാർ എന്നിവരുടെ ശമ്പളം 2050 ൽ നിന്ന് 12000 രൂപയാക്കി ഉയർത്താൻ കഴിഞ്ഞു. ആയമാരുടെ ശമ്പളം 1400 രൂപയിൽ നിന്ന് 8000 രൂപയാക്കി. മുനിസിപ്പൽ കണ്ടിജന്റ് ജീവനക്കാരുടെ ദിവസവേതനം 620 രൂപയാക്കി ഉയർത്തി. ചരിത്രത്തിൽ ആദ്യമായി, മുനിസിപ്പൽ കണ്ടിജന്റ് ജീവനക്കാർക്ക് പൂർണ ശമ്പള സ്കെയിൽ ഏർപ്പെടുത്താൻ കഴിഞ്ഞു.

കെട്ടിട നിർമാണ ചട്ടങ്ങളിൽ ഭേദഗതി കൊണ്ടുവന്നത് ആയിരക്കണക്കിനു പേർക്ക് ആശ്വാസമായി. നിയമലംഘനങ്ങൾ നടന്നതായി ആക്ഷേപമുള്ള നിർമ്മാണങ്ങൾ പ്രത്യേകം പരിശോധിക്കാനും പിഴ ഈടാക്കി ക്രമവൽക്കരിക്കാവുന്ന നിർമ്മാണങ്ങൾക്ക് നമ്പർ അനുവദിക്കാനും തദ്ദേശ ഭരണ സ്ഥാപനങ്ങൾക്ക് അനുമതി നൽകുന്ന ചട്ടങ്ങൾ സന്തോഷത്തോടെയാണ് സ്വീകരിക്കപ്പെട്ടത്.

അയ്യങ്കാളി തൊഴിലുറപ്പ് പദ്ധതിയുടെ വകയിരുത്തൽ 25.1 കോടിയാക്കി ഉയർത്തിയത് നഗരങ്ങളിലെ തൊഴിലില്ലാത്തവർക്ക് കൂടുതൽ തൊഴിൽ ദിനങ്ങൾ കണ്ടെത്താൻ സഹായിച്ചു. വർധിപ്പിച്ച വകയിരുത്തലിന് ആനുപാതികമാ



യി, മൊത്തം തൊഴിൽ ദിനങ്ങളുടെ എണ്ണത്തിലും മുന്നേറ്റമുണ്ടായി. 2017-18 ൽ 8,38,807 തൊഴിൽ ദിനങ്ങൾ സൃഷ്ടി ച്ചു. തൊഴിലാളികളുടെ ദിവസ വേതനം 258 രൂപയാക്കി ഉയർത്തി.

ആനുകൂല്യങ്ങൾക്കുള്ള വരുമാന പരിധി 2 ലക്ഷമാക്കി ഉയർത്തിയത് കൂടുതൽ കുടുംബങ്ങളെ വിവിധ സർക്കാർ ആനുകൂല്യങ്ങളുടെ പരിധിയിൽ കൊണ്ടു വന്നു. കാർഷിക ആനുകൂല്യങ്ങൾക്കുള്ള വരുമാന പരിധി എടുത്തു കളഞ്ഞിട്ടുണ്ട്. വഖഫ് ബോർഡ് നിയമനം പിഎസ് സിക്കു വിട്ടത് ഏറെ പ്രശംസിക്കപ്പെട്ട മറ്റൊരു തീരുമാനമാണ്.

കൂടുതൽ നേട്ടങ്ങൾ സാധ്യമാണെന്ന പാഠമാണ് ഇടതുപക്ഷ ജനാധിപത്യ മുന്നണി ഭരണത്തിന്റെ രണ്ടാം വർഷം നമുക്കു നൽകുന്നത്. ഏപ്രിൽ മാസ ത്തിൽ പദ്ധതി നിർവ്വഹണം ആരംഭി ക്കാൻ കഴിയുമെന്ന് ഏതാനും വർഷ ങ്ങൾ മുമ്പു വരെ ഒരാളും സങ്കൽപ്പിക്കുക പോലും ചെയ്തില്ല. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളെ പ്രതീക്ഷയോടെ കാണുന്ന ലക്ഷക്കണക്കായ ജനങ്ങളുടെ കൺമുന്നിൽ ഇന്നത് യാഥാർത്ഥ്യമായി. നൂറു ശതമാനം പദ്ധതി നേട്ടമെന്ന സ്വപ്ന ലക്ഷ്യമാണ് കേരളത്തിലെ തദ്ദേശസ്വ യംഭരണ സ്ഥാപനങ്ങൾക്കു മുന്നിൽ ഇനിയുള്ളത്. ലൈഫ് പദ്ധതിയിൽ 250000 കുടുംബങ്ങൾക്ക് ഈ വർഷം വീട് നൽകും. ഉറവിട മാലിന്യ സംസ്കര ണത്തിന് കൂടുതൽ പ്രോജക്ടുകളുമായാണ് ഈ പദ്ധതി വർഷം തുടങ്ങുന്നത്. തണ്ണീർതടങ്ങളുടെ സംരക്ഷണത്തിന് നീർത്തടാടിസ്ഥാനത്തിൽ കർമ്മപരി പാടികൾ തയ്യാറായിക്കഴിഞ്ഞു. പഞ്ചായ ത്ത് ഡയറക്ടറേറ്റ്, ഡെപ്യൂട്ടി ഡയറക്ടർ ഓഫീസുകൾ, 700 ഗ്രാമ പഞ്ചായത്തു കൾ എന്നിവ നടപ്പുവർഷം ഐഎസ്ഒ നിലവാരത്തിലെത്തും.

നഗരങ്ങളുടെ സമഗ്ര വികസനത്തിന് മാസ്റ്റർപ്ലാൻ തയ്യാറാവുകയാണ്. അമൃത് പദ്ധതിയിൽ 2028 കോടിയുടെ പ്രോജക്ടു കൾക്ക് കേന്ദ്ര സർക്കാരിന്റെ അനുമതി

> കൂടുതൽ നേട്ടങ്ങൾ സാധ്യമാണെന്ന പാഠമാണ് ഇടതുപക്ഷ ജനാധിപത്യ മുന്നണി ഭരണത്തിന്റെ രണ്ടാം വർഷം നമുക്കു നൽകുന്നത്. ഏപ്രിൽ മാസത്തിൽ പദ്ധതി നിർവ്വഹണം ആരംഭിക്കാൻ കഴിയുമെന്ന് ഏതാനും വർഷങ്ങൾ മുമ്പു വരെ ഒരാളും സങ്കൽപ്പിക്കുക പോലും ചെയ്തില്ല. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളെ പ്രതീക്ഷയോടെ കാണുന്ന ലക്ഷക്കണക്കായ ജനങ്ങളുടെ കൺമുന്നിൽ ഇന്നത് യാഥാർത്ഥ്യമായി.

ലഭിച്ചു. പിഎംജിഎസ്വൈ പദ്ധതി യിൽ 150ഉം സൻസദ് ആദർശ് ഗ്രാമ യോജനയിൽ 137 കി.മീറ്ററും ഗ്രാമീണ റോഡുകൾക്ക് അനുമതിയായി. കൊച്ചി, തിരുവനന്തപുരം എന്നീ നഗരങ്ങളിൽ ഈ വർഷം സ്മാർട്ട് സിറ്റി പദ്ധതി നടപ്പി ലാവും.

സ്ത്രീസുരക്ഷയ്ക്ക് എല്ലാ പ്രധാന നഗര ങ്ങളിലും ഷി ലോഡ്ജുകൾ തുടങ്ങാനാ ണ് സർക്കാർ ഉദ്ദേശിക്കുന്നത്. 200 പഞ്ചായത്തുകളിൽ ഈ വർഷം ബഡ്സ് സ്കൂളുകൾ തുടങ്ങും. ബാക്കി പഞ്ചായത്തുക ളിൽ കൂടി ഹരിതകർമ്മ സേനകൾ ആരംഭിക്കും. പുതുതായി 10,000 ഹെക്ടർ സ്ഥലം ജൈവകൃഷിക്കു വേണ്ടി കണ്ടെ ത്തും. കൂടുതൽ പാട്ടകൃഷി ഗ്രൂപ്പുകൾക്ക് കൃഷിക്ക് സഹായം നൽകും. കുടുംബശ്രീ സംഘങ്ങൾ വഴി ഏറ്റവും കൂടുതൽ സൂക്ഷ്മ സംരംഭങ്ങൾ ആരംഭിച്ച ഒരു വർഷമാണ് കടന്നു പോകുന്നത്. 2000 പുതിയ സൂക്ഷ്മ സംരംഭങ്ങൾ കൂടി ഈ വർഷം ആരംഭി ക്കും. പാലിയേറ്റീവ് കെയർ രംഗത്തും മെച്ചപ്പെട്ട സേവനങ്ങൾ കൂടുതൽ പേരി ലേക്ക് എത്തിക്കും. എല്ലാ തദ്ദേശഭരണ സ്ഥാപനങ്ങളും ജൻഡർ സൗഹൃദമാക്കാ നാണ് സർക്കാർ ആഗ്രഹിക്കുന്നത്. എല്ലാ വാർഡിലും ജാഗ്രതാ സമിതികൾ ഉണ്ടാവണം; തദ്ദേശസ്വയംഭരണ സ്ഥാ പനങ്ങൾ അതിന് മുൻകൈയെടുക്കണം. കേരളത്തിലെ തദ്ദേശസ്വയംഭരണം ചുവ ടുറപ്പോടെ നീങ്ങുകയാണ്; നേട്ടങ്ങളിൽ നിന്ന് നേട്ടങ്ങളിലേക്ക്.

# ദിശാബോധത്താൽ സാദ്ധ്യമായ ലക്ഷ്യപ്രാപ്തി

**പി.മേരിക്കുട്ടി ഐ.എ.എസ്**
പഞ്ചായത്ത് ഡയറക്ടർ

തദ്ദേശസ്വയംഭരണ വകുപ്പ് മഹത്തായ ഒരു കുതിച്ചുചാട്ടത്തിന്റെ ഹർഷാതിരേകത്തിലാണ്. മികവിന്റെ ഉച്ചകോടിയിലെത്തിയ വർഷമായിരുന്നു 2017-18. 2018-19 ന്റെ ആദ്യ ചുവടുവയ്പ്പും ഉറച്ച ധീരമായ മനസ്സോടും കർമ്മത്തോടുമായി ആരംഭിച്ചിരിക്കുന്നു. ഇതൊരു ശുഭതുടക്കമാണ്. ഇനി വരുംവർഷങ്ങളിൽ ഇതേ ശക്തിയുടെ തുടർച്ച തന്നെ ഉണ്ടാകുമെന്നുറപ്പാണ്. ശക്തമായ അടിത്തറയിട്ടു കൊണ്ടാണ് തദ്ദേശസ്വയംഭരണ വകുപ്പ് മുന്നേറുന്നത്.

2017-18 ൽ 90% പദ്ധതിചെലവ് വരുത്തി എന്നത് കേവലം കണക്കിൽ തളച്ചിട്ട കാര്യമല്ല. എത്ര ദിനരാത്രങ്ങൾ, എത്ര മീറ്റിംഗുകൾ, എത്ര കൂട്ടായ്മകൾ, എത്ര ചർച്ചകൾ, എത്ര കണക്കുകൂട്ടലുകൾ, എത്ര മുന്നേറ്റങ്ങൾ, എത്ര സാങ്കേതിക പ്രവർത്തനങ്ങൾ, എത്ര സാധാരണക്കാരുടെ സ്വപ്നങ്ങൾ- അങ്ങനെ എണ്ണിയാലൊടുങ്ങാത്ത അനുഭവങ്ങളുടെയും സംവാദത്തിന്റെയും സംക്രമണത്തിന്റെയും ആകെ തുകയായിരുന്നു 2017-18 പദ്ധതിപ്രവർത്തനം.

941 ഗ്രാമപഞ്ചായത്തുകൾക്കുമായി 3044.82 കോടി രൂപയാണ് ബഡ്ജറ്റ് വിഹിതമായി 2017-18-ൽ സർക്കാർ അനുവദിച്ചിരുന്നത്. അതിൽ 2760.10 കോടി രൂപ ചെലവഴിക്കാൻ പ്രാദേശിക സർക്കാരുകൾക്ക് കഴിഞ്ഞിട്ടുണ്ട്. 90.65 ശതമാനം ട്രഷറിയിലെ പെൻഡിംഗ് ബില്ലുകൾ കൂടി മാറുമ്പോൾ ഇത് 96.49 ശതമാനമായി ഉയരും. മുൻവർഷത്തിൽ (2016-17) ചെലവ് ശതമാനം 67.08 മാത്രമേ വന്നിട്ടുള്ളൂ എന്ന കാര്യം ഇതിനൊപ്പം ചേർത്ത് വായിക്കണം. മാത്രമല്ല വിവിധ തലങ്ങളിലെ തദ്ദേശഭരണ സ്ഥാപനങ്ങളുമായി താരതമ്യം ചെയ്യുമ്പോൾ എടുത്തുപറയേണ്ട ഒരു കാര്യം ഏറ്റവുമധികം ചെലവുശതമാനത്തിലെത്തിയത് ഗ്രാമപഞ്ചായത്തുകളാണെന്നുള്ളതാണ്.

ജി.എസ്.റ്റി, ട്രഷറിബാൻ തുടങ്ങിയ പ്രതിസന്ധികളെ തരണം ചെയ്ത് ഇത്രയും ചെലവാക്കാനായത് ജനപ്രതിനിധികളുടെയും ജീവനക്കാരുടെയും ആത്മാർത്ഥമായ സംയുക്തശ്രമം ഒന്നുകൊണ്ടുമാത്രമാണ്. അഭിനന്ദനാർഹം തന്നെയാണത്.

ഗ്രാമപഞ്ചായത്തുകളിലെ പദ്ധതിപ്രവർത്തനങ്ങളെ ഗുണപരമായി നിയന്ത്രിക്കാനും അവലോകനം നടത്താനും തടസ്സങ്ങൾ നീക്കാനും കരുതോടെ മുന്നോട്ടു കൊണ്ടുപോകാനും വേണ്ടി പഞ്ചായത്ത് ഡയറക്ടറേറ്റിലെ മുതിർന്ന ഉദ്യോഗസ്ഥർക്ക് ഓരോ ജില്ലയുടെയും ചുമതല നൽകിയിരുന്നു. ഈ ചുമതലക്കാർ ഒരേസമയം നിരന്തരം ജില്ലാ മേധാവികളുമായും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുമായും ബന്ധപ്പെട്ട് രാസത്വരകമായി പ്രവർത്തിച്ചത് പദ്ധതിചെലവ് വർദ്ധിപ്പിക്കുന്നതിൽ പ്രാദേശിക സർക്കാരുകൾക്ക് അങ്ങേയറ്റം സഹായകരമായി. പല തരത്തിലുള്ള കീറാമുട്ടികൾ എളുപ്പത്തിൽ പരിഹരിക്കുന്നതിനും സർക്കാരിന്റെ ഭാഗത്തു നിന്നുള്ള അനുകൂല തീരുമാനങ്ങൾ താഴെത്തട്ടിലെത്തിക്കുന്നതിനും ഈ സംവിധാനം വളരെ ഉപകരിച്ചു. ഇതോടൊപ്പം ഓർമ്മിക്കപ്പെടുന്ന ഉദ്യോഗസ്ഥരാണ് വകുപ്പിലെ ജില്ലാ ആഫീസർമാരും പെർഫോമൻസ് ഓഡിറ്റ് ടീമുകളും. ഇടവേളയില്ലാതെ ഗ്രാമപഞ്ചായത്തുകളുമായി ബന്ധപ്പെട്ട് പദ്ധതിപ്രവർത്തനങ്ങൾ വിശകലനം ചെയ്തും മാർഗ്ഗനിർദ്ദേശങ്ങൾ നൽകിയും ഗ്രാമപഞ്ചായത്ത് ജീവനക്കാരോടൊപ്പം അവരിലൊരാളായി പ്രവർത്തിച്ച ഈ ഉദ്യോഗസ്ഥരുടെ പ്രവർത്തനം ഏറെ ഗുണം ചെയ്തു. 90.65% ചെലവഴിച്ച് ഗ്രാമപഞ്ചായ ത്തുകൾ ഒന്നാംസ്ഥാനത്തെത്തി. 792.45 കോടി രൂപ അനുവദിച്ചതിൽ 708.44 കോടി ചെലവഴിച്ച് 89.40 ശതമാനമാണ് ബ്ലോക്ക് പഞ്ചായത്തിന്. ജില്ലാ പഞ്ചായത്തുകൾക്ക് 792.5 കോടി രൂപ അനുവദിച്ചതിൽ 563.19 കോടി രൂപ ചെലവഴിച്ച് 71.06 ശതമാനം കൈവരിച്ചു.

ഇത് പദ്ധതി പ്രവർത്തനത്തിന്റെ ചിത്രമാണെങ്കിൽ വകുപ്പിലെ പ്രൊമോഷനുകളുടെയും നിയമനത്തിന്റെയും സുവാർത്ത പ്രത്യേകം ശ്രദ്ധിക്കത്തക്കതാണ്. പഞ്ചായത്ത് വകുപ്പിൽ സീനിയോറിറ്റി

> എത്ര ദിനരാത്രങ്ങൾ, എത്ര മീറ്റിംഗുകൾ, എത്ര കൂട്ടായ്മകൾ, എത്ര ചർച്ചകൾ, എത്ര കണക്കുകൂട്ടലുകൾ, എത്ര മുന്നേറ്റങ്ങൾ, എത്ര സാങ്കേതിക പ്രവർത്തനങ്ങൾ, എത്ര സാധാരണക്കാരുടെ സ്വപ്നങ്ങൾ- അങ്ങനെ എണ്ണിയാലൊടുങ്ങാത്ത അനുഭവങ്ങളുടെയും സംവാദത്തിന്റെയും സംക്രമണത്തിന്റെയും ആകെ തുകയായിരുന്നു 2017-18 പദ്ധതിപ്രവർത്തനം.




വ്യവഹാരങ്ങളെത്തുടർന്ന് 2013 വർഷം മുതൽ കൃത്യമായ രീതിയിൽ സ്ഥാനക്കയറ്റങ്ങൾ നടത്തുന്നതിനും ഒഴിവുകൾ നികത്തുന്നതിനും തടസ്സം നേരിട്ടിരുന്നു. 2016 മേയ് മാസത്തിൽ നിലവിലെ സർക്കാർ അധികാരമേൽക്കുമ്പോൾ 175-നമുകളിൽ ഗ്രാമപഞ്ചായത്തുകളിൽ സെക്രട്ടറി തസ്തികകളും 200-നു മുകളിൽ ഗ്രാമപഞ്ചായത്തുകളിൽ മറ്റ് വിവിധ തസ്തികകളും ഒഴിഞ്ഞുകിടന്നിരുന്നു. ഇതോടൊപ്പം ഭൂരിഭാഗം ജില്ല ആഫീസർ തസ്തികകളും ജോയിന്റ് ഡയറക്ടർ തസ്തികകളും ഒഴിഞ്ഞുകിടന്നതു മൂലം ഗുരുതരമായ ഭരണപ്രതിസന്ധി വകുപ്പ് നേരിടേണ്ടി വന്നു. ഇത്തരം സ്ഥിതിവിശേഷം പദ്ധതി പ്രവർത്തനങ്ങളെയും നികുതി പിരിവ് ഉൾപ്പെടെയുള്ള മറ്റ് പ്രവർത്തനങ്ങളെയും കാര്യമായി ബാധിച്ചിരുന്നു.

ഈ സർക്കാർ അധികാരമേറ്റ ഉടൻ മേൽപ്പറഞ്ഞ പ്രതിസന്ധി പരിഹരിക്കുന്നതിനുള്ള അടിയന്തര നടപടികൾ സ്വീകരിച്ചു. കോടതി വ്യവഹാരങ്ങൾ തീർപ്പ് കൽപ്പിക്കാതെ തുടരുന്ന വസ്തുത പരിഗണിച്ച് സ്ഥാനക്കയറ്റം നടത്തി ഒഴിവുകൾ നികത്തുന്നതിലേക്കായി വിവിധ തസ്തികകളുടെ താൽക്കാലിക ഗ്രേഡേഷൻ ലിസ്റ്റുകൾ യുദ്ധകാലാടിസ്ഥാനത്തിൽ തയ്യാറാക്കി 2016 ഡിസംബർ മാസത്തോടു കൂടി ഗ്രാമപഞ്ചായത്ത് സെക്രട്ടറി വരെയുള്ള മുഴുവൻ തസ്തികകളിലെയും ഒഴിവുകൾ നികത്തുവാൻ വകുപ്പിന് സാധിച്ചു. സീനിയോറിറ്റി വിഷയങ്ങളുമായി ബന്ധപ്പെട്ട ബഹു. സുപ്രീംകോടതിയുടെ 2017 മാർച്ച് മാസത്തെ ഉത്തരവിനെ തുടർന്ന് 01.01.1990 മുതലുള്ള എല്ലാ തസ്തികകളിലെയും പുതുക്കിയ സീനിയോറിറ്റി പട്ടികകൾ ആക്ഷേപങ്ങൾക്ക് ഇടയില്ലാതെ തന്നെ തയ്യാറാക്കി പ്രസിദ്ധീകരിക്കുകയും പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, പഞ്ചായത്ത് അസിസ്റ്റന്റ് ഡയറക്ടർ തസ്തികകളിലും നിയമനങ്ങൾ നടക്കുകയും ചെയ്തതു മൂലം വകുപ്പിന്റെ പ്രവർത്തനത്തിൽ അഭിമാനാർഹമായ പുരോഗതി ഉണ്ടായിട്ടുണ്ട്.

നീണ്ടകാലയളവിൽ സീനിയോറിറ്റി പട്ടികകൾ ഒന്നും തന്നെ നിലവിലില്ലാത്തുമൂലം സ്ഥാനക്കയറ്റങ്ങൾ മൊത്തത്തിൽ മുടങ്ങിക്കിടന്ന വകുപ്പ് എന്ന നിലയിൽ നിന്നും എല്ലാ തസ്തികകളിലും കുറ്റമറ്റ സീനിയോറിറ്റി പട്ടികകൾ വഴി തസ്തികകൾ ഒഴിഞ്ഞുകിടക്കാത്ത വകുപ്പ് എന്ന നിലയിലേക്ക് മാറുവാൻ സാധിച്ചിട്ടുള്ളത് അഭിമാനകരമാണ്. ഇപ്രകാരം നടന്ന സ്ഥാനക്കയറ്റങ്ങളുടെ ചുരുക്കം പട്ടികയായി ചേർക്കുന്നു.

മേൽപ്പറഞ്ഞ പ്രവർത്തനങ്ങളുടെ ഫലമായി കേവലം ഒന്നര വർഷക്കാലയളവിനുള്ളിൽ ആയിരത്തിലധികം പുതിയ നിയമനങ്ങൾ വകുപ്പിൽ നടത്തുന്നതിനും സാധ്യമായിട്ടുണ്ട്.

ഇതിന്റെ ഫലമായിട്ടു തന്നെയാണ് 2017-18-ൽ 322 പഞ്ചായത്തുകളുടെ വസ്തു നികുതിപിരിവുകൾ 100%-ത്തിലെത്തിക്കുവാൻ കഴിഞ്ഞത്. 50%-ൽ താഴെമാത്രം പിരിവു നടന്നിട്ടുള്ള കേവലം 8 ഗ്രാമപഞ്ചായത്തുകളെ കഴിഞ്ഞ വർഷം വന്നിട്ടുള്ളൂ. നികുതിപിരിവിലെ ഉയർച്ച പ്രാദേശിക സർക്കാരുകളുടെ തനതു വരുമാനത്തിൽ കാര്യമായ വർദ്ധനവ് വരുത്തുകയും വികസന-ക്ഷേമ പ്രവർത്തനങ്ങളെ അങ്ങേയറ്റം ത്വരിതപ്പെടുത്തുകയും ചെയ്തിട്ടുണ്ടെന്നത് തർക്കമറ്റ സംഗതി

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പദ്ധതിചെലവ് (രൂപ കോടിയിൽ)

| | ചെലവ് | ശതമാനം |
|---|---|---|
| മൊത്തം പദ്ധതിവിഹിതം - 6194.65 കോടി രൂപ | 5292.71 | 85.44 |
| ട്രഷറിയിലെ പെൻഡിംഗ് ബില്ലുകളുടെ എണ്ണം - 9174 | | |
| പെൻഡിംഗ് ബില്ലുകൾ ഉൾപ്പെടെയുള്ള ചെലവ് | 5580.87 | 90.09 |

ട്രഷറിയിലെ പെൻഡിംഗ് ബില്ലുകൾ കൂടി മാറുമ്പോൾ ശതമാനം 96 ആയി വർദ്ധിക്കുന്നതാണ്.



യാണ്.

കാര്യങ്ങൾ ഇങ്ങനെയൊക്കെയാകുമ്പോഴും സമൂഹത്തിലെ ഏറ്റവും അവശരും അരികുവത്ക്കരിക്കപ്പെട്ടവരുമായ പട്ടികജാതി പട്ടികവർഗ്ഗ വിഭാഗങ്ങളുടെ ഫണ്ട് ചെലവിടുന്നതിൽ നിലനിൽക്കുന്ന പരമ്പരാഗത അലസത മാറ്റാൻ നമുക്ക് കഴിഞ്ഞിട്ടില്ല. ആ മേഖലയിൽ കൂടുതൽ ശ്രദ്ധ ചെലുത്താൻ വരും വർഷം നമുക്ക് കഴിയണം.

പദ്ധതി രൂപീകരണത്തിൽ നാം നേരിടുന്ന ചെറുതല്ലാത്ത ഒരു വെല്ലുവിളി പദ്ധതികളുടെ ബാഹുല്യമാണ്. വിവിധ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലായി 262400 പദ്ധതികൾക്കാണ് 2017-18 ജില്ലാ ആസൂത്രണസമിതി അംഗീകാരം നൽകിയിരുന്നത്. ഓരോ തദ്ദേശസ്ഥാപനത്തിലും 220 പദ്ധതിയെങ്കിലും ശരാശരിയുണ്ട് എന്നതാണ് അവസ്ഥ. ഇങ്ങനെ പദ്ധതികളുടെ എണ്ണം കൂടുന്നതും പരിമിതമായ തുക പല ചെറുപദ്ധതികൾക്കുമായി വീതം വെയ്ക്കേണ്ടി വരുന്നതും നല്ല ഫലമുണ്ടാക്കുന്നില്ല എന്ന് മാത്രമല്ല അനഭിലഷണീയമായ പ്രവണത കൂടിയാണ്. ഇത് മാറ്റി ഭൂരിഭാഗവും സംയുക്ത പ്രോജക്റ്റുകൾ - ജില്ലാ ഗ്രാമ, ബ്ലോക്ക് പഞ്ചായത്ത് പങ്കാളിത്തമുള്ളത് മുന്നോട്ടു കൊണ്ടുവന്ന് പദ്ധതിപ്രവർത്തനങ്ങളെ കൂടുതൽ ജനോപകാരപ്രദമാക്കാൻ എല്ലാവരും ശ്രദ്ധിക്കണം. ചരിത്രത്തിലാദ്യമായി നമ്മുടെ സംസ്ഥാനത്ത് ജില്ലാ പദ്ധതികൾക്ക് രൂപം നൽകിയിട്ടുണ്ട്. ഓരോ ജില്ലയ്ക്കും പ്രത്യേകമായ വികസന കാഴ്ചപ്പാട് ഉണ്ടായിരിക്കുന്നു. ജില്ലാ പദ്ധതികൾ രൂപീകരിക്കുമ്പോഴും ഗ്രാമ-ബ്ലോക്ക് തലങ്ങളുമായി സംയോജനത്തിൽ പ്രോജക്റ്റുകൾ ആവിഷ്ക്കരിക്കാൻ ശ്രദ്ധിക്കണം.

2017-18 ലെ നേട്ടങ്ങളിൽ നിന്നും ലഭിച്ച ഊർജ്ജം 2018-19 ൽ കൂടുതൽ ഉയരങ്ങളിലെത്തുന്നതിന് പ്രേരകമാകണം. ലോകത്തിനു തന്നെ മാതൃകയായ ജനകീയാസൂത്രണത്തെ അടുത്ത തലത്തിലേക്ക് കൈപിടിച്ചുയർത്താൻ വരും വർഷങ്ങളിൽ നമുക്ക് കഴിയണം. അതിന്

(1) ഓരോ തദ്ദേശസ്വംയഭരണ സ്ഥാപനവും വളരെ പുതുമയുള്ള സംരംഭങ്ങൾക്ക് തുടക്കം കുറിക്കണം.
(2) പദ്ധതികൾ രൂപീകരിക്കുമ്പോൾ അത് ആവർത്തനമായി മാറാതെ ശ്രദ്ധിക്കണം. നൂതന സംരംഭങ്ങൾക്ക് പ്രാമുഖ്യം കൊടുക്കാൻ ഓരോ തദ്ദേശസ്ഥാപനവും ശ്രമിക്കണം.
(3) പൊതുവിഭാഗം ഫണ്ട് ചെലവിനേക്കാളും ഉയർന്ന ചെലവ് SCP, TSP മേഖലകളിൽ കൈവരിക്കണം.
(4) സംയോജിത പദ്ധതികൾക്ക് രൂപം നൽകണം.
(5) ഭൂമിയുള്ള എല്ലാവർക്കും ഭവനമെന്ന ലൈഫ് മിഷന്റെ 2018-19 വർഷത്തെ ഉദ്ദേശലക്ഷ്യം സമ്പൂർണ്ണമായി സാക്ഷാത്ക്കരിക്കണം.
(6) പദ്ധതിചെലവ് 100% എന്ന ലക്ഷ്യത്തിലെത്തുവാനും അതോടൊപ്പം ഗുണമേന്മ ഉറപ്പുവരുത്തുവാനും എല്ലാവരും ആത്മാർത്ഥതയോടെ ഐക്യപ്പെട്ട് നീങ്ങണം.

വരുംവർഷങ്ങളിലും ഇതിന്റെ ചുവടുപിടിച്ച് ഊർജ്ജം സംഭരിച്ച് കൂടുതൽ മികച്ച പ്രവർത്തനങ്ങൾ കാഴ്ചവെയ്ക്കാൻ നമുക്കാകും. ഇതിനാകട്ടെ നമ്മുടെ ഭാവി ശ്രദ്ധകളെല്ലാം.

**സ്ഥാനക്കയറ്റങ്ങളുടെ ചുരുക്കം**
(2016 ഡിസംബർ മുതൽ)

| | |
|---|---|
| പഞ്ചായത്ത് ജോയിന്റ് ഡയറക്ടർ | 4 |
| പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ | 2 |
| പഞ്ചായത്ത് അസി. ഡയറക്ടർ | 15 |
| സെക്രട്ടറി | 473 |
| അസി.സെക്രട്ടറി/ജൂനി. സൂപ്രണ്ട് | 586 |
| ഹെഡ് ക്ലാർക്ക് | 555 |
| അക്കൗണ്ടന്റ് | 513 |
| സീനിയർ ക്ലാർക്ക് | 837 |



# വികസന നേട്ടങ്ങൾക്കൊപ്പം – ഉറച്ച ചുവടുകളോടെ




**കെ. രാമചന്ദ്രൻ ഐ.എ.എസ്**

ഗ്രാമവികസന കമ്മിഷൻ


പദ്ധതി നിർവ്വഹണത്തിൽ കേരളത്തിലെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ സർവ്വകാല റെക്കോർഡ് കൈവരിച്ച വർഷമാണ് കടന്നു പോകുന്നത്. 92.49 ശതമാനമാണ് ഈ വർഷത്തെ പദ്ധതിച്ചെലവ്. വാർഷിക പദ്ധതിയിൽ വകയിരുത്തിയ 792.50 കോടി രൂപയിൽ 708.44 കോടിയും ചെലവഴിച്ച്, ബ്ലോക്ക് പഞ്ചായത്തുക്കൾ ഈ നേട്ടത്തിനൊപ്പം നിന്നു. സാമ്പത്തിക വർഷം അവസാനിച്ച മാർച്ച് 31-ന് ബ്ലോക്ക് പഞ്ചായത്തുകളുടെ പദ്ധതിച്ചെലവ് 89.39 ശതമാനത്തിൽ എത്തി. 2016-17 ലെ 69.61 ശതമാനത്തിൽ നിന്നാണ് ഈ കുതിപ്പ്. മികച്ച ആസൂത്രണവും ചിട്ടയായ നിർവ്വഹണവും ഈ അഭിമാനകരമായ കണക്കുകൾക്ക് പിന്നിലുണ്ട്. പതിവിൽ നിന്ന് വ്യത്യസ്തമായി, 2017-18 ലെ പദ്ധതി നിർവ്വഹണത്തിന് പത്ത് മാസത്തോളം സമയം ലഭിച്ചു. പതിമൂന്നാം പഞ്ചവൽസര പദ്ധതിയുടെ സമയ ഘടനയും ഊന്നലുകളും മുൻനിർത്തിയുള്ള ഉന്നതതല റിവ്യൂകൾ ബ്ലോക്ക് പഞ്ചായത്തുകളിലെ വികസന പ്രവർത്തനങ്ങൾക്ക് ഗതിവേഗവും ബോധവും പകർന്നു.

മുഴുവൻ ഭവനരഹിത കുടുംബങ്ങൾക്കും പാർപ്പിടം ലഭ്യമാക്കുകയെന്ന ലക്ഷ്യത്തിലേക്ക് കേരളം ചുവടുവയ്ക്കുകയാണ്. പിഎംഎവൈ മുതലായ കേന്ദ്ര പദ്ധതികൾ ലൈഫ് പദ്ധതിക്കു കീഴിൽ സംയോജിപ്പിച്ചാണ് സംസ്ഥാനം സമ്പൂർണ്ണ പാർപ്പിട സുരക്ഷയിലേക്ക് നീങ്ങുന്നത്. വിവിധ പദ്ധതികളിൽ ഉൾപ്പെടുത്തി ആദ്യ ഗഡുവെങ്കിലും അനുവദിച്ചതും പൂർത്തീകരണത്തിനു മുൻപ് മുടങ്ങിപ്പോയതുമായ വീടുകളുടെ പൂർത്തീകരണത്തിനുള്ള പ്രോജക്ടുകളുടെ നിർവ്വഹണം ഗ്രാമവികസന വകുപ്പിന്റെ അടിസ്ഥാന നിർവ്വഹണ വിഭാഗമായ വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർമാരുടെ ചുമതലയിൽ നടക്കുകയാണ്. 2018-19 മുതൽ പുതിയ വീടുകളുടെ നിർമ്മാണത്തിനുള്ള പ്രോജക്ടുകൾ നടപ്പിലാവും. 2015-16ൽ ഇന്ദിര ആവാസ് യോജനയിൽ ബാക്കിയുണ്ടായിരുന്ന 65277 വീടുകളിൽ 52868 എണ്ണവും പൂർത്തിയായിക്കഴിഞ്ഞു. ബാക്കിയുള്ള 12409 വീടുകളുടെ നിർമ്മാണം പുരോഗമിച്ചു വരികയാണ്. ഇതിനു പുറമേ, 2016-17ൽ പ്രധാനമന്ത്രി ആവാസ് യോജന (ഗ്രാമീൺ) പദ്ധതിയുടെ ഭാഗമായി, 13161 വീടുകൾ അനുവദിച്ചു. ഇതിൽ 8250 വീടുകൾ പൂർത്തിയായി. 2017-18 ൽ അനുവദിച്ച 3124 വീടുകളിൽ 500 എണ്ണത്തോളം അതേ വർഷം തന്നെ പൂർത്തിയായി. നിർദ്ദിഷ്ട സമയത്തിനുള്ളിൽ മുഴുവൻ വീടുകളും പൂർത്തീകരിക്കാൻ കഴിയുമെന്ന് ഇതുവരെയുള്ള നിർവ്വഹണ പുരോഗതി വ്യക്തമാക്കുന്നു.

കേന്ദ്ര പദ്ധതിയായ പിഎംഎവൈയുടെ യൂണിറ്റ് തുക സംസ്ഥാന സർക്കാർ 4 ലക്ഷമാക്കി ഉയർത്തി ലൈഫുമായി ഏകീകരിച്ചത പദ്ധതിയെ കൂടുതൽ

ആകർഷകമാക്കിയിട്ടുണ്ട്.

ഗ്രാമവികസന വകുപ്പ് നടപ്പിലാക്കുന്ന വിവിധങ്ങളായ കേന്ദ്ര സ്കീമുകളുടെ നിർവ്വഹണത്തിലും ഈ വർഷം മികച്ച പ്രകടനം കാഴ്ചവയ്ക്കാനായി. ഗ്രാമവികസന പ്രവർത്തനങ്ങൾക്ക് പുതിയ ദിശാബോധം കൈവന്നു. ബ്ലോക്ക് പഞ്ചായത്തുകളുടെ വാർഷിക പ്രോജക്ടുകളും കേന്ദ്ര- സംസ്ഥാന സർക്കാരുകളുടെ വിവിധങ്ങളായ വികസന സ്കീമുകളും തമ്മിലുള്ള സമ്പൂർണ്ണ ഉദ്ഗ്രഥനമാണ് ഈ വർഷത്തെ വികസന നേട്ടങ്ങൾക്ക് അടിത്തറയായത്. സംസ്ഥാന സർക്കാരിന്റെ ഹരിത കേരളം മിഷൻ ജനങ്ങളുടെ മനോഭാവവും വികസന മുൻഗണനകളും മാറ്റിപ്പണിയുന്നതിന് ഈ കാലയളവിൽ കേരളം സാക്ഷിയായി. മണ്ണും ജലവും ജൈവസമ്പത്തും സംരക്ഷിക്കാനുള്ള പ്രവർത്തനത്തിൽ, ഗ്രാമ -ബ്ലോക്ക് - ജില്ലാ പഞ്ചായത്തുകൾ ഒറ്റക്കെട്ടായി നിന്നപ്പോൾ, ബ്ലോക്ക് പഞ്ചായത്തുകൾ അതത് ബ്ലോക്കുകളിൽ ഈ പ്രവർത്തനങ്ങളുടെ കാര്യക്ഷമമായ ഏകോപനം ഉറപ്പു വരുത്തി. ഹരിത കേരളം കാമ്പെയിൻ മഹാത്മാഗാന്ധി

ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിക്ക് നൽകിയ പുതിയ ദിശാബോധം വഴി കേരളത്തിൽ ഒരു പാരിസ്ഥിതിക വിപ്ലവത്തിന് നാന്ദി കുറിച്ചു. അഴുക്കടിഞ്ഞും ചളിമൂടിയും കിടന്ന വരട്ടാർ നദിയടക്കം നിരവധി നദികളും ആറുകളും കൈത്തോടുകളും മഹാത്മാ ഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പു പദ്ധതിയുടെ ഭാവനാപൂർണ്ണമായ സംയോജനത്തിലൂടെ പുനരുജ്ജീവിപ്പിച്ചു. ബ്ലോക്ക് തല ആക്ഷൻ പ്ലാനുകളുടെ അടിസ്ഥാനത്തിൽ, സംസ്ഥാനത്തെ എല്ലാ ഗ്രാമങ്ങളിലും ശുചീകരണ - ജലസംരക്ഷണ പ്രവർത്തനങ്ങൾ നടന്നു. തണ്ണീർത്തടങ്ങൾ ശുചിയാക്കി. അതത് പ്രദേശങ്ങളുടെ ആവശ്യത്തിനും പ്രത്യേകതകൾക്കു മനുസരിച്ച്, നീർത്തോടുകളുടെ സംയോജനം സാധ്യമാക്കി.

വറ്റിപ്പോയ ജല ഉറവിടങ്ങൾ പ്രാദേശിക ജനകീയ മുന്നേറ്റത്തിലൂടെ പുനഃസൃഷ്ടിച്ച് വർഷം മുഴുവൻ നദികളിലും തോടുകളിലും ജല ലഭ്യത ഉറപ്പാക്കാനുള്ള "ജല പുനർജ്ജനി " എന്ന പദ്ധതി കാസർകോട്, കൽപ്പറ്റ, നെടുങ്കണ്ടം, മലപ്പുറം തുടങ്ങിയ ഇടങ്ങളിൽ ആരംഭിച്ചു കഴിഞ്ഞു.

വിവിധ കേന്ദ്ര -സംസ്ഥാന സ്കീമുകൾ

> '30000 എക്കറിൽ പുതുതായി നെൽകൃഷി തുടങ്ങി. 1194 ഏക്കർ തരിശുഭൂമിയിൽ പച്ചക്കറി കൃഷി വ്യാപിപ്പിച്ചു. സംയോജിത കൃഷി പ്രോത്സാഹനം, വീട്ടുവളപ്പിലും തരിശുഭൂമിയിലും കൃഷി വ്യാപനം, ജൈവകൃഷി പ്രോൽസാഹനം സുരക്ഷിത ഭക്ഷ്യവസ്തുക്കളുടെ ഉൽപ്പാദന വർധനവ് എന്നിവ ലക്ഷ്യമാക്കിയുള്ള പ്രവർത്തനങ്ങൾ നടന്നുവരുന്നു.

സംയോജിപ്പിച്ച് ദീർഘകാല ലക്ഷ്യത്തോടെ നടപ്പിലാക്കിയ പദ്ധതികൾ കേരളത്തിന്റെ ഹരിതസമൃദ്ധി തിരിച്ചു കൊണ്ടു വരികയെന്ന സ്വപ്നത്തിന് പുതുജീവൻ പകർന്നിട്ടുണ്ട്. ഹരിതകേരള ദൗത്യത്തിന്റെ ഭാഗമായി ജലസംരക്ഷണം, ശുചിത്വ പരിപാലനം, മാലിന്യ സംസ്കരണം, കൃഷി വികസനം എന്നിവയിലൂടെ പരിസ്ഥിതിസൗഹൃദ കേരളം സൃഷ്ടിക്കുന്നതിനുള്ള ക്യാമ്പെയിൻ ജനപങ്കാളിത്തം കൊണ്ടു ശ്രദ്ധേയമായി. ഏതാനും സർക്കാർ സ്കീമുകളിലും സന്നദ്ധ സംഘടനകളുടെ മുൻകൈ പ്രവർത്തനങ്ങളിലും സർക്കാർ പരസ്യങ്ങളിലും ഒറ്റപ്പെട്ട ചില പ്രോജക്ടുകളിലും ഒതുങ്ങി നിന്നിരുന്ന പ്രകൃതി സംരക്ഷണത്തിന്റെ സന്ദേശം ഈ കാമ്പെയിനിലൂടെ ജനങ്ങൾ ഏറ്റെടുത്തു. നദികളും നീർത്തോടുകളും സംരക്ഷിക്കുന്നതിനുള്ള സംയോജിത പ്രോജക്ടുകൾ ഈ ജനകീയ കാമ്പെയിന് കരുത്തു പകർന്നു. 7000 കി.മീറ്ററിൽ കൂടുതൽ തോടുകളും 1500 കി.മീറ്ററിൽ അധികം കനാലുകളും ഈ കാലയളവിൽ വൃത്തിയാക്കി. സംയോജിത നീർത്തട വികസന മാസ്റ്റർ പ്ലാനിന്റെ അടിസ്ഥാനത്തിൽ, ഒന്നര ലക്ഷത്തോളം ഏക്കർ വൃഷ്ടിപ്രദേശ പരിപാലനം പൂർത്തിയാക്കി.മറ്റ് വകുപ്പുകളുടെ സഹകരണത്തോടെ, 86 ലക്ഷം വൃക്ഷത്തൈകൾ പാകി വളർത്തി. തൊഴിലുറപ്പു പദ്ധതിയിൽ മാത്രം, 2017-18 വർഷത്തിൽ 3775 നഴ്സറികളിലായി, 1.34 കോടിയിലധികം വൃക്ഷത്തൈകൾ പാകി വളർത്തി. പഞ്ചായത്തെന്നോ ഗ്രാമവികസനമെന്നോ മറ്റ് സർക്കാർ സംവിധാനങ്ങളെന്നോ വ്യത്യാസമില്ലാതെ വിവിധ സ്കീമുകളുടെയും തനത് പ്രോജക്ടുകളുടെയും സമ്പൂർണ്ണ സംയോജനത്തിലൂടെ, ബ്ലോക്ക് തലത്തിൽ ഈ പ്രവൃത്തികളുടെ ഏകോപനം ഉറപ്പുവരുത്താൻ ബ്ലോക്ക് പഞ്ചായത്തുകൾക്കായി.

ഉൽപ്പാദന മേഖലയ്ക്ക് കൂടുതൽ ഊന്നൽ നൽകി വികസന പദ്ധതികൾ ഏറ്റെടുക്കാൻ ഇത് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളെ സഹായിച്ചു. '30000 എക്കറിൽ പുതുതായി നെൽകൃഷി തുടങ്ങി. 1194 ഏക്കർ തരിശുഭൂമിയിൽ പച്ചക്കറി കൃഷി വ്യാപിപ്പിച്ചു. സംയോജിത കൃഷി പ്രോത്സാഹനം, വീട്ടുവളപ്പിലും തരിശുഭൂമിയിലും കൃഷി വ്യാപനം, ജൈവകൃഷി പ്രോൽസാഹനം സുരക്ഷിത ഭക്ഷ്യവസ്തുക്കളുടെ ഉൽപ്പാദന വർധനവ് എന്നിവ ലക്ഷ്യമാക്കിയുള്ള പ്ര



വർത്തനങ്ങൾ നടന്നുവരുന്നു. ഒരു ബ്ലോക്കിൽ ഒരു പഞ്ചായത്ത് എന്ന നിലയിൽ സംസ്ഥാനത്ത് 152 തരിശുരഹിത പഞ്ചായത്ത് എന്ന ലക്ഷ്യത്തോടെയുള്ള പ്രവർത്തനങ്ങളും നടക്കുകയാണ്. ജൈവ പച്ചക്കറി കൃഷിയിലൂടെയുള്ള സുരക്ഷിത ഭക്ഷ്യോൽപ്പാദനം, ശുചിത്വ -മാലിന്യ സംസ്കരണം, ജലസമൃദ്ധി എന്നിവ ഉറപ്പാക്കി 1000 ഗ്രാമങ്ങളെ ഹരിത ഗ്രാമങ്ങളായി പ്രഖ്യാപിക്കാനുള്ള മുന്നൊരുക്ക പ്രവർത്തനങ്ങളും നടന്നുവരുന്നു.

ഹരിത കേരള ദൗത്യത്തിന്റെ ഭാഗമായി, വിപുലമായ ശുചിത്വ ബോധവൽക്കരണ പ്രവർത്തനങ്ങൾക്ക് സംസ്ഥാന ശുചിത്വമിഷൻ ചുക്കാൻ പിടിച്ചു. ശുചിത്വ പരിപാലനം ബോധവൽക്കരണ പ്രവർത്തനങ്ങളിൽ ഒതുങ്ങാതെ പ്രോജക്ടുകളായി മാറുന്നതും സമയബന്ധിതമായ പൂർത്തീകരണത്തിലൂടെ, ഈ പ്രോജക്ടുകൾ ജനങ്ങളുടെ ജീവിതത്തെ സ്വാധീനിക്കുന്നതും നാം കണ്ടു. അജൈവ മാലിന്യ സംസ്കരണത്തിനും തരം തിരിക്കലിനുമുള്ള മെറ്റീരിയൽ കളക്ഷൻ സെന്ററുകൾ, റിസോഴ്സ് റിക്കവറി ഫെസിലിറ്റി സെന്ററുകൾ, ഗാർഹിക ഉറവിട മാലിന്യ സംസ്കരണ യൂണിറ്റുകൾ എന്നിങ്ങനെ ശുചിത്വ കേരളത്തിന്റെ മുഖച്ഛായ മാറ്റുന്ന നിരവധി പ്രോജക്ടുകൾ കേരളത്തിലെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ഏറ്റെടുത്ത് നടപ്പിലാക്കി. ശുചിത്വമിഷന്റെ കൂടി സഹായത്തോടെ, 2 ലക്ഷത്തിലേറെ ഗാർഹിക ശൗചാലയങ്ങളാണ് കഴിഞ്ഞ രണ്ട് വർഷങ്ങൾക്കിടയിൽ നിർമ്മിച്ചത്. സംസ്ഥാനത്തെ എല്ലാ ബ്ലോക്കുകളും വെളിയിട വിസർജനമുക്തമായി 2016-17ൽത്തന്നെ പ്രഖ്യാപിച്ചിരുന്നു.

**ഹരിത കേരള ദൗത്യത്തിന്റെ ഭാഗമായി, വിപുലമായ ശുചിത്വ ബോധവൽക്കരണ പ്രവർത്തനങ്ങൾക്ക് സംസ്ഥാന ശുചിത്വമിഷൻ ചുക്കാൻ പിടിച്ചു. ശുചിത്വ പരിപാലനം ബോധവൽക്കരണ പ്രവർത്തനങ്ങളിൽ ഒതുങ്ങാതെ പ്രോജക്ടുകളായി മാറുന്നതും സമയബന്ധിതമായ പൂർത്തീകരണത്തിലൂടെ, ഈ പ്രോജക്ടുകൾ ജനങ്ങളുടെ ജീവിതത്തെ സ്വാധീനിക്കുന്നതും നാം കണ്ടു.**

മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ, 2017-18 വർഷത്തിൽ, 2422.85 കോടി രൂപ ചെലവഴിച്ച്, 6.19 കോടി തൊഴിൽ ദിനങ്ങൾ സൃഷ്ടിച്ചു. നിലവിൽ 33.51 ലക്ഷം കുടുംബങ്ങൾക്ക് തൊഴിൽ കാർഡുണ്ട്. തൊഴിലാളികളുടെ എണ്ണം 51.79 ലക്ഷത്തിൽ എത്തി. ഇതിൽ 21.48 ലക്ഷം തൊഴിലാളികൾ, തൊഴിലുറപ്പ് പ്രവൃത്തികളെ കാര്യമായി ആശ്രയിക്കുന്ന സജീവ ( active) തൊഴിലാളികളാണ്. നിലവിലെ സ്ഥിതിവിവരങ്ങൾ വച്ച്, ഇതിൽ 14.82 ശതമാനം പട്ടികജാതിക്കാരും 3.98 ശതമാനം പട്ടികവർഗക്കാരുമാണ്. 2017-18 വർഷത്തിൽ 1,17,335 കുടുംബങ്ങൾ നൂറ് ദിവസം പ്രവൃത്തിയെടുത്തു.

ഗ്രാമീണ റോഡുകൾ നിർമ്മിക്കുന്ന കേന്ദ്ര പദ്ധതിയായ പ്രധാൻമന്ത്രി ഗ്രാമസഡക് യോജനയിൽ, 2016-17 ൽ 322.42 കി മീറ്റർ ദൈർഘ്യം വരുന്ന 134 റോഡുകളും 2017-18 ൽ 354.96 കി മീറ്റർ വരുന്ന 52 റോഡുകളും പണി തീർന്നു.

ജനകീയാസൂത്രണത്തിന്റെ രണ്ടാം ഘട്ടം ഗ്രാമവികസനത്തിന്റെ കൂടി സുവർണ്ണകാലഘട്ടമാവുകയാണ്. വികസന വകുപ്പുകളുടെ വിഭജനത്തിനപ്പുറത്ത്, വികസന- ക്ഷേമ പ്രോജക്ടുകളുടെ സമ്പൂർണ്ണ സംയോജനത്തിലേക്ക് സംസ്ഥാനത്തെ തദ്ദേശസ്വയംഭരണം നീങ്ങുകയാണ്. ഗ്രാമവികസന വകുപ്പിന്റെ കാര്യക്ഷമതയും ജീവനക്കാരുടെ നിസ്വാർത്ഥ പരിശ്രമവും ഈ മാറ്റത്തിന് മുതൽക്കൂട്ടാവുന്നതിൽ ചാരിതാർത്ഥ്യമുണ്ട്.






# കുടുംബശ്രീയും തദ്ദേശസ്ഥാപനങ്ങളും



**എസ്. ഹരികിഷോർ ഐഎഎസ്**
എക്സിക്യൂട്ടീവ് ഡയറക്ടർ, കുടുംബശ്രീ

കേരള സർക്കാരിന്റെ ദാരിദ്ര്യനിർമ്മാർജ്ജന മിഷനാണ് കുടുംബശ്രീ. 1998-ൽ തുടങ്ങിയ ഈ മിഷൻ 20-ാം വർഷത്തിലേക്ക് കടക്കുകയാണ്. കഴിഞ്ഞ 20 വർഷങ്ങളിൽ ലഘുസമ്പാദ്യ ശീലത്തിലൂടെയും സംരംഭങ്ങൾ തുടങ്ങാൻ പ്രേരിപ്പിച്ചും കാർഷിക മൃഗസംരക്ഷണ മേഖലയിൽ പുതിയ തുടക്കങ്ങൾ കുറിച്ചുകൊണ്ടും പ്രാദേശിക സാമ്പത്തിക വികസനം യാഥാർത്ഥ്യമാക്കിയും ആശ്രയ, ബഡ്സ് തുടങ്ങിയ പദ്ധതികൾക്ക് നേതൃത്വം നൽകിക്കൊണ്ടും സാമൂഹികമായി പിന്നാക്കം നിൽക്കുന്ന വിഭാഗങ്ങൾക്കായി പ്രത്യേക ശാക്തീകരണ പ്രവർത്തനങ്ങൾ നടത്തിയും സാമൂഹിക വികസനം ഉറപ്പാക്കിയും സ്ത്രീശാക്തീകരണ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകി തുല്യനീതി ലഭ്യമാക്കാൻ ശ്രമിച്ചും കുടുംബശ്രീ പ്രവർത്തനം മുന്നേറിക്കൊണ്ടിരിക്കുകയാണ്. 2.77 ലക്ഷം അയൽക്കൂട്ടങ്ങളിലായി 43 ലക്ഷം കുടുംബങ്ങളാണ് ഇന്ന് കുടുംബശ്രീയിൽ ഉള്ളത്.

തദ്ദേശ സ്ഥാപനങ്ങളുമായുള്ള സംയോജനമാണ് കുടുംബശ്രീ പ്രവർത്തനങ്ങളുടെ അടിത്തറ. ഗ്രാമസഭകളും അയൽക്കൂട്ടങ്ങളും വാർഡു സഭകളുംകുടുംബശ്രീ ഏരിയ ഡവലപ്മെന്റ് സൊസൈറ്റിയും പഞ്ചായത്തും സി.ഡി.എസും തമ്മിൽ സംയോജിക്കുന്ന തലത്തിലാണ് കുടുംബശ്രീയുടെ ഘടന.

കുടുംബശ്രീയുടെ പ്രവർത്തനവും തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെ പ്രവർത്തനവും പരസ്പരം യോജിച്ചു പോകുമ്പോൾ വലിയൊരു മാറ്റമാണ് പ്രാദേശിക തലത്തിൽ ഉണ്ടാകുക. പഞ്ചായത്തിന്റെ പദ്ധതികൾക്ക് അർഹരായ ഗുണഭോക്താക്കളെ കണ്ടെത്താൻ കുടുംബശ്രീ നെറ്റ്വർക്കിലൂടെ സാധിക്കുന്നു. ഏറ്റവും അർഹതയുള്ള ആളുകളിലേക്ക് പദ്ധതിയെത്തുമ്പോൾ വികസനം അതിന്റെ യഥാർത്ഥ അർത്ഥത്തിൽ സാധ്യമാകുന്നു. കൂടാതെ പഞ്ചായത്തിന്റെ പദ്ധതികൾ, പ്രത്യേകിച്ച് വനിതാ ഘടക പദ്ധതി ഉൾപ്പെടെയുള്ള സാമൂഹ്യരംഗത്തെ പദ്ധതികൾ, നടപ്പിലാക്കാനുള്ള ഏജൻസിയായി കുടുംബശ്രീ മാറുമ്പോൾ പദ്ധതികൾ സമയബന്ധിതമായി നടപ്പാക്കാനും സാധിക്കുന്നു. ഇതിനുപരിയായി അയൽക്കൂട്ടങ്ങളിൽ നിന്നും ഉയർന്നുവരുന്ന പ്രാദേശിക ഡിമാന്റ് സ്വരൂപിച്ച് പഞ്ചായത്തിനു കൈമാറി ഉചിതമായ തലത്തിൽ പ്ലാൻ രൂപീകരിക്കാൻ പഞ്ചായത്തുകളെ സഹായിക്കാനും കുടുംബശ്രീക്ക് കഴിയും. ഈ സംയോജനം സാധ്യമാകുന്ന തരത്തിലും കുടുംബശ്രീയുടെ ദൈനംദിന പ്രവർത്തന ങ്ങൾക്കും സ്വതന്ത്ര പ്രവർത്തനത്തിനും തടസ്സമില്ലാത്ത രീതിയിലും പ്രവർത്തിക്കാൻ ഇടം നൽകുന്ന രീതിയിലാണ് കുടുംബശ്രീയുടെ ബൈലോ തയ്യാറാക്കിയിട്ടുള്ളതും.

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുമായി ചേർന്ന് ദാരിദ്ര്യ നിർമ്മാർജന പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നതു വഴി വലിയൊരു സാമൂഹ്യ വിപ്ലവമാണ് ക

ടുംബശ്രീയിലൂടെ കേരളത്തിൽ സംഭവിച്ചിട്ടുള്ളത്. തൊഴിൽ സംരംഭങ്ങളോ, സംഘകൃഷിയോ, അഗതിരഹിത കേരളം പദ്ധതിയോ, സ്ത്രീശാക്തീകരണ പ്രവർത്തനങ്ങളോ ആകട്ടെ തദ്ദേശസ്ഥാപനവും കുടുംബശ്രീയും കൈകോർക്കുമ്പോൾ മികച്ച ആശയങ്ങൾ ഉണ്ടാവുകയും അത് നടപ്പിലാവുകയും ചെയ്യുന്നു. കുടുംബശ്രീ 20-ാം വർഷത്തിലേക്കു പ്രവേശിക്കുന്ന ഈ അവസരത്തിൽ കൂടുതൽ ശക്തമായ ലിങ്കേജോടു കൂടി തദ്ദേശസ്ഥാപനങ്ങളുമായി സംയോജനം സാധ്യമാക്കേണ്ടതാണ്. നിരവധി തദ്ദേശസ്ഥാപനങ്ങൾ കുടുംബശ്രീയിലൂടെ നടപ്പിലാക്കാൻ പ്രോജക്ടുകൾ വയ്ക്കുന്നുണ്ടെങ്കിലും അത് സാധ്യമായ എല്ലാ മേഖലകളിലേക്കും വ്യാപിപ്പിക്കുവാനും കൂടുതൽ പദ്ധതികളിലേക്കും പുതിയ ആശയങ്ങൾ നടപ്പിലാക്കുന്നതിലേക്കും വികസിക്കാൻ ഇനി പ്രത്യേക ശ്രദ്ധ നൽകണം.

## 15 മുൻഗണനാ മേഖലകൾ

2018-19 സാമ്പത്തിക വർഷം മുതൽ കുടുംബശ്രീയും പഞ്ചായത്തുകളുമായി ചേർന്നു പ്രവർത്തിക്കാനുള്ള 15 മുൻഗണനാ മേഖലകൾ ചുരുങ്ങിയ വാക്കുകളിൽ താഴെ കൊടുക്കുന്നു. ഇവയ്ക്ക് പ്രാധാന്യം നൽകിക്കൊണ്ട് മറ്റുള്ള എല്ലാ പ്രവർത്തനങ്ങൾക്കും സംയോജനം സാധ്യമാക്കി പ്രവർത്തിച്ചാൽ മികച്ച തദ്ദേശസ്ഥാപനമായി മാറാൻ ഓരോ പഞ്ചായത്തിനും എളുപ്പം സാധിക്കും.

**1. ഹരിതകർമ്മസേന** - വീടുകളിൽ നിന്നും പ്ലാസ്റ്റിക്കും മറ്റ് അജൈവ മാലിന്യങ്ങളും നീക്കം ചെയ്ത് റിക്കവറി സെന്ററിൽ വച്ച് തരംതിരിച്ച് പ്ലാസ്റ്റിക് ഷ്രെഡിംഗിലൂടെ റീസൈക്കിൾ ചെയ്യുന്ന കുടുംബശ്രീ യൂണിറ്റുകൾ ഹരിതകേരള മിഷന്റെ ഭാഗമായി ഓരോ പഞ്ചായത്തിലും വന്നാൽ മാലിന്യത്തിൽ നിന്നും മോചനവും പാവപ്പെട്ടവർക്ക് വരുമാനവും ലഭിക്കുന്ന തലത്തിൽ മാറ്റമുണ്ടാക്കാൻ പറ്റും. 25,000-ഓളം പേർക്ക് കുടുംബശ്രീയുടെ നേതൃത്വത്തിൽ ശുചിത്വ മിഷന്റെയും കിലയുടെയും ആഭിമുഖ്യത്തിൽ പരിശീലനം നൽകിവരുന്നു.

**2. അഗതിരഹിത കേരളം** - അർഹരായ എല്ലാ അഗതി കുടുംബങ്ങളെയും ഉൾപ്പെടുത്തി അവർക്കാവശ്യമായ പ്രോജക്ടുകൾ വിഭാവനം ചെയ്യാനും അവ കുടുംബശ്രീയിൽ



നിന്നും നൽകുന്ന ചലഞ്ച് ഫണ്ട് ഉൾപ്പെടെ ലഭ്യമാക്കി നടപ്പിലാക്കാനും സംയോജനത്തിലൂടെ സാധിക്കണം.

**3. സിമന്റ് ഇഷ്ടിക നിർമ്മാണം** - വീടില്ലാത്തവർക്ക് വീടു നിർമ്മിച്ചു നൽകുന്ന പദ്ധതി എല്ലാ പഞ്ചായത്തുകളും നടപ്പിലാക്കുന്നു. എന്നാൽ നിർമ്മാണ സാമഗ്രികളുടെ വിലക്കയറ്റം മൂലം പലപ്പോഴും പണം കണ്ടെത്താൻ ഗുണഭോക്താക്കൾ വിഷമിക്കുന്ന സാഹചര്യത്തിൽ തൊഴിലുറപ്പു പദ്ധതിയിൽ ചേർത്തുകൊണ്ട് സിമന്റ് ഇഷ്ടിക നിർമ്മിക്കുന്ന കുടുംബശ്രീ യൂണിറ്റുകൾ ഉണ്ടാക്കുകയും സാധാരണക്കാർക്ക് കുറഞ്ഞ നിരക്കിൽ ഇഷ്ടികകൾ നൽകാൻ സാധിക്കുകയും ചെയ്യും.

**4. നിർമ്മാണ യൂണിറ്റുകൾ** - കുടുംബശ്രീയും പഞ്ചായത്തും കൈകോർത്തു മുന്നോട്ടു കൊണ്ടുപോകാൻ സാധിക്കുന്ന മറ്റൊരു മേഖലയാണ് നിർമ്മാണ യൂണിറ്റുകൾ. നിലവിൽ 250-ലധികം സ്ത്രീകൾക്ക് കെട്ടിടനിർമ്മാണത്തിന് പരിശീലനം നൽകുകയും ഇവർ അമ്പതോളം യൂണിറ്റുകൾ രൂപീകരിച്ച് പ്രവർത്തിക്കുകയും ചെയ്യുന്നു. 75 ലക്ഷം രൂപയിലധി





കം വരുന്ന നിർമ്മാണ പ്രവൃത്തികൾ ഈ യൂണിറ്റുകൾ ഏറ്റെടുത്തു കഴിഞ്ഞു. തദ്ദേശസ്ഥാപനങ്ങളിലെ വിവിധ നിർമ്മാണങ്ങളും ഗുണഭോക്താക്കൾ വഴി ചെയ്യുന്ന വീടുകളുടെ നിർമ്മാണവും ഏറ്റെടുത്താൽ സാധാരണക്കാർക്ക് സമയബന്ധിതമായി വീടു നിർമ്മിക്കാൻ പറ്റുകയും കുടുംബശ്രീ ഗ്രൂപ്പുകൾക്ക് വരുമാനം ലഭിക്കുകയും ചെയ്യും.

**5. സംഘകൃഷി** – 3 ലക്ഷത്തോളം വനിതാ കർഷകർ 60,000-ലധികം കൃഷിസംഘങ്ങളായി (ജോയിന്റ് ലയബിലിറ്റി ഗ്രൂപ്പുകൾ) 50,000 ഹെക്ടറിലധികം സ്ഥലത്ത് ഇന്ന് കേരളത്തിൽ കൃഷി ചെയ്തുവരുന്നു. ഈ സംഘങ്ങളിലൂടെ തരിശുരഹിത പഞ്ചായത്ത് എന്ന സ്വപ്നമോ, പച്ചക്കറിയിലെ സ്വയംപര്യാപ്തതയോ, മൂല്യവർദ്ധിത ഉല്പന്നങ്ങളുടെ നിർമ്മാണമോ ഒക്കെ പഞ്ചായത്തിന് ലക്ഷ്യമിടാം.

**6. എബിസി ഗ്രൂപ്പുകൾ** – തെരുവുനായ ശല്യത്തിന് ഒരു പരിഹാരമായി കുടുംബശ്രീ ആനിമൽ ബർത്ത് കൺട്രോൾ ഗ്രൂപ്പുകൾ ഇന്ന് കേരളത്തിൽ പ്രവർത്തിക്കുന്നു. 5 ജില്ലകളിലായി കഴിഞ്ഞ ഒരു വർഷത്തിനിടയിൽ 10,000-ഓളം തെരുവു നായ്ക്കളെ പിടിച്ച് മൃഗാശുപത്രികൾ വഴി വന്ധ്യംകരണം നടത്തി ഒരു കോടിയിൽപ്പരം രൂപ ഈ ഗ്രൂപ്പുകൾ നേടുകയുണ്ടായി.

**7. ആരോഗ്യ ജാഗ്രത** – ശുചിത്വം ശീലമാക്കി, കൊതുക് പരത്തുന്ന രോഗങ്ങൾക്കും മറ്റു പകർച്ചവ്യാധികൾക്കുമെതിരെ ബോധവൽക്കരണം നൽകാനും വീടുകൾ തോറും കയറി കൊതുകുകളുടെ ഉറവിടം നശിപ്പിക്കാനും അതുവഴി സമൂഹത്തിന്റെ ആരോഗ്യം ഉറപ്പാക്കാനും വേണ്ട പ്രചാരണ പ്രവർത്തനങ്ങൾ കുടുംബശ്രീ വഴി തദ്ദേശസ്ഥാപനങ്ങൾക്ക് പ്രാവർത്തിക മാക്കാം.

**8. ഇറച്ചിക്കോഴി വളർത്തൽ** – ഹോർമോൺ കുത്തിവച്ചു വളർത്തുന്ന ഇറച്ചിക്കോഴികളിൽ നിന്നും മോചനം നേടി 'കേരള ചിക്കൻ' തുടങ്ങാൻ മൃഗസംരക്ഷണ വകുപ്പുമായി ചേർന്ന് കുടുംബശ്രീ പദ്ധതി തുടങ്ങി. ഒരു ദിവസം പ്രായമായ 1000 കോഴിക്കുഞ്ഞുങ്ങളെ കർഷകന് നൽകി 45 ദിവസം കഴിയുമ്പോൾ തിരിച്ചെടുക്കുന്ന ഈ പദ്ധതി പഞ്ചായത്തിന്റെ കൂടെ നേതൃത്വമുണ്ടെങ്കിൽ എല്ലാ പഞ്ചായത്തിലും 10 യൂണിറ്റു വീതം തുടങ്ങാൻ സാധിക്കും. 48,500/- രൂപയാണ് 45 ദിവസത്തെ കോഴിവളർത്തലിൽ നിന്നും (1000 കോഴിയെ വളർത്തൽ) ലഭിക്കുന്ന വരുമാനം.

**9. കയർ യൂണിറ്റുകൾ** – നാളികേരത്തിന്റെ നാട്ടിൽ ചകിരിച്ചോറ് ഇറക്കുമതി ചെയ്യുന്നത് ഒഴിവാക്കാനും കയറിലൂടെ ഒരു വരുമാനം സ്ത്രീകൾക്ക് നേടിയെടുക്കാനും കുടുംബശ്രീ -പഞ്ചായത്ത് കയർ യൂണിറ്റുകൾക്ക് സാധിക്കും. കേരളത്തിലെ 500 പഞ്ചായത്തുകളിൽ ഇത്തരം യൂണിറ്റുകൾ സ്ഥാപിക്കാനാണ് ബജറ്റിൽ വിഭാവനം ചെയ്തിട്ടുള്ളത് എന്നതിനാൽ സാധ്യമായ എല്ലാ പഞ്ചായത്തിലും കയർ യൂണിറ്റുകൾ തുടങ്ങാനുള്ള നടപടികൾ തുടങ്ങേണ്ടതുണ്ട്.

**10. നാനോ മാർക്കറ്റുകൾ** – കുടുംബശ്രീ ഉല്പന്നങ്ങളുടെ വിപണനം കൂടുതൽ ജനങ്ങളിലേക്കെത്തിക്കാൻ നാനോ മാർക്കറ്റുകൾ (ഉല്പന്നങ്ങൾ ലഭിക്കുന്ന ഒരു അലമാര) എല്ലാ പഞ്ചായത്തുകളിലും തുടങ്ങാവുന്നതാണ്. നാടൻ ഉല്പന്നങ്ങൾ കുറഞ്ഞ വിലയിൽ ഗുണഭോക്താക്കൾക്ക് ലഭിക്കാൻ ഈ പ്രവർത്തനം കൊണ്ട് സാധിക്കും. പഞ്ചായത്ത് ഓഫീസിലോ മറ്റ് പ്രൈവറ്റ് സൂപ്പർ മാർക്കറ്റുകളിലോ ഒക്കെ ഇത്തരം നാനോ മാർക്കറ്റ് തുടങ്ങാവുന്നതാണ്.

**11. കിണർ റീചാർജിംഗ്** – മൺസൂണിനെ ആശ്രയിക്കുന്ന കേരളത്തിന് മഴവെള്ളം സംഭരിക്കുന്നതും കിണർ റീചാർജ് ചെയ്യുന്നതും ആവശ്യമായി വന്നുകൊണ്ടിരിക്കുകയാണ്. തൊഴിലുറപ്പ് പദ്ധതിയുമായി സംയോജിപ്പിച്ച് കിണർ റീചാർജ് ചെയ്യുന്ന കുടുംബശ്രീ യൂണിറ്റുകൾ ഓരോ പഞ്ചായത്തിലും തുടങ്ങിയാൽ പ്രകൃതി സംരക്ഷണവും തൊഴിൽ ദിനങ്ങളുടെ വർദ്ധനവും സ്ത്രീകളിലേക്ക് വരുമാനം ഒരുമിച്ച് നേടാൻ പറ്റും.

**12. വയോജന പരിപാലനം** – കുടുംബശ്രീയുടെ നേതൃത്വത്തിൽ മികച്ച പരിശീലനം ലഭിച്ച വയോജന പരിപാലന യൂണിറ്റുകൾ (ജെറിയാട്രിക് കെയർ എക്സിക്യൂട്ടീവ്സ്) തുടങ്ങുന്നത് പരിഗണനയിലാണ്. ഓരോ പഞ്ചായത്തിലും ആവശ്യമനുസരിച്ച് പരിശീലനത്തിനായുള്ള ആളുകളെ തെരഞ്ഞെടുക്കാൻ കേരളത്തിൽ ഒരു പുതിയ മുന്നേറ്റം സംയോജനത്തിലൂടെ സാധ്യമാകും.

2017 – 18 ൽ കുടുംബശ്രീക്ക് അനുവദിച്ച പദ്ധതി തുകയായ 161 കോടി പൂർണമായും ചെലവഴിച്ചു. വരും വർഷം പഞ്ചായത്തുകളുമായി ചേർന്ന് ദാരിദ്ര്യ നിർമ്മാർജന പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നതിന് കൂടുതൽ ശ്രദ്ധ ചെലുത്തും.

# സാങ്കേതിക പിന്തുണ മഹത്തരം

**സീറാം സാംബശിവ റാവു ഐ.എ.എസ്**
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ

തദ്ദേശ സ്വയം ഭരണ സ്ഥപനങ്ങളുടെ പദ്ധതി ചെലവിൽ കേരളം ചരിത്രം സൃഷ്ടിച്ചതിൽ ഇൻഫർമേഷൻ കേരള മിഷൻ വഹിച്ച പങ്ക് ചെറുതല്ല. കേരളത്തിലെ മുഴുവൻ തദ്ദേശഭരണ സ്ഥാപനങ്ങളിലെയും ഇ-ഗവേണൻസ് പ്രവർത്തനങ്ങൾ ഇൻഫർമേഷൻ കേരള മിഷന്റെ നേതൃത്വത്തിലാണ് നിർവ്വഹിച്ചു വരുന്നത്. തദ്ദേശഭരണ സ്ഥാപനങ്ങളിൽ ഇ-ഗവേണൻസ് നടപ്പിലാക്കിയതുവഴി ഉദ്യോഗസ്ഥരുടെ ജോലി ഭാരം ഗണ്യമായി കുറയ്ക്കുന്നതിനും അതുവഴി പൊതുജനങ്ങൾക്ക് കൂടുതൽ മെച്ചപ്പെട്ട സേവനം വേഗത്തിലും സുതാര്യവും കാര്യക്ഷമവുമായി നല്കുന്നതിനും സാധിക്കുന്നു.


പദ്ധതി മാർഗ്ഗരേഖ അനുസരിച്ച് തദ്ദേശഭരണ സ്ഥാപനങ്ങളുടെ പദ്ധതി രൂപീകരണം, അംഗീകാരം, ചെലവു വിവരങ്ങൾ തുടങ്ങിയവ വെബ് അധിഷ്ഠിതമായി (www.plan.lsgkerala.gov.in) സുലേഖ സോഫ്റ്റ്‌വെയറിലൂടെയാണ് പൂർണ്ണമായി നിർവഹിച്ചു വരുന്നത്.

പ്രസ്തുത സോഫ്റ്റ്‌വെയറിലൂടെ ഇക്കഴിഞ്ഞ വർഷം പദ്ധതി ചെലവിന്റെ കാര്യത്തിൽ സംസ്ഥാനത്തിന് ചരിത്ര വിജയം നേടാൻ കഴിഞ്ഞു. മുൻവർഷങ്ങളിൽ നിന്നും വിഭിന്നമായി ഇക്കഴിഞ്ഞ വർഷം ജില്ലാ ആസൂത്രണ സമിതിയിൽ നിന്നും അംഗീകാരം നേടിയതിനു ശേഷം വെറ്റിംഗ് പ്രക്രിയകൾ നടത്തിയതിലൂടെ, പദ്ധതി അംഗീകാരത്തിനുള്ള കാലതാമസം ഒഴിവാക്കുന്നതിനും നിർവ്വഹണത്തിനുവേണ്ടി സമയം പൂർണ്ണതോതിൽ ഉപയോഗപ്പെടുത്തുന്നതിനുമുള്ള സൗകര്യങ്ങൾ ഐ.കെ.എം സുലേഖ സോഫ്റ്റ്‌വെയറിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.



പദ്ധതി നിർവ്വഹണവുമായി ബന്ധപ്പെട്ടുള്ള മീറ്റിംഗുകൾക്കും റിവ്യൂകൾക്കും ആവശ്യമായ വിവിധ റിപ്പോർട്ടുകൾ എല്ലാ തലത്തിലുമുള്ള ഉദ്യോഗസ്ഥർക്കും സുലേഖ സോഫ്റ്റ്‌വെയറിൽ നിന്നും ലഭ്യമാണ്. ഓരോ തദ്ദേശഭരണ സ്ഥാപനങ്ങളുടെയും പദ്ധതി പുരോഗതി സംബന്ധിച്ച സ്റ്റാറ്റസ് അറിയുന്നതിനായി അതാത് ദിവസങ്ങളിൽ സ്ഥാപന മേധാവികൾക്കും വകുപ്പ് തലവന്മാർക്കും SMS നല്കുന്നതിനുള്ള സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. കൂടാതെ തദ്ദേശഭരണ സ്ഥാപനങ്ങളിലെ സാങ്കേതിക തടസ്സങ്ങൾ കാരണമുണ്ടാകുന്ന സമയ നഷ്ടം ഒഴിവാക്കുന്നതിനായി അത് സമയബന്ധിതമായി പരിഹരിക്കുന്നതിനുവേണ്ട നടപടികൾ ഐ.കെ.എം സ്വീകരിച്ചിട്ടുണ്ട്.

ഐ.കെ.എം വികസിപ്പിച്ചിട്ടുള്ള സാംഖ്യ സോഫ്റ്റ്‌വെയർ (തദ്ദേശഭരണ സ്ഥാപനങ്ങളിലെ അക്കൗണ്ടിംഗ് സോഫ്റ്റ്‌വെയർ) സുലേഖ സോഫ്റ്റ്‌വെയറുമായും സാംഖ്യ സോഫ്റ്റ്‌വെയർ ട്രഷറിയുമായും ബന്ധിപ്പിക്കുകവഴി ധനകാര്യ സ്ഥാപനങ്ങളുടെയും ധനകാര്യ ഇടപാടുള്ള അക്കൗണ്ടുകളുടെയും മാസ്റ്ററുകൾ അപ്ഡേറ്റ് ചെയ്യുന്നതിനും ഓൺലൈൻ ബിൽ ട്രഷറിയിൽ സമർപ്പിക്കുന്നതിനും തുക ഉപഭോക്താക്കളുടെ ബാങ്ക് അക്കൗണ്ടിൽ നേരിട്ടെത്തിക്കുന്നതിനുമുള്ള സംവിധാനം ഐ.കെ.എം നടപ്പിലാക്കിയതിനാൽ തദ്ദേശഭരണ സ്ഥാപനങ്ങളിലെ പദ്ധതി നിർവ്വഹണം കാര്യക്ഷമമായും വിജയകരമായും പൂ



ർത്തിയാക്കുന്നതിന് കഴിഞ്ഞിട്ടുണ്ട്.

തദ്ദേശഭരണ വെബ്സൈറ്റിലെ ഡാഷ്ബോർഡിൽ നിന്നും പദ്ധതി വിഹിതം, പദ്ധതി ചെലവ്, പദ്ധതി ചെലവ് ശതമാനം, ട്രഷറി പെൻഡിംഗ് ബില്ല്, ചെലവ് വിവരങ്ങൾ, ശതമാന വിവരങ്ങൾ തുടങ്ങിയ റിപ്പോർട്ടുകൾ ലഭ്യമാണ്. ഇതിനു പുറമേ പദ്ധതി വിഹിതവും ചെലവും ജില്ലാതല ചെലവ് ശതമാനം, ആഴ്ചതോറുമുള്ള പദ്ധതി പുരോഗതി, ട്രഷറി ബിൽ സ്റ്റാറ്റസ്, തദ്ദേശഭരണ സ്ഥാപനതരം തിരിച്ചുള്ള പദ്ധതി ചെലവ് തുടങ്ങി വിവിധങ്ങളായ ഗ്രാഫുകളും ഡാഷ്ബോർഡിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. പ്രസ്തുത വിവരങ്ങൾ വെബ്സൈറ്റിൽ ലഭ്യമായതിനാൽ എല്ലാ തലത്തിലുമുള്ള ഉദ്യോഗസ്ഥർക്കും സ്ഥാപന മേധാവികൾക്കും വകുപ്പ് തലവൻമാർക്കും തത്സമയം തന്നെ പദ്ധതി പുരോഗതി വിലയിരുത്തുന്നതിനും ആവശ്യമായ നിർദ്ദേശങ്ങൾ നല്കുന്നതിനും സാധിച്ചിട്ടുണ്ട്.

ജനകീയാസൂത്രണ പദ്ധതികളുടെ രൂപീകരണവും മോണിറ്ററിംഗും എൽ.എസ്.ജി.ഡി എന്റർപ്രൈസ് സൊല്യൂഷനിലൂടെ നിലവിൽ പദ്ധതി രൂപീകരണം മുതലുള്ള പ്രവർത്തനങ്ങളാണ് സുലേഖ സോഫ്റ്റ്‌വെയറിലൂടെ നിർവ്വഹിക്കുന്നത്. എന്നാൽ ഐ.കെ.എം പുതിയതായി പൊതുജന പങ്കാളിത്തം ഉറപ്പുവരുത്തുന്ന തരത്തിൽ വികസിപ്പിച്ചുവരുന്ന ഏകജാലക എൽ.എസ്.ജി.ഡി എന്റർപ്രൈസ് സൊല്യൂഷനിലൂടെ പദ്ധതി നിർവ്വഹണവുമായി ബന്ധപ്പെട്ട് ഗ്രാമസഭയിലെ പ്രവർത്തനങ്ങൾ മുതൽ അവലോകനവും വിലയിരുത്തലും വരെ ജനങ്ങൾക്ക് വിരൽത്തുമ്പിൽ ലഭ്യമാക്കുന്നതിനുള്ള പ്രവർത്തനങ്ങൾ പുരോഗതിയിലാണ്.

കേരളത്തിലെ തദ്ദേശഭരണ സ്ഥാപനങ്ങളുടെ പദ്ധതി നിർവ്വഹണ പ്രവർത്തനങ്ങൾ ഇൻഫർമേഷൻ കേരള മിഷന്റെ പ്രവർത്തനഫലമായി പൂർണ്ണമായും ഓൺലൈനായി നിർവ്വഹിച്ചതു കാരണം മറ്റ് സംസ്ഥാനങ്ങളെ അപേക്ഷിച്ച് പദ്ധതി പുരോഗതി തത്സമയം വിലയിരുത്തി പദ്ധതി ചെലവ് പൂർണ്ണമായി ഉപയോഗപ്പെടുത്തിയതിനാലാണ് കേരളത്തിനു ഈ ചരിത്ര നേട്ടം കൈവരിക്കാൻ കഴിഞ്ഞിട്ടുള്ളത്. പുതിയതായി തയ്യാറാക്കുന്ന എൽ.എസ്.ജി.ഡി എന്റർപ്രൈസ് ഏകജാലക സൊല്യൂഷനിലൂടെ തദ്ദേശഭരണ സ്ഥാപനങ്ങളിൽ പുതിയതായി ഉൾപ്പെടുത്തേണ്ടതും കൂടുതൽ ചെലവു ചെയ്യേണ്ടതുമായ പദ്ധതികളെ ജനപങ്കാളിത്തത്തോടുകൂടി വിലയിരുത്തി പദ്ധതി നിർവ്വഹണത്തിൽ കൂടുതൽ നേട്ടങ്ങൾ കൈവരിക്കാൻ സാധിക്കുന്നതാണ്.

### വിവിധ വിഭാഗങ്ങളിലെ ചെലവ്

(രൂപ കോടിയിൽ)

| വിഭാഗം | ബഡ്ജറ്റ് തുക | ചെലവ് | ചെലവ് ശതമാനം |
|---|---|---|---|
| ജനറൽ | 3305.54 | 2749.50 | 83.18 |
| എസ്.സി.പി | 1172.25 | 929.85 | 79.32 |
| റ്റി.എസ്.പി | 175.58 | 135.76 | 77.32 |
| റ്റി.എഫ്.സി | 1541.12 | 1181.51 | 76.67 |

### വിവിധ സ്ഥാപനങ്ങളിലെ പദ്ധതിചെലവ്

| സ്ഥാപനം | ബഡ്ജറ്റ് തുക | ചെലവ് | ചെലവ് % |
|---|---|---|---|
| ജില്ലാ പഞ്ചായത്ത് | 792.5 | 563.19 | 71.06 |
| ബ്ലോക്ക് പഞ്ചായത്ത് | 792.45 | 708.44 | 89.40 |
| ഗ്രാമപഞ്ചായത്ത് | 3044.82 | 2760.10 | 90.65 |
| മുനിസിപ്പാലിറ്റി | 889.01 | 735.54 | 82.74 |
| കോർപ്പറേഷൻ | 675.87 | 525.44 | 77.74 |





# ഗ്രാമീണജീവിതം മാറ്റിമറിച്ച തൊഴിലുറപ്പ്

**ഡോ. മിത്ര റ്റി. ഐ.എ.എസ്**
മിഷൻ ഡയറക്ടർ

സംസ്ഥാനത്ത് നടപ്പിലാക്കി വരുന്ന വളരെയധികം ജനോപകാരപ്രദമായ ഒരു കേന്ദ്രാവിഷ്കൃത പദ്ധതിയാണ് മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി. ഗ്രാമീണ ജനതയുടെ ജീവിതത്തിൽ തൊഴിലുറപ്പ് പദ്ധതിയിലൂടെ കൈവന്ന നേട്ടങ്ങൾ 100 ദിനങ്ങളിലെ ഉറപ്പായ അവിദഗ്ധവേതനം നൽകുന്ന സാമ്പത്തിക സുരക്ഷിതത്വത്തിൽ മാത്രം ഒതുങ്ങുന്നതല്ല. കൂടുതലും സ്ത്രീതൊഴിലാളികൾ പ്രയോജനപ്പെടുത്തുന്ന ഈ പദ്ധതി കുടുംബത്തിന് നൽകുന്ന അധിക വരുമാനം കുട്ടികളുടെ വിദ്യാഭ്യാസത്തിനും സമ്പാദ്യത്തിനും വഴിയൊരുക്കുന്നു. സ്വന്തമായി അധ്വാനിച്ച നേടിയ പണം ചിലവഴിക്കാൻ അവസരം ഒരുങ്ങുന്നതു വഴി വനിതകൾക്ക് അഭിമാനപൂർവ്വം സമൂഹത്തിൽ ഇടപെടുന്നതിന് അവസരം ഒരുങ്ങുന്നതും ഈ പദ്ധതിയുടെ നേട്ടം തന്നെ. അതു വഴി സമൂഹത്തിന്റെ ഉന്നമനത്തിനും വളർച്ചയ്ക്കും ഇതു കാരണമാകുന്നു.

2008 സാമ്പത്തികവർഷത്തിൽ സംസ്ഥാനത്താകമാനം നിർവ്വഹണം തുടങ്ങിയ ഈ പദ്ധതി നടപ്പ് സാമ്പത്തിക വർഷത്തിൽ 10 വർഷത്തെ നിർവ്വഹണം പൂർത്തിയാക്കുകയാണ്. ഈ അവസരത്തിൽ തൊഴിലുറപ്പ് പദ്ധതിയുടെ സമീപകാല നേട്ടങ്ങളും മുന്നോട്ടുള്ള യാത്രയിലെ ലക്ഷ്യങ്ങളും സംബന്ധിച്ച് പറയട്ടെ.



സംസ്ഥാനത്തിന്റെ 2017-18 ലെ ലേബർ ബഡ്ജറ്റ് പ്രകാരം 450 ലക്ഷം തൊഴിൽദിനങ്ങൾ സൃഷ്ടിക്കുന്നതിനാണ് കേന്ദ്രസർക്കാർ അനുമതി നൽകിയത്. എന്നാൽ 16.04.2018 വരെ സംസ്ഥാനം 619.51 ലക്ഷം തൊഴിൽദിനങ്ങൾ സൃഷ്ടിച്ച് ലേബർ ബഡ്ജറ്റിന്റെ 137.67 % നേട്ടം കൈവരിച്ചു.

2014-15, 2015-16 എന്നീ കാലയളവിൽ സംസ്ഥാനത്ത് സമയബന്ധിതമായി 15% കൂലിതുക മാത്രമേ നൽകുവാൻ സാധിച്ചിട്ടുള്ളൂ. എന്നാൽ 2016-17 സാമ്പത്തിക വർഷം 73.24% തുകയും, 2017-18 സാമ്പത്തിക വർഷം 97.26% കൂലിയും സമയബന്ധിതമായി നൽകുന്നതിന് സാധിച്ചിട്ടുണ്ട്. ഈ പ്രവർത്തനം ഏറ്റവും ഭംഗിയായി രാജ്യത്ത് നടപ്പാക്കുന്ന ആദ്യത്തെ മൂന്ന് സംസ്ഥാനങ്ങളിൽ കേരളവും ഉൾപ്പെട്ടിട്ടുണ്ട്.

2017-18 സാമ്പത്തിക വർഷം പദ്ധതിയിൽ ഏറ്റെടുത്ത മറ്റ് പ്രവർത്തനങ്ങൾ:

- ഹരിതകേരളം പദ്ധതിയുടെ ഭാഗമായി വ്യാപകമായ തോതിൽ ജലസംരക്ഷണ പ്രവർത്തനങ്ങൾ ഏറ്റെടുക്കുകയും 7423 കുളങ്ങൾ പുതുതായി നിർമ്മിക്കുവാൻ സാധിച്ചു. 4791 കുളങ്ങളുടെ നിർമ്മാണം പുരോഗമിക്കുന്നു.
- ജലസുഭിക്ഷ പദ്ധതിയുടെ ഭാഗമായി 16665 കിണറുകൾ മേൽക്കൂര മഴവെള്ള സംഭരണത്തിലൂടെ റീചാർജ്ജ് ചെയ്തു.
- പുതുതായി 16404 കിണറുകളുടെ



നിർമ്മാണം പൂർത്തിയാക്കുകയുണ്ടായി.

- ഹരിതകേരളം പദ്ധതിയുടെ ഭാഗമായി 2018 ജൂൺ 5 ന് നടുന്നതിനായി സംസ്ഥാനത്ത് ഒരു വർഷം പ്രായമുള്ള 2 കോടി ഫലവൃക്ഷത്തൈകൾ മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൻ കീഴിൽ നഴ്സറികൾ സ്ഥാപിച്ച് തയ്യാറാക്കി വരുന്നു. ജില്ലകളിൽ നിലവിലുള്ള സാധ്യത അനുസരിച്ച് നഴ്സറികൾ സ്ഥാപിച്ച് 2.29 കോടി ഫലവൃക്ഷത്തൈകൾ ഉത്പാദിപ്പിക്കുന്നതിനുവേണ്ടി സർക്കാർ ഉത്തരവാകുകയുണ്ടായി. തുടർന്ന്, നാളിതുവരെ വിവിധ ജില്ലകളിലായി 3969 നഴ്സറികൾ സ്ഥാപിച്ച് 1.42 കോടി വൃക്ഷത്തൈകൾ ഉല്പാദിപ്പിക്കുവാൻ കഴിഞ്ഞിട്ടുണ്ട്.
- 2017 ഒക്ടോബർ മാസം 17-ാം തീയതി ആലപ്പുഴയിൽ വച്ച് സംഘടിപ്പിച്ച 'കയർ കേരള 2017'ൽ സംസ്ഥാനത്തെ പഞ്ചായത്തുകൾ സജീവമായി പങ്കെടുക്കുകയും മണ്ണ്-ജലസംരക്ഷണ പ്രവർത്തനങ്ങൾക്കായി തൻ വർഷം 101 കോടി രൂപ വിലമതിക്കുന്ന കയർഭൂവസ്ത്രം വാങ്ങിയ്ക്കുന്നതിന് ധാരണാപത്രം ഒപ്പിടുകയും അതിനെ തുടർന്ന് പദ്ധതിയിൻ കീഴിൽ കയർഭൂവസ്ത്രം ഉപയോഗിച്ച് 34.43 ലക്ഷം ചതുരശ്രമീറ്റർ സ്ഥലത്ത് 3610 പ്രവൃത്തികൾ ഏറ്റെടുക്കുവാൻ കഴിഞ്ഞിട്ടുണ്ട്.
- 150 അങ്കണവാടി കെട്ടിടങ്ങളുടെ നിർമ്മാണം ആരംഭിക്കുകയും അതിൽ 13 എണ്ണം പൂർത്തിയാക്കുകയും ചെയ്തിട്ടുണ്ട്.
- 12470 വ്യക്തിഗത ശൗചിമുറികൾ നിർമ്മിച്ച് നൽകുകയും 10211 എണ്ണത്തിന്റെ നിർമ്മാണം പുരോഗമിക്കുകയും ചെയ്യുന്നു.
- 152 ഗ്രാമീണ സ്റ്റേഡിയങ്ങളുടെ നിർമ്മാണം പൂർത്തീകരിച്ചു. 75 എണ്ണത്തിന്റെ നിർമ്മാണം നടന്നു വരുന്നു.
- ഉറവിട മാലിന്യ സംസ്കരണത്തിന്റെ ഭാഗമായി 3770 കമ്പോസ്റ്റ് യൂണിറ്റുകൾ തൊഴിലുറപ്പ് പദ്ധതിയിൻ കീഴിൽ നിർമ്മിക്കുകയുണ്ടായി. 1628 എണ്ണത്തിന്റെ നിർമ്മാണം നടക്കുന്നു.
- 16915 ഗ്രാമീണ റോഡുകളുടെ നിർമ്മാണ പ്രവർത്തനങ്ങൾ തൊഴിലുറപ്പ് പദ്ധതിയിൽ ഏറ്റെടുക്കുകയും അതിൽ 8305 റോഡുകളുടെ നിർമ്മാണം പൂർത്തിയാക്കുകയും ചെയ്തു.

## തൊഴിലുറപ്പ് പദ്ധതിയിൽ വരും വർഷത്തേക്കുള്ള പദ്ധതികൾ

2018-19 സാമ്പത്തികവർഷത്തിൽ 5.5 കോടി തൊഴിൽദിനങ്ങൾ സൃഷ്ടിക്കുന്നതിനുള്ള അനുമതിയാണ് കേന്ദ്രസർക്കാർ മുൻകൂറായി അംഗീകരിച്ചിട്ടുള്ളത്.

സംസ്ഥാനത്തിന്റെ നിലവിലെ ആവശ്യങ്ങൾക്കനുസരിച്ച് തൊഴിലുറപ്പ് പദ്ധതിയിൽ ഒരു പത്തിന കർമ്മപരിപാടിയാണ് 2018-19 സാമ്പത്തികവർഷത്തേക്ക് ആവിഷ്കരിച്ചിട്ടുള്ളത്. ദശകർമ്മ എന്ന ഈ പദ്ധതിയിൽ ചുവടെ പറയുന്ന ഇനങ്ങൾക്ക് നടപ്പ് വർഷത്തിൽ പ്രാധാന്യം നൽകുന്നതിന് ഉദ്ദേശിക്കുന്നു.

1. പട്ടികവർഗ്ഗ കുടുംബങ്ങൾക്ക് കുറഞ്ഞത് 100 ദിനം തൊഴിൽ ഉറപ്പ് വരുത്തുക - ഏറ്റവും പാർശ്വവൽക്കരിക്കപ്പെട്ട ജനവിഭാഗങ്ങളെക്കൂടി വികസ നത്തിന്റെ പാതയിലേയ്ക്കെത്തിക്കുന്നത് തൊഴിലുറപ്പ് പദ്ധതിയുടെ പ്രധാന ലക്ഷ്യങ്ങളിൽ പെടുന്നു. അതിന്റെ ഭാഗമായാണ് നടപ്പ് സാമ്പത്തികവർഷം പട്ടികവർഗ്ഗക്കാർക്ക് പദ്ധതി മുഖേന ഉറപ്പുനൽകിയിട്ടുള്ള 100 തൊഴിൽ ദിനങ്ങൾ കൂടാതെ അധികമായി 100 തൊഴിൽ ദിനങ്ങൾ ലഭ്യമാക്കുന്നതിനായി കേരള പ്ലസ് പദ്ധതി മുഖേന 12.40 കോടി രൂപ സംസ്ഥാനസർക്കാർ വകയിരുത്തിയിട്ടുണ്ട്. കൂടാതെ പദ്ധതി മുഖേനയുള്ള വേതന വിതരണത്തിൽ കാലതാമസം ഒഴിവാക്കുന്നതിനായി പട്ടികവർഗ്ഗ വിഭാഗത്തിന് മുൻകൂർ കൂലി വിതരണം നടത്തുന്നതിനുള്ള സൗകര്യം ഏർപ്പെടുത്തുന്നതിനായി 11.12 കോടി രൂപയുടെ കോർപ്പസ് ഫണ്ട് കൂടി സംസ്ഥാനസർക്കാർ രൂപീകരിച്ചിട്ടുണ്ട്.
2. തൊഴിലുറപ്പ് പദ്ധതി മുഖേന പാർപ്പിടസൗകര്യവും ഉപജീവനമാർഗ്ഗങ്ങളും ഉറപ്പുവരുത്തുക - തൊഴിലുറപ്പ് പദ്ധതിമുഖേന കേന്ദ്രാവിഷ്കൃത ഭവനപദ്ധതികൾക്ക് തൊഴിൽസഹായം നൽകുന്നതിന് നിലവിൽ പ്രവൃത്തികൾ ഏറ്റെടുക്കപ്പെടുന്നുണ്ട്. സംസ്ഥാനസർക്കാരിന്റെ ഭവന പദ്ധതിയായ ലൈഫ് മിഷനുമായി ചേർന്ന് കൂടുതൽ ഊർജ്ജിതമായി ഭവനനിർമ്മാണ മേഖലയിൽ സഹായം എത്തിക്കുന്നതിന് നടപ്പുവർഷം പദ്ധ

തികൾ തയ്യാറാക്കിയിട്ടുണ്ട്. നിലവിൽ ഭവനനിർമ്മാണത്തിൽ ഏർപ്പെട്ടിരിക്കുന്ന ഗുണഭോക്താക്കൾ ക്ക് നൽകിവരുന്ന 90 തൊഴിൽദിനങ്ങൾ കൂടാതെ വീടുകളുടെ നിർമ്മാണത്തിന് ആവശ്യമായ കട്ട, കട്ടിള, ജനൽ എന്നിവ തൊഴിലുറപ്പ് പദ്ധതി മുഖേന ഉത്പാദിപ്പിച്ച് ആവശ്യക്കാർക്ക് സൗജന്യമായി എത്തിക്കുന്നതിനും പദ്ധതിയിട്ടിട്ടുണ്ട്. കൂടാതെ തൊഴിലുറപ്പ് പദ്ധതി മുഖേന നൽകിവരുന്ന ഉപജീവനാസ്തി നിർമ്മാണത്തിനുള്ള സഹായം ഭവനപദ്ധതികളുടെ ഗുണഭോക്താക്കൾക്ക് ലഭ്യമാക്കാവുന്നതാണ്.

3. സ്വയംസഹായ സംഘങ്ങൾക്ക് ഉപജീവനമാർഗ്ഗം കണ്ടെത്തുന്നതിന് ആവശ്യമായ പൊതു ആസ്തികൾ നിർമ്മിക്കൽ - കുടുംബശ്രീയുടെ സഹകരണത്തോടെ സ്വയംസഹായസംഘങ്ങൾക്കുള്ള വിപണനകേന്ദ്രങ്ങളുടെ നിർമ്മാണം, ഗോഡൗണുകൾ, പാൽസംഭരണ കേന്ദ്രങ്ങൾ എന്നിവ നടപ്പുവർഷം തൊഴിലുറപ്പ് പദ്ധതിമുഖേന പ്രത്യേകമായി ഏറ്റെടുക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്.
4. നീർത്തട പരിപാലന പ്രവൃത്തികൾ
5. അങ്കണവാടി നിർമ്മാണം
6. ജീവസമൃദ്ധി - തൊഴിലുറപ്പ് മുഖേനയുള്ള വനവത്കരണ പദ്ധതി 'ഹരിത കേരളം' മിഷനുമായി ബന്ധപ്പെട്ട് നടപ്പിലാക്കി വരുന്നു. 2018 ലെ പരിസ്ഥിതി ദിനത്തോടനുബന്ധിച്ച് 2 കോടി ഫലവൃക്ഷത്തൈകൾ നടുന്നതിന് സർക്കാർ തലത്തിൽ തീരുമാനമെടുത്തതനുസരിച്ച് ആയത് ഫലപ്രാപ്തിയിലെത്തിക്കാനുള്ള ശ്രമങ്ങൾ എല്ലാ ജില്ലകളിലും ഊർജ്ജിതമായി നടന്നുവരികയാണ്. തൈകൾ നട്ടതിനുശേഷം അവയുടെ തുടർപരിപാലനം ഉറപ്പുവരുത്തേണ്ടത് വളരെയധികം പ്രധാനമാണ്. തൊഴിലുറപ്പ് പദ്ധതിമുഖേന സൗകര്യമൊരുക്കിയിട്ടുണ്ട്. 2018-19 ൽ വൃക്ഷം നടീൽ പ്രവർത്തനങ്ങൾ ഊർജ്ജിതപ്പെട്ടുത്തേണ്ടത് അനിവാര്യമാണ്. കേരളത്തെ ഹരിതാഭമാക്കാൻ ഉള്ള ഒരു വലിയ പ്രയത്നമായിരിക്കും തൊഴിലുറപ്പ് പദ്ധതി മുഖേന നടപ്പിലാക്കുന്ന ഈ പ്രകൃതിസംരക്ഷണ പ്രവർത്തനങ്ങൾ.
7. വർഷതാളം - തൊഴിലുറപ്പ് പദ്ധതി മുഖേന ജലസംരക്ഷണത്തിനും പൊതുകുളങ്ങളുടെ നിർമ്മാണം/പുനരുദ്ധാരണത്തിനും ഊന്നൽ നൽകേണ്ടതുണ്ട്. വരൾച്ചയെ നേരിടാനുള്ള വളരെ പ്രാധാന്യം അർഹിക്കുന്ന പ്രവർത്തനങ്ങളാണിത്.
8. നാണ്യവിളകളായ റബ്ബർ, തെങ്ങ് എന്നിവയുടെ വികസനം (തെരഞ്ഞെടുത്ത ഗ്രാമപഞ്ചായത്തുകളിൽ)
9. പദ്ധതിയുടെ നിർവ്വഹണത്തിൽ സുതാര്യത ഉറപ്പുവരുത്തുന്നതിനുള്ള നടപടിക്രമങ്ങൾ
10. വനംവകുപ്പുമായുള്ള സംയോജനത്തിലൂടെ വനമേഖലയിൽ പരിസ്ഥിതി സംരക്ഷണ പ്രവൃത്തികൾ ഏറ്റെടുക്കുക

തൊഴിലുറപ്പ് പദ്ധതിയുടെ ഗുണഫലങ്ങളിൽ പങ്കാളികളാകുന്നതോടൊപ്പം പദ്ധതിയിൽ ഏറ്റെടുക്കപ്പെടുന്ന ഓരോ പ്രവൃത്തിയും നാടിന്റെ വികസനത്തിന് മുതൽക്കൂട്ടാകുന്ന ഒരു ആസ്തി സൃഷ്ടിക്കുന്നു എന്ന് ഉറപ്പുവരുത്തുക കൂടിയാകണം വരും വർഷത്തിൽ ഈ പദ്ധതിയിൽ പങ്കാളിയാകുന്ന ഓരോരുത്തരുടെയും ലക്ഷ്യം.



**മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി (2017-18) പ്രധാന നേട്ടങ്ങൾ**

(13.04.18 ലെ കണക്കുകൾ പ്രകാരം)

| | | |
|---|---|---|
| തൊഴിൽ ലഭിച്ച കുടുംബങ്ങൾ | : | 13.12 ലക്ഷം |
| സൃഷ്ടിക്കപ്പെട്ട തൊഴിൽദിനങ്ങൾ | : | 619.51 ലക്ഷം |
| 100 ദിവസം തൊഴിൽ ലഭിച്ച കുടുംബങ്ങൾ | : | 117335 |
| തൊഴിൽ ദിനങ്ങളിൽ സ്ത്രീകളുടെ പങ്കാളിത്തം | : | 90.77% |
| തൊഴിൽ ആവശ്യപ്പെട്ട കുടുംബത്തിന് ലഭിച്ച ശരാശരി തൊഴിൽദിനങ്ങൾ | : | 47.23 |
| 2017-18 ലെ അവിദഗ്ധ കൂലി നിരക്ക് | : | 258 |
| ആകെ ലഭ്യമായ കേന്ദ്രവിഹിതം | : | 1854.06 കോടി രൂപ |
| ആകെ ലഭ്യമായ സംസ്ഥാന വിഹിതം | : | 51.1 കോടി രൂപ |
| ആകെ ലഭ്യമായ തുക | : | 1907.38 കോടി രൂപ |
| കൂലിയിനത്തിൽ ചെലവായ തുക | : | 1637.39 കോടി രൂപ |
| സാധനസാമഗ്രികൾക്ക് ചെലവഴിച്ച തുക | : | 186.30 കോടി |
| ആകെ ചെലവഴിച്ച തുക | : | 1908.37 കോടി |
| ആകെ ചെലവഴിച്ച കൂലിയിൽ സമയബന്ധിതമായി കൂലി നൽകുന്നതിന് നടപടി സ്വീകരിച്ചത് | : | 97.40% തുക |

# ലൈഫ്

# രണ്ടര ലക്ഷം ഭവനം ഈ വർഷം


**ഡോ. അദീല അബ്ദുള്ള ഐ.എ.എസ്**

ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, ലൈഫ് മിഷൻ




കേരളത്തിലെ എല്ലാ ഭൂരഹിതരായ ഭവനരഹിതർക്കും സ്വന്തമായി തൊഴിൽ ചെയ്ത് ഉപജീവനം നടത്തുന്നതിനും സാമൂഹിക പ്രകിയകളിൽ മാന്യമായി ഭാഗഭാക്കാകാനും സാമ്പത്തിക സേവനങ്ങൾ ഉൾപ്പെടെ എല്ലാ സാമൂഹിക ക്ഷേമ പദ്ധതികളുടെയും പ്രയോജനം കേന്ദ്രീകരിക്കാനും ഉതകുന്ന സുരക്ഷിതവും അടച്ചുറപ്പുള്ളതുമായ വീടുകൾ ലഭ്യമാക്കുക എന്ന ഉദ്ദേശത്തോടെയാണ് സർക്കാർ ലൈഫ് മിഷൻ പദ്ധതി നടപ്പിലാക്കി വരുന്നത്.

2015-16 സാമ്പത്തിക വർഷംവരെ വിവിധ സർക്കാർ ഭവന നിർമ്മാണ പദ്ധതികൾ പ്രകാരം ഭവന നിർമ്മാണത്തിന് ധനസഹായം ലഭ്യമാക്കിയിട്ടും വ്യത്യസ്ത കാരണങ്ങളാൽ സ്വന്തമായി അടച്ചുറപ്പുള്ള ഒരു കിടപ്പാടം എന്ന സ്വപ്നം പൂർത്തീകരിക്കാൻ കഴിയാത്ത കുടുംബങ്ങൾക്ക് അവരുടെ സ്വപ്ന ഭവനങ്ങൾ യാഥാർത്ഥ്യമാക്കുക എന്നുള്ളതായിരുന്നു ലൈഫ് മിഷൻ പദ്ധതിയുടെ ഒന്നാംഘട്ടത്തിന്റെ ലക്ഷ്യം. ഇത്തരത്തിൽ 61217 പൂർത്തീകരിക്കാത്ത ഭവനങ്ങളിൽ ലൈഫ് മിഷൻ ഏറ്റെടുത്ത് പൂർത്തിയാക്കിയത് 27561 ഭവനങ്ങളാണ്. ബാക്കി ഭവനങ്ങളുടെ നിർമ്മാണ പ്രവർത്തനങ്ങൾ ദ്രുതഗതിയിൽ പുരോഗമിക്കുകയാണ്. മേയ് 31-ന് മുമ്പുതന്നെ അവയുടെ പൂർത്തീകരണം ലക്ഷ്യമാക്കിയുള്ള ചിട്ടയായ പ്രവർത്തനങ്ങളുമായി മിഷൻ മുന്നോട്ടുള്ള പ്രയാണത്തിലാണ്.

തദ്ദേശസസ്വയംഭരണ സ്ഥാപനങ്ങളെ സംബന്ധിച്ചും ഗുണഭോക്താക്കളെ സംബന്ധിച്ചും ലൈഫ് മിഷൻ പദ്ധതി ഒരുആശ്വാസമാണ്. പൂർത്തീകരിക്കാത്ത ഭവനങ്ങൾ എന്ന ശാപത്തിൽ നിന്നും സ്ഥായിയായ മോക്ഷമാണ് ലൈഫ് മിഷൻ പദ്ധതി പ്രദാനം ചെയ്തത്. തുടർന്ന് 2018-19-ൽ ലൈഫ് മിഷൻ രണ്ടാം ഘട്ടത്തിലൂടെ പുതിയൊരു ഉദ്യമത്തിന് തുടക്കം കുറിക്കുകയാണ് - വ്യക്തിഗത ഭവനങ്ങളുടെ നിർമ്മാണം.

ലൈഫ് മിഷന്റെ ഭാഗമായി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ അംഗീകരിച്ച് പ്രസിദ്ധികരിച്ച ഗുണഭോക്തൃ പട്ടികയിലുള്ള രണ്ടര ലക്ഷം ഭൂമിയുള്ള ഭവനരഹിതർക്കും 2018-19 സാമ്പത്തിക വർഷത്തിൽ തന്നെ ഭവന നിർമ്മാണത്തിന് ധനസഹായം ലഭ്യമാക്കുന്നതിനാണ് ഇതിലൂടെ ലക്ഷ്യമിടുന്നത്.

രണ്ടാംഘട്ടത്തിന്റെ ഗുണഭോക്തൃ പട്ടിക തദ്ദേശസ്വയംഭണ സ്ഥാപനങ്ങൾ പ്രസിദ്ധീകരിച്ചു കഴിഞ്ഞതാണെങ്കിലും പട്ടിക തയ്യാറാക്കുന്ന പ്രക്രിയയിൽ മറ്റ് മാനദണ്ഡങ്ങൾ പ്രകാരം അർഹരായവരും എന്നാൽ റേഷൻ കാർഡില്ലാത്ത കാരണത്താൽ ഒഴിവായിപോയവരുമായ അഗതികളെ ഗുണഭോക്താക്കളായി പരിഗണിക്കുന്നതാണ്. റേഷൻ കാർഡില്ല എന്ന കാരണത്താൽ ഒഴിവായിപ്പോയിട്ടുള്ള അർഹരായ അഗതികൾക്ക് റേഷൻ കാർഡ് ലഭ്യമാക്കുന്നതിനുള്ള നടപടികൾ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ സ്വീകരിച്ചുവരികയാണ്. ഇത്തരം സന്ദർഭങ്ങളിൽ പ്രത്യേക പരിശോധന നടത്തി തദ്ദേശസ്വയംഭരണ സ്ഥാപന സമിതിയുടെ ശുപാർശയിൽ ജില്ലാ കളക്ടറുടെ അനുമതിയോടെ പേര് ഗുണഭോക്തൃ പട്ടികയിൽ ചേർക്കുന്നതും തുടർന്ന് ഭവന നിർമ്മാണത്തിന് ധനസഹായം ലഭ്യമാ







ക്കുകയും ചെയ്യുന്നതാണ്.

ലൈഫ് പദ്ധതിയിൽ ഭവനം അനുവദിക്കുന്നത് കുടുംബത്തിനാണ്. ഗൃഹനാഥയുടെ പേരിലായിരിക്കും ഭവനം അനുവദിക്കുന്നത്. ഭാര്യാഭർത്താക്കന്മാരുടെ പേരിൽ സംയുക്തമായും ഭവനം അനുവദിക്കുന്നതാണ്. ഗുണഭോക്താവ് മരണപ്പെട്ടാൽ നിയമാനുസൃത അവകാശിയുടെ പേരിൽ വീട് അനുവദിക്കുന്നതാണ്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ നൽകുന്ന അനുമതിയും ധനസഹായ ഗഡു വിതരണത്തിന്റെയും വിവരങ്ങൾ ലൈഫ് മിഷൻ വെബ്സൈറ്റിൽ അതത് ദിവസം അപ്ഡേറ്റ് ചെയ്യുന്നതാണ്. രണ്ടാംഘട്ടത്തിൽ ഭവന നിർമ്മാണത്തിന് ജനറൽ/പട്ടികജാതി ഗുണഭോക്താവിന് 4 ലക്ഷം രൂപയാണ് ധനസഹായമായി നൽകുന്നത്. പട്ടികവർഗ്ഗ സങ്കേതങ്ങളിലെ പട്ടികവർഗ്ഗ ഗുണഭോക്താക്കൾക്ക് 6 ലക്ഷം രൂപ നിരക്കിൽ ഭവന നിർമ്മാണത്തിന് ധനസഹായം ലഭ്യമാക്കുന്നതാണ്. പട്ടികവർഗ്ഗ സങ്കേതങ്ങൾക്ക് പുറത്ത് താമസിക്കുന്ന പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെടുന്ന ഗുണഭോക്താവിന് 4 ലക്ഷം രൂപയാണ് ധനസഹായമായി ലഭ്യമാക്കുന്നത്.

ധനസഹായം 4 ഗഡുക്കളായാണ് വിതരണം ചെയ്യുന്നത്. അത് 5 ഗഡുക്കളായാണ് പട്ടികവർഗ്ഗ ഗുണഭോക്താക്കൾക്ക് ലഭ്യമാക്കുന്നത്. ഈ ധനസഹായം ഗുണഭോക്താക്കളുടെ ബാങ്ക് അക്കൗണ്ട് വഴിയാണ് അനുവദിക്കുന്നത്. ഒന്നാം ഗഡു വിതരണം ചെയ്ത തീയതി മുതൽ 6 മാസം കൊണ്ട് വീട് നിർമ്മാണം പൂർത്തീകരിക്കേണ്ടതാണ്. 400 ച. അടി തറ വിസ്തീർണ്ണമുള്ള ഭവനമാണ് നിർമ്മിക്കേണ്ടത്. ടൈപ്പ് ഡിസൈൻ പ്രകാരം നിർമ്മിക്കേണ്ട ഈ വീടുകൾക്കായി 12 ഭവന നിർമ്മാണ ഡിസൈനുകൾ ലൈഫ് മിഷൻ വെബ്സൈറ്റിൽ www.lifemission.lsgkerala.gov.in ലഭ്യമാക്കിയിട്ടുണ്ട്. അതിൽ ഏതെങ്കിലും ഒരു ടൈപ്പ് ഡിസൈൻ ഗുണഭോക്താവിന് തെരഞ്ഞെടുക്കുകയും വീട് നിർമ്മിക്കുകയും ചെയ്യാവുന്നതാണ്. ഈ പദ്ധതി പ്രകാരമുള്ള ഭവനങ്ങൾക്ക് കെട്ടിട നിർമ്മാണ അനുമതി ആവശ്യമാണ്. എന്നാൽ പട്ടികവർഗ്ഗ സങ്കേതത്തിൽ താമസിക്കുന്ന പട്ടികവർഗ്ഗ ഗുണഭോക്താക്കൾക്ക് പെർമ്മിറ്റിന്റെ ആവശ്യമില്ല.

ഗുണഭോക്താവിന് രണ്ട് രീതിയിൽ ഭവനം നിർമ്മിക്കാവുന്നതാണ് - നേരിട്ടോ ഏജൻസി മുഖേനയോ. നേരിട്ടുള്ള നിർമ്മാണത്തിൽ ഗുണഭോക്താവ് നേരിട്ട് സാധനസാമഗ്രികളും നിർമ്മാണ സാമഗ്രികളും മറ്റും സംഭരിച്ച് നിർമ്മാണം നടത്തുന്നു. നേരിട്ട് ഭവന നിർമ്മാണം നടത്തുവാൻ കഴിയാത്തവർക്ക് തദ്ദേശ സ്വയംഭരണ സ്ഥാപനം കണ്ടെത്തുന്ന സാമൂഹ്യ പ്രതിബദ്ധതയുള്ള ഏജൻസികൾ/കരാറുകാർ മുഖേന ഗുണഭോക്താക്കളുടെ സമ്മതത്തോടെ ഭവന നിർമ്മാണം നടത്താവുന്നതാണ്. വകുപ്പുകൾ മുഖേന നിർമ്മിക്കുന്ന വീടുകൾക്കും ഈ രീതിതന്നെയാണ് അവലംബിക്കുന്നത്.

മിഷന്റെ രണ്ടാംഘട്ടത്തിൽ ബഹുജന പങ്കാളിത്തവും ഏറെ പ്രതീക്ഷിക്കുന്നുണ്ട്. ഏറ്റവും അർഹരായ ചിലർക്ക് സർക്കാർ നൽകുന്ന ധനസഹായം ലഭ്യമായാലും ഭവന നിർമ്മാണം ആരംഭിക്കുവാനോ പൂർത്തിയാക്കുവാനോ കഴിയാത്ത നിസ്സഹായവസ്ഥ ഉണ്ടായിരിക്കാം. ധനസഹായം ലഭ്യമായാലും സഹായിക്കാൻ ആരുമില്ലാത്തവരും ലഭിക്കുന്ന ധനസഹായത്തിന് പുറമെ ഒരു രൂപ പോലും അധിക ധനസമാഹരണം നടത്താൻ കഴിയാത്തവരും ഈ ഗണത്തിൽപ്പെടും. ഇത്തരക്കാർക്ക് ഒരു കൈത്താങ്ങ് നൽകേണ്ടത് നമ്മുടെ സമൂഹമാണ്. സമൂഹം ഒറ്റക്കെട്ടായി അവരോടൊപ്പം നിൽക്കുമെന്നുതന്നെയാണ് ലൈഫ് മിഷന്റെ പ്രതീക്ഷ.

മേൽപ്പറഞ്ഞതുപോലുള്ള ചിട്ടയായതും സമയബന്ധിതവുമായ പ്രവർത്തനങ്ങളിലൂടെ പദ്ധതിയുടെ രണ്ടാംഘട്ടം 2018-19 സാമ്പത്തികവർഷം തന്നെ വിജയകരമായി പൂർത്തീകരിക്കുവാൻ തദ്ദേശ സ്ഥാപനങ്ങൾ ബഹുജനങ്ങളുടെയും സന്നദ്ധ സംഘടനകളെയും അണിനിരത്തി പ്രവർത്തിക്കുമെന്നും അതിന് 2017-18 ലെ പ്രവർത്തനങ്ങൾ നേടിയ ചരിത്രനേട്ടംപ്രചോദനമാകുമെന്നതും ഉറപ്പാണ്.






# ഹരിതകേരളം മിഷൻ രണ്ടാം വർഷത്തിലേക്ക്

ഹരിതകേരളം മിഷൻ കർമ്മനിരതമായ രണ്ടാം വർഷത്തിലേക്ക് കടന്നിരിക്കുകയാണ്. വെള്ളം, വൃത്തി, വിളവ് എന്നീ കാര്യങ്ങൾ മുൻനിർത്തിയും കേരളത്തിന്റെ ഹരിതസമൃദ്ധിയുടെ വീണ്ടെടുപ്പ് ലക്ഷ്യമിട്ടും രൂപീകൃതമായ ഹരിതകേരളം മിഷൻ ശുചിത്വ - മാലിന്യ സംസ്കരണം, ജലവിഭവസംരക്ഷണം, കൃഷിവികസനം എന്നീ മൂന്നു ഉപദൗത്യങ്ങളിലൂടെയാണ് വൈവിധ്യമാർന്ന പ്രവർത്തനങ്ങൾ സംഘടിപ്പിച്ചു വരുന്നത്.

ശുചിത്വ-മാലിന്യ സംസ്കരണവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾക്ക് ശുചിത്വമിഷനും ജലസംരക്ഷണ പ്രവർത്തനങ്ങൾക്ക് ജലവിഭവ വകുപ്പിന്റെ ഭാഗമായുള്ള ജല ഉപമിഷനും കാർഷിക മേഖലയിലെ പ്രവർത്തനങ്ങൾക്ക് കൃഷി വകുപ്പിന്റെ ഭാഗമായുള്ള ഉപമിഷനുമാണ് നേതൃത്വം നൽകുന്നത്. കുടുംബശ്രീ മിഷൻ, മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി, അയ്യങ്കാളി തൊഴിലുറപ്പ് പദ്ധതി, സാക്ഷരതാ മിഷൻ എന്നിങ്ങനെ വിവിധ ഏജൻസികളുടെ പങ്കാളിത്തവും വിവിധ പ്രവർത്തനങ്ങളുടെ ഏകോപനവും കഴിഞ്ഞ ഒരു വർഷം നടന്ന ഹരിതകേരളം പ്രവർത്തനങ്ങളിൽ സാധ്യമായിട്ടുണ്ട്. എന്നാൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ നേതൃത്വപരമായ പങ്കും സർഗ്ഗാത്മകമായ ഇടപെടലുകളും ഭരണപരവും രാഷ്ട്രീയവുമായ ഇച്ഛാശക്തിയുമാണ് ഹരിതകേരളം എന്ന മഹത്തായ ലക്ഷ്യത്തിലേക്കുള്ള യാത്രയുടെ ഊർജ്ജം.



**ഡോ.ടി.എൻ. സീമ**
എക്സിക്യൂട്ടീവ് വൈസ് ചെയർപേഴ്സൺ
ഹരിതകേരളം മിഷൻ

### ശുചിത്വ-മാലിന്യ സംസ്കരണം

2017 ആഗസ്റ്റ് 15 ന് സംസ്ഥാനത്ത് തുടക്കമിട്ട 'മാലിന്യത്തിൽ നിന്നും സ്വാതന്ത്ര്യം' ക്യാമ്പയിനും അതോടൊപ്പം സംഘടിപ്പിച്ച വിവിധ പ്രവർത്തനങ്ങളും സംസ്ഥാനത്ത് ശുചിത്വ മാലിന്യസംസ്കരണ പ്രവർത്തനങ്ങൾക്ക് ശക്തമായ അടിത്തറ ഒരുക്കി. ഭൂരിഭാഗം തദ്ദേശഭരണ സ്ഥാപനങ്ങളിലും രൂപീകരിച്ച ഹരിതകർമ്മസേന, എം.സി.എഫ്, ആർ.ആർ.എഫ്, ഗ്രീൻ പ്രോട്ടോക്കോൾ നടത്തിപ്പ്, തുടർപ്രചാരണം, ഗൃഹതല സർവ്വേ, അനുബന്ധ വിവരശേഖരണം തുടങ്ങിയ പ്രവർത്തനങ്ങൾ മാലിന്യസംസ്കരണം സംബന്ധിച്ച അവബോധം ജനങ്ങളിലെത്തിക്കാനും അതിനുവേണ്ടിയുള്ള പ്രവർത്തനങ്ങളിൽ പൊതുജന പങ്കാളിത്തം ഉറപ്പാക്കാനും ഉപകരിച്ചു. സംസ്ഥാനത്തുണ്ടായിരുന്ന ശുചിത്വ സംസ്കാരം വീണ്ടെടുക്കണമെന്ന ബോധ്യം സർവ്വതലങ്ങളിലുമെത്തിക്കാനായതും ഇതു സംബന്ധിച്ച് പ്രായോഗിക പ്രവർത്തനങ്ങൾ നടപ്പാക്കാനായതും പ്രധാന നേട്ടമാണ്.

സമഗ്ര ശുചിത്വ-മാലിന്യ സംസ്കരണ പദ്ധതികൾ നടപ്പാക്കാൻ നിരവധി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ മുന്നോട്ട് വന്നിരിക്കുന്നു എന്നത് ഏറ്റവും പ്രതീക്ഷ നൽകുന്നതാണ്. ജില്ലാ ഭരണകൂട ആസ്ഥാനമായുള്ള കലക്ടറേറ്റ് തന്നെ മാ

തുകാപരമായ ശുചിത്വ മാലിന്യ സംസ്കരണ രീതികൾ അവലംബിക്കുന്ന അനുഭവം കാസർഗോഡും മലപ്പുറത്തും എറണാകുളത്തുമെല്ലാം കാണാൻ കഴിയും. നേരത്തെതന്നെ ഉറവിട മാലിന്യ സംസ്കരണവും ഖരമാലിന്യ സംസ്കരണവും ഫലപ്രദമായി നടപ്പാക്കുന്ന കമളി, കരുളായി, ചെമ്പിലോട് പോലെയുള്ള ഗ്രാമപഞ്ചായത്തുകൾക്കും പെരിന്തൽമണ്ണ, നോർത്ത് പറവൂർ, പുനലൂർ പോലെയുള്ള നഗരസഭകൾക്കും ഒപ്പം നിരവധി ഗ്രാമപഞ്ചായത്തുകളും നഗരസഭകളും പുതുതായി സമഗ്ര ശുചിത്വ-മാലിന്യ സംസ്കരണ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകുന്ന കാഴ്ചയാണ് കാണാൻ കഴിയുന്നത്. മാലിന്യത്തിന്റെ അളവ് കുറയ്ക്കുക എന്ന ലക്ഷ്യത്തോടെയുള്ള ഹരിത ചട്ടം (ഗ്രീൻ പ്രോട്ടോക്കോൾ) നടപ്പാക്കാൻ വൈവിദ്ധ്യപൂർണ്ണമായ പ്രവർത്തനങ്ങൾ നടപ്പാക്കുന്ന കോളയാട് പഞ്ചായത്ത്, കൊല്ലം നഗരസഭ, തിരുവനന്തപുരം നഗരസഭ അടക്കമുള്ള നിരവധി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ സംസ്ഥാനത്തുണ്ട്. നിരവധി തദ്ദേശഭരണ സ്ഥാപനങ്ങളിൽ കുടുംബശ്രീയുടെ കൂടി സഹകരണത്തോടെ സ്വാപ് ഷോപ്പുകൾ നല്ല നിലയിൽ പ്രവർത്തിക്കുന്നുണ്ട്.

## ജലസംരക്ഷണം പരിപാലനം

ജലവിഭവ സംരക്ഷണം ഈ കാലഘട്ടത്തിന്റെ അനിവാര്യതയാണ്. ജലം കരുതലോടെ ഉപയോഗിക്കണമെന്ന സന്ദേശവും ജലസ്രോതസ്സുകളുടെ സംരക്ഷണം, പരിപാലനം, നഷ്ടപ്പെട്ട ജലസ്രോതസ്സുകളുടെ പുനരുജ്ജീവനത്തിനുള്ള കർമ്മപദ്ധതി, കിണർ റീചാർജ്ജിംഗ്, മഴവെള്ള സംഭരണം തുടങ്ങി വിവിധ പ്രവർത്തനങ്ങൾ ഫലം കണ്ടുതുടങ്ങിയിട്ടുണ്ട്. ജലഉപമിഷന്റെയും തൊഴിലുറപ്പ് പദ്ധതിയുടെയും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെയും സർവ്വോപരി വിപുലമായ ജനപങ്കാളിത്തത്തിന്റെയും പിന്തുണയിൽ സംഘടിപ്പിക്കുന്ന ജലസംരക്ഷണ പ്രവർത്തനങ്ങളിലൂടെ വരൾച്ചാ പ്രതിരോധ പ്രവർത്തനങ്ങൾ കാര്യക്ഷമമായി മുന്നോട്ടുകൊണ്ട് പോകാനാകമെന്നാണ് പ്രതീക്ഷ.

ജലസ്രോതസ്സുകളുടെ പരിപാലനവും പുനരുജ്ജീവന പ്രവർത്തനങ്ങളും ഉൾപ്പെടെ യുക്തിപൂർവ്വമായ ജലവിനിയോഗം ബോധ്യപ്പെടുത്തിയിട്ടുള്ള പ്രവർത്തനമാണ് വിവിധ വകുപ്പുകളെയും ഏജൻസികളെയും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളെയും ഏകോപിപ്പിച്ചുകൊണ്ട് സംസ്ഥാനമൊട്ടാകെ ഹരിതകേരളം മിഷൻ നടത്തി വരുന്നത്. ഇതിനായി സർക്കാർ ഉത്തരവ് പ്രകാരമുള്ള മാർഗ്ഗരേഖയിൽ പറഞ്ഞിട്ടുള്ള സാങ്കേതിക സമിതികൾ എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലും രൂപീകരിച്ച് പ്രവർത്തനം ആരംഭിച്ചു. നീർത്തട പ്ലാനുകൾ തയ്യാറാക്കുന്നതും ഈ സമിതിയുടെ ഉത്തരവാദിത്തമാണ്. ഇതിനു വേണ്ടിയുള്ള വിവരശേഖരണം നടത്തുന്നതിനായി നീർത്തട നടത്തം തദ്ദേശസ്വയംഭരണ സ്ഥാപനതലങ്ങളിൽ പുരോഗമിച്ച് വരുന്നു.



സംസ്ഥാനത്ത് ജനകീയ പങ്കാളിത്തത്തോടെ ശുദ്ധീകരിച്ച ആദ്യ പുഴയാണ് ആലപ്പുഴ ജില്ലയിലെ കുട്ടംപേരൂർ പുഴ. വരട്ടാർ പുനരുജ്ജീവനം, മീനച്ചിലാർ-മീനന്തലയാർ -കൊടൂരാർ നദീ പുനസംയോജനം, വലിയ തോട്-പെരുംതോട്, മാമ്പുഴ, തിരൂർ പുഴ, പൂനൂർ പുഴ തുടങ്ങിയ നിരവധി പുഴകളുടെയും തോടുകളുടെയും നീർച്ചാലുകളുടെയും ശുചീകരണം എന്നിവ കഴിഞ്ഞ മാസങ്ങളിലായി നടന്നു. കിള്ളിയാർ ശുചീകരണ പ്രവർത്തനങ്ങളിലും ഹരിതകേരളം മിഷന്റെ സജീവ പങ്കാളിത്തമുണ്ട്.

ശുചിയാക്കി വീണ്ടെടുത്ത ജലസ്രോതസ്സുകളെ സ്ഥായിയായി സംരക്ഷിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ ജല ഉപമിഷന്റെയും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെയും വിവിധ ഏജൻസികളുടെയും നേതൃത്വത്തിൽ നടക്കും.

എറണാകുളം ജില്ലയിൽ 100 കുളം മൂന്നാംഘട്ടം പദ്ധതി 2018 മാർച്ച് 4 ന് തുടങ്ങി. ആരക്കുന്നംചിറ ശുചീകരണം, ജലസുരക്ഷയ്ക്കായി മടിക്കൈ പഞ്ചായത്ത് നടപ്പാക്കുന്ന ജലജീവനം പദ്ധതി തുടങ്ങിയ പ്രവർത്തനങ്ങളിൽ ഹരിതകേരളം മിഷൻ നിർണ്ണായകമായ പങ്കുവഹിക്കുന്നുണ്ട്.

## കൃഷി ഉപമിഷൻ : സുജലം സുഫലം

സുരക്ഷിത ഭക്ഷ്യോൽപ്പാദനം മലയാളികൾക്ക് കൈവിട്ടുപോയ കർമ്മമാണ്. ഇതുതിരികെ പിടിക്കുകയെന്നത് ശ്രമകരമായ ദൗത്യമാണ്. ജൈവകൃഷിയെ പ്രോത്സാഹിപ്പിച്ചുകൊണ്ടുള്ള കൃഷി വ്യാപനത്തിന് ദിശാബോധമുള്ള പ്രവർത്തനങ്ങളാണ് ഹരിതകേരളം മിഷൻ വിഭാവനം ചെയ്തു നടപ്പാക്കി വരുന്നത്. നെൽകൃഷിയിലും തരിശു കൃഷിയിലും ഇതിനകം സാധ്യമായ അധിക കൃഷി വ്യാപനം ഹരിതകേരളം മിഷന്റെ കാതലായ ഇടപെടലുകളുടെ ഫലമാണ്.

## നെൽകൃഷി വ്യാപനം

പതിമൂന്നാം പദ്ധതിയുടെ അവസാന

ത്തോടെ നെൽകൃഷിയുടെ വിസ്തൃതി രണ്ടു ലക്ഷം ഹെക്ടറിൽ നിന്നും 3 ലക്ഷം ഹെക്ടറാക്കി വർദ്ധിപ്പിക്കാനുള്ള പ്രവർത്തനങ്ങൾ ആരംഭിച്ചു. അധിക വിളയിറക്കൽ, കരനെൽകൃഷി, തരിശുനിലങ്ങളിലെ കൃഷിയിറക്കൽ എന്നീ മാർഗ്ഗങ്ങളാണ് ഇതിനായി അവലംബിക്കുന്നത്. ഇതിനകം 7116 ഹെക്ടർ തരിശു നിലങ്ങളിൽ നെൽകൃഷി കൊണ്ടുവരാൻ കഴിഞ്ഞു. 2752 ഹെക്ടറിൽ കരനെൽകൃഷിയും 2947 ഹെക്ടറിൽ അധികവിളയും ഇറക്കി. ഇപ്രകാരം 12815 ഹെക്ടറിൽ അധിക നെൽകൃഷി കൊണ്ടുവരാനായി. ഇതുൾപ്പെടെ ഹരിതകേരളം മിഷൻ പ്രവർത്തനമാരംഭിച്ചിട്ട് നാളിതുവരെയായി 22049 ഹെക്ടറിൽ നെൽകൃഷി വ്യാപനം സാധ്യമാക്കാനായത് ശ്രദ്ധേയമാണ്.

മയ്യിൽ പഞ്ചായത്തിലെ 25 പാടശേഖരങ്ങളിലായി 1457 ഏക്കർ വയലിൽ നടപ്പിലാക്കിയ തരിശുരഹിത നെൽകൃഷി, കൊല്ലം ജില്ലയിൽ ഉപയോഗരഹിതമായി കിടന്ന വട്ടക്കായലിൽ 400 ഏക്കറിലെ നെൽകൃഷി, കണ്ണൂർ ജില്ലയിലെ ചക്കരക്കല്ല് പോലീസ് സ്റ്റേഷന്റെ നേതൃത്വത്തിൽ 77 ഏക്കർ തരിശു നെൽകൃഷി, മായം പഞ്ചായത്തിൽ 78 ഏക്കർ കരനെൽകൃഷി, കൊല്ലം ജില്ലയിലെ തഴവയിൽ 650 ഏക്കർ നെൽകൃഷി, കോട്ടയം ജില്ലയിൽ 518 ഹെക്ടറിലെ നെൽകൃഷി, മീനച്ചൽ (അയിരാട്ടു നട, മരങ്ങാട്ടു ചിറ) 540 ഹെക്ടർ നെൽകൃഷി, ആലപ്പുഴ ജില്ലയിലെ കറ്റാനം - പൂവത്തൂർ പാടശേഖരത്തിലെ 108 ഏക്കർ നെൽകൃഷി, ചേർത്തല 50 ഏക്കർ നെൽകൃഷി, എറണാകുളം ജില്ലയിലെ തോട്ടറ പുഞ്ചയിൽ 550 ഏക്കർ നെൽകൃഷി, ഇടുക്കി ജില്ലയിലെ മറയൂർ, പെരിയക്കുടി മുതുവാൻ കോളനി (ആദിവാസി മേഖല) യിലെ 30 ഏക്കർ തരിശുനില കൃഷി, മലപ്പുറം ജില്ലയിലെ നീർവിളാകം പാടശേഖരത്തിലെ 80 ഹെക്ടർ നെൽകൃഷി, പന്നിവിള പാടശേഖരത്തിലെ 32 ഏക്കർ നെൽകൃഷി, ആറാട്ടുപുഴ, മലയക്കര പാടത്തെ 36 ഹെക്ടർ നെൽകൃഷി, മലപ്പുറം ജില്ലയിലെ ചാലിയാറിലെ 111 ഹെക്ടർ നെൽകൃഷി, കരുളായിയിലെ 25 ഹെക്ടർ നെൽകൃഷി എന്നിവയും ഇതിലുൾപ്പെടുന്നു.

ഇതിനു പുറമേ പല പ്രദേശങ്ങളിലും തരിശുഭൂമിയിൽ കൃഷിയിറക്കുന്ന കാര്യത്തിൽ ഹരിതകേരളം മിഷന്റെ പ്രവർത്തനങ്ങൾ വൻ മുന്നേറ്റങ്ങൾക്ക് ഇടയാക്കിയിട്ടുണ്ട്. തിരുവനന്തപുരം ജില്ലയിലെ മംഗലപുരം പഞ്ചായത്തിൽ തോന്നയ്ക്കൽ പുന്നയ്ക്കുന്നം പാടശേഖരത്തിൽ ജനകീയ കൂട്ടായ്മയോടെ നെൽകൃഷി ഇറക്കുകയുണ്ടായി. പാറശ്ശാലയിൽ 30 വർഷമായി തരിശിട്ടിരുന്ന പരശുവയ്ക്കൽ പാടശേഖരത്തിൽ സി.കെ ഹരീന്ദ്രനാഥ് എം.എൽ എയുടെ നേതൃത്വത്തിൽ സംഘടിപ്പിച്ച നെൽകൃഷിയിറക്കൽ എന്നിവ ഇതിനുദാഹരണമാണ്.

പത്തനംതിട്ട ജില്ലയിലെ ഇരവിപേരൂർ പഞ്ചായത്തിൽ 280 ഏക്കറിൽ നടന്ന വിതയുത്സവം, കാസർഗോഡ് ജില്ലയിലെ മടിക്കൈ ഗ്രാമപഞ്ചായത്തിലെ എരിക്കുളത്ത് നടക്കുന്ന ജൈവപച്ചക്കറി കൃഷി, കണ്ണൂർ ജില്ലയിലെ ഉദയഗിരി പഞ്ചായത്തിൽ കാർത്തികപുരം തുരുത്തുകളിൽ 1200 ഓളം മുളന്തൈകളും വൃക്ഷത്തൈകളും വച്ചുപിടിപ്പിച്ചത്, നെടുമങ്ങാട് ബ്ലോക്ക് പഞ്ചായത്തിന്റെ ജൈവ ഗ്രാമം, സംസ്ഥാനത്ത് ഇ.എസ്.ഐ ആശുപത്രി അങ്കണങ്ങളിൽ ആരംഭിക്കുന്ന ജൈവ പച്ചക്കറികൃഷി തുടങ്ങിയവയും എടുത്തു പറയത്തക്ക നേട്ടങ്ങളാണ്.

മലപ്പുറം ജില്ലയിൽ ഇതിനോടകം 5349 ഏക്കറിൽ നെൽകൃഷി വ്യാപിപ്പിക്കാനായത്, മലപ്പുറം ജില്ലയിൽത്തന്നെ 203 സംയോജിത കൃഷി യൂണിറ്റുകൾ രൂപീകരിക്കാനായത് തുടങ്ങിയവയും ശ്രദ്ധേയമായ പ്രവർത്തനങ്ങളാണ്.

തുരുത്തിക്കര ഗ്രാമത്തിനെ ഹരിത ഗ്രാമമായി പ്രഖ്യാപിച്ചതും തരിശുപാടങ്ങളിൽ നെൽകൃഷി സജീവമാകുന്നതും ഹരിതകേരളം മിഷൻ പ്രവർത്തനങ്ങൾക്ക് എൻ.സി.സി, എൻ.എസ്.എസ്, മറ്റ് സന്നദ്ധസംഘടനകൾ തുടങ്ങിയവയിൽ നിന്നും ലഭിക്കുന്ന ജനകീയ പങ്കാളിത്തവും പ്രത്യേകം സ്മരണീയം.

**ഹരിതകേരളം മിഷൻ പ്രവർത്തനങ്ങൾ ഒറ്റ നോട്ടത്തിൽ**
**ശുചിത്വ മാലിന്യ സംസ്കരണം** 10.04.2018 വരെ

| | |
|---|---|
| ഹരിതകർമ്മസേന രൂപീകരിച്ച പഞ്ചായത്തുകൾ | 851 |
| ഹരിതകർമ്മസേനാംഗങ്ങളുടെ എണ്ണം | 26592 |
| മെറ്റീരിയൽ കളക്ഷൻ സെന്ററുകൾ | 308 |
| റിസോഴ്സ് റിക്കവറി ഫെസിലിറ്റി സെന്ററുകൾ | 140 |
| ഉറവിട മാലിന്യ സംസ്കരണം സജ്ജമാക്കിയ വീടുകൾ | 2 ലക്ഷം |
| ശേഖരിച്ച ഇ-മാലിന്യം | 865 ടൺ |
| ശേഖരിച്ച പ്ലാസ്റ്റിക് മാലിന്യം | 375 ടൺ |
| പ്ലാസ്റ്റിക് മാലിന്യമുപയോഗിച്ച് റോഡ് ടാറിംഗ് | 140 കി.മീ |
| തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ രൂപം നൽകിയ പദ്ധതികളുടെ എണ്ണവും നീക്കിവച്ച തുകയും | 90563 |
| പ്രോജക്ടുകൾ | 624.36 കോടി |
| സ്ഥാപിച്ച പ്ലാസ്റ്റിക് ഷ്രെഡിംഗ് യൂണിറ്റുകൾ | 119 |
| നിർമ്മാണത്തിലിരിക്കുന്ന ഷ്രെഡിംഗ് യൂണിറ്റുകൾ | 113 |
| പ്രവർത്തിക്കുന്ന പ്ലാസ്റ്റിക് ഷ്രെഡിംഗ് യൂണിറ്റുകൾ | 49 |

## ഫലവൃക്ഷത്തൈ ഉല്പാദനം

ഫലവൃക്ഷത്തൈകളുടെ ഉൽപ്പാദനത്തിലും കാതലായ നേട്ടം കൈവരിക്കാനായിട്ടുണ്ട്. 2018 ജൂൺ 5 ന്റെ പരിസ്ഥിതി ദിനാചരണത്തോടനുബന്ധിച്ച് നട്ടുപിടിപ്പിക്കുന്നതിനു വേണ്ടിയുള്ള ഫലവൃക്ഷത്തൈകൾ കൃഷി വകുപ്പ്, മഹാത്മാ ഗാന്ധി ദേശീയ തൊഴിലുറപ്പ് പദ്ധതി എന്നിവയുമായി ബന്ധപ്പെട്ട് തയ്യാറായി വരികയാണ്. 86 ലക്ഷം തൈകളാണ് കഴിഞ്ഞ വർഷം നട്ടത്. ഈ വർഷം വനംവകുപ്പ് തയ്യാറാക്കിയിട്ടുള്ള തൈകൾക്ക് പുറമേ 1,13,10000 തൈകൾ തൊഴിലുറപ്പ് പദ്ധതിയിലും കൃഷി വകുപ്പിലും തയ്യാറായിട്ടുണ്ട്. ഈ വർഷം 3



കോടി തൈകൾ നടാൻ ലക്ഷ്യമിടുന്നു.

## ഗ്രീൻ പ്രോട്ടോക്കോൾ

സംസ്ഥാനത്തെ എല്ലാ സർക്കാർ - അർദ്ധസർക്കാർ സ്ഥാപനങ്ങളിലും വിദ്യാലയങ്ങളിലും ഹരിത പെരുമാറ്റച്ചട്ടം നടപ്പിലാക്കുന്നതിനുള്ള തുടർനടപടികൾ ആരംഭിച്ചിട്ടുണ്ട്. സംസ്ഥാനത്ത് വിവിധ മതവിഭാഗങ്ങളിൽപെട്ട ചെറുതും വലുതുമായ നിരവധി ഉത്സവങ്ങൾ നടന്നു കഴിഞ്ഞു. ലക്ഷക്കണക്കിന് ഭക്തജനങ്ങൾ വന്നുപോകുന്ന തിരുവൈരാണിക്കുളം ക്ഷേത്രം, ആറ്റുകാൽ പൊങ്കാല, ബീമാപള്ളി ഉറൂസ്, മാരാമൺ കൺവൻഷൻ, ചെർപ്പുളശ്ശേരി പൂരം തുടങ്ങി ഈ കാലയളവിൽ നടന്ന ഉത്സവങ്ങൾ എല്ലാം തന്നെ ഹരിത പെരുമാറ്റചട്ടം അനുസരിച്ചാണ് നടത്തിയത്. ഹരിതഭവനം, ഹരിത അയൽക്കൂട്ടങ്ങൾ, ഹരിത ഓഫീസുകൾ, ഹരിത വാർഡുകൾ എന്നു തുടങ്ങി ഹരിത തദ്ദേശഭരണസ്ഥാപനങ്ങൾ എന്ന നിലയിൽ സംസ്ഥാനം ഹരിത കേരളമാക്കാനുള്ള പ്രവർത്തനങ്ങളാണ് നടന്നു വരുന്നത്.

## തുടർ പ്രവർത്തനങ്ങൾ

കൂടുതൽ ഫലപ്രാപ്തി ലക്ഷ്യം വച്ചുള്ള കർമ്മപദ്ധതികളാണ് ഹരിതകേരളം മിഷനു മുന്നിലുള്ളത്.

മഴക്കാലപൂർവ്വ ശുചീകരണം, പകർച്ചവ്യാധി പ്രതിരോധത്തിന്റെ ഭാഗമായി സംസ്ഥാന ആരോഗ്യവകുപ്പും തദ്ദേശസ്വയംഭരണ വകുപ്പും സംയുക്തമായി ആരംഭിച്ച 'ആരോഗ്യ ജാഗ്രത' ക്യാമ്പയിനുമായി ബന്ധിപ്പിച്ച് ഇത് വിജയിപ്പിക്കുന്നതിന്റെ ഭാഗമായി കുട്ടികളിലേക്ക് ഈ ആശയം പകർന്നു നൽകാൻ ഹരിതകേരളം മിഷൻ സംഘടിപ്പിക്കുന്ന ജാഗ്രതോത്സവം പരിപാടി, സ്കൂളുകളെ ഹരിത സൗഹൃദമാക്കാൻ ആരംഭിച്ച ഹരിതോത്സവത്തിന്റെ തുടർപ്രവർത്തനങ്ങൾ, വരൾച്ച പ്രതിരോധത്തിന്റെ ഭാഗമായി എല്ലാ വാർഡുകളിലും വാർഡു മെമ്പർമാരുടെ നേതൃത്വത്തിൽ നടക്കുന്ന ജല പാർലമെന്റും തുടർന്നുള്ള ജനകീയ ഇടപെടലുകളും തുടങ്ങിയവയാണ് തൊട്ടടുത്ത മാസങ്ങളിൽ നടത്താനുദ്ദേശിക്കുന്ന പരിപാടികൾ.

### ജലസംരക്ഷണം : ജലസമൃദ്ധി

10.04.2018 വരെ

| | |
|---|---|
| പുനരുജ്ജീവിപ്പിച്ച പുഴ/തോടുകൾ | 9187 കി.മീ |
| ശുചിയാക്കിയ കനാലുകൾ | 1620 |
| റീചാർജ്ജ് ചെയ്ത കിണറുകൾ | 29062 |
| നവീകരിച്ച കുളങ്ങൾ | 11009 |
| നിർമ്മിച്ച കുളങ്ങൾ | 4976 |
| നവീകരിച്ച കിണറുകൾ | 4495 |
| വൃഷ്ടിപ്രദേശ പരിപാലനം | 147239 ഏക്കർ |
| സംഘടിപ്പിച്ച നീർത്തട നടത്തം | 245 |
| നീർത്തട മാപ്പ് തയ്യാറാക്കിയ തദ്ദേശസ്ഥാപനങ്ങൾ | 166 |

### കൃഷി വികസനം : സുജലം-സുഫലം

10.04.2018 വരെ

| | |
|---|---|
| തരിശുനിലം കൃഷി യോഗ്യമാക്കിയതുൾപ്പെടെ അധിക നെൽക്കൃഷി | 24821 ഹെക്ടർ |
| തരിശുഭൂമിയിലെ പച്ചക്കറി കൃഷി വ്യാപനം | 841 ഹെക്ടർ |
| കൃഷിക്കായ് നൽകിയ വിത്ത് | 40 ലക്ഷം കിറ്റ് |
| കൃഷിക്കായ് നൽകിയ തൈകൾ | 45.3 ലക്ഷം |
| നട്ടുപിടിപ്പിച്ച വൃക്ഷത്തൈകൾ | 86 ലക്ഷം |
| തയ്യാറായ തൈകൾ | 1,13,10,000 |



# ഹരിതകേരളം
## ശുചിത്വ സംസ്കരണ പ്രവർത്തനങ്ങൾക്ക് വേഗതയേറുന്നു



**ഡോ. ആർ. അജയകുമാർ വർമ്മ**
എക്സിക്യൂട്ടീവ് ഡയറക്ടർ, ശുചിത്വമിഷൻ

മാലിന്യരഹിതവും ജലസുരക്ഷയും സുരക്ഷിത കൃഷിവിഭവങ്ങളുമുള്ള ഹരിതകേരളമെന്ന ഉദാത്തമായ ലക്ഷ്യത്തിനായി സംസ്ഥാനത്തെ ശുചിത്വ പ്രവർത്തകർ ഒന്നാകെ കൈ കോർക്കുകയാണ്. ശുചിത്വമാലിന്യ സംസ്കരണ പ്രവർത്തനങ്ങൾ ചിട്ടപ്പെടുത്തുന്നതിനുതകുന്ന മാർഗ്ഗനിർദ്ദേശങ്ങൾ, അനുയോജ്യമായ സാങ്കേതിക പിന്തുണ, പ്രവർത്തനസുസ്ഥിരത ഉറപ്പാക്കുന്നതിനുള്ള സംഘടനാസംവിധാനം, ആവശ്യാധിഷ്ഠിതമായ സാമ്പത്തിക ലഭ്യത, മാലിന്യസംസ്കരണം സ്വന്തം ഉത്തരവാദിത്തം കൂടിയാണ് എന്ന ബോധ്യം ജനസമൂഹത്തിനിടയിൽ ഉണ്ടാക്കുന്ന വിവരവിജ്ഞാന വിദ്യാഭ്യാസകാമ്പയിൻ തുടങ്ങി കാര്യക്ഷമമായ പ്രവർത്തന വേഗത കൈവരിക്കുന്നതിനുള്ള ഏതൊരു പിന്തുണയും സമയബന്ധിതമായി നടപ്പാക്കുന്നതിനുള്ള ശ്രമമാണ് ശുചിത്വമിഷൻ തുടങ്ങിവച്ചിട്ടുള്ളത്.

കേരളസംസ്ഥാനത്തെ പരിപൂർണ്ണമായും മാലിന്യമുക്തമാക്കുന്നതിനായി മാലിന്യമുക്ത അഥവാ 'സീറോ വേസ്റ്റ്' മാതൃക അനുവർത്തിക്കുന്നതിന് സമൂഹത്തെയും ഓരോ പൗരനെയും സജ്ജമാക്കുക എന്ന വെല്ലുവിളിയാണ് ശുചിത്വമിഷൻ എറ്റെടുത്തിട്ടുള്ളത്. അതോടൊപ്പം വൃത്തിയുള്ള പരിസരവും സുരക്ഷിതമായ പരിസ്ഥിതിയും സമൂഹത്തിന്റെ അവകാശമാണെന്നതിനാൽ അതൊരുക്കിക്കൊടുക്കുന്നതിന് നമ്മുടെ തദ്ദേശസ്ഥാപനങ്ങളെ ശാക്തീകരിക്കുകയും വേണ്ടതുണ്ട്. സീറോവേസ്റ്റ് എന്നാൽ ഭൂമിയിൽനിന്ന് നാം ഉത്പാദിപ്പിക്കുന്ന എല്ലാ വസ്തുക്കളും ഉപയോഗശേഷം ആഘാതമുണ്ടാക്കാതെ ഭൂമിക്ക് ആഗിരണം ചെയ്യാൻ കഴിയുന്ന അവസ്ഥയാണ്. സ്വപ്നതുല്യമായ ഈ സാധ്യത ലക്ഷ്യമിട്ടുകൊണ്ടുള്ള പ്രവർത്തനങ്ങൾ ലോകത്തെ വികസിതവും അവികസിതവുമായ രാജ്യങ്ങളെല്ലാം തിരിച്ചറിഞ്ഞു തുടങ്ങിയിരിക്കുന്നു. നമ്മുടെ രാജ്യവും ഇക്കാര്യത്തിൽ കാര്യമായി മുന്നോട്ടു പോകേണ്ടിയിരിക്കുന്നു. അതിനു മുന്നിൽനിന്നും നയിക്കുന്നതാവണം കേരളത്തിലെ ഓരോ പൗരന്റെയും ശുചിത്വ ബോധം.

കേരളം ഒരു 'സീറോ വേസ്റ്റ്' സംസ്ഥാനമായി മാറുന്നതിന് മൂന്ന് ഘടകങ്ങൾ മാത്രം അറിഞ്ഞു പ്രവർത്തിച്ചാൽ മതിയാകും. ഒന്നാമതായി നാം ഉണ്ടാക്കുന്ന മാലിന്യം എത്രമാത്രം കുറയ്ക്കാമോ അത്രമാത്രം കുറയ്ക്കുന്ന രീതി ഓരോ വ്യക്തിയും കുടുംബവും സ്ഥാപനങ്ങളും സ്വായത്തമാക്കുക എന്നതാണ്. രണ്ടാമതായി, പരിമിതമായെങ്കിലും ഉണ്ടാകുന്ന മാലിന്യം പരമാവധി പുനരുപയോഗിക്കുക എന്ന ശീലം ഉണ്ടാക്കിയെടുക്കുക എന്നതാണ്. അതായത് ഉപയോഗം കഴിഞ്ഞാൽ വലിച്ചെറിയുന്ന വസ്തുക്കൾ ഉപയോഗിക്കാതിരിക്കുന്നതിനുള്ള പരിശ്രമം വർദ്ധിപ്പിച്ചുകൊണ്ടേയിരിക്കണം. മൂന്നാമതായി അവശേഷിതവസ്തുക്കൾ വീണ്ടും ഉപയോഗിക്കാൻ പറ്റുന്ന വസ്തുക്കളാക്കി പുനഃചംക്രമണം (Recycle) നടത്തുക എന്നതാണ്. ഇവിടെ അനുയോജ്യമായ സാങ്കേതികവിദ്യകളുടെ സഹായം നാം സ്വീകരിക്കേണ്ടതുണ്ട്. അനുദിനം ഉയരുന്ന ജനസംഖ്യ, വർദ്ധി

ക്കുന്ന ഉപഭോഗസംസ്കാരം, മാലിന്യ സ്വാംശീകരണത്തിനുള്ള ശേഷി കുറഞ്ഞുവരുന്ന ഭംഗുരമായ പരിസ്ഥിതി തുടങ്ങിയ ഘടകങ്ങളും, വലിയതോതിൽ കുറഞ്ഞുവരുന്ന പ്രകൃതിവിഭവ ലഭ്യതയും ഉണ്ടാക്കുന്ന ആശങ്കാജനകമായ ഒരു സ്ഥിതിവിശേഷമാണ് ലോകമെമ്പാടും ഉയർന്നുവരുന്നത്. ഇതിനെ നേരിടുന്നതിന് 'ചാക്രിക സമ്പത്ത് വ്യവസ്ഥ' അഥവാ 'Circular Economy' എന്ന രീതിയിലേക്കുള്ള പ്രയാണത്തിലാണ് ലോകത്തിലെ പ്രമുഖരാജ്യങ്ങൾ. എല്ലാ മേഖലയിലും Reduce-Reuse-Recycle എന്ന സങ്കല്പമാണ് ഈ വ്യവസ്ഥയുടെ അടിസ്ഥാന തത്വം. കേരളത്തിന് ഇക്കാര്യത്തിലും മാതൃകയാകാനാകും.

ഖരമാലിന്യ പരിപാലനത്തിന് നമ്മുടെ ആദ്യ ഉത്തരവാദിത്തം കഴിവതും മാലിന്യം കുറയ്ക്കുക എന്ന നിരന്തര പരിശ്രമമാണ്. രണ്ടാമതായി, ഉണ്ടാകുന്ന മാലിന്യത്തെ അഴുകുന്നതും അഴുകാത്തതുമായി തരംതിരിച്ച് സൂക്ഷിക്കുക എന്നതാണ്. മൂന്നാമതായി, അഴുകുന്ന മാലിന്യം സ്വന്തം ഉത്തരവാദിത്തത്തിൽ ശാസ്ത്രീയരീതി അവലംബിച്ച് വീട്ടിലോ സ്ഥാപനത്തിലോ ചന്തപോലെയുള്ള പൊതുസംവിധാനത്തിലോ തുടങ്ങി എവിടെയാണോ ഉണ്ടാകുന്നത് അവിടെത്തന്നെ സംസ്കരിക്കുക എന്നതാണ്. ഇത് ഒരു കാരണവശാലും സാധ്യമാകാത്ത ചില സാഹചര്യങ്ങൾ അപൂർവ്വമായി ഉണ്ടാകാം. അത്തരം സാഹചര്യങ്ങളിൽ സാമൂഹികമായി സ്ഥാപിക്കുന്നതോ (community facilities), കേന്ദ്രീകൃതമായി സ്ഥാപിക്കുന്നതോ (centralized facilities) ആയ സംവിധാനങ്ങളെ ആശ്രയിക്കേണ്ടിയും വരും. എന്നാൽ കേന്ദ്രീകൃത സംവിധാനങ്ങൾ എത്രമാത്രം കുറയ്ക്കാമോ അത്രമാത്രം കുറയ്ക്കുക എന്നത് തന്നെയാണ് കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിന് സഹായകമാകുക. നാലാമതായി അഴുകാത്ത മാലിന്യങ്ങൾ എല്ലാംതന്നെ പുനരുപയോഗത്തിനോ, പുനചംക്രമണത്തിനോ വേണ്ടി പ്രാദേശികമായി ഓരോ വീടുകളിൽനിന്നും സ്ഥാപനങ്ങളിൽനിന്നും അതതിടങ്ങളിലുള്ള ഒരു സംഭരണകേന്ദ്രത്തിൽ ശേഖരിക്കുക എന്നതാണ്. അഞ്ചാമതായി ഈ പ്രാദേശിക സംഭരണകേന്ദ്രത്തിൽനിന്നും അഴുകാത്ത മാലിന്യങ്ങളെല്ലാം ഒരു കേന്ദ്രീകൃതസംവിധാനത്തിലെത്തിക്കുന്നു. ആറാമതായി ഓരോതരം മാലിന്യവും തരംതിരിച്ച് ഏറ്റവും അനുയോജ്യമായ രീതിയിൽ പുനരുപയോഗത്തിനോ പുനചംക്രമണത്തിനോ ലഭ്യമാക്കുമ്പോൾ സീറോ വേസ്റ്റ് സ്ഥിതിയിലേക്ക് ഓരോ പ്രാദേശിക ഗവണ്മെന്റുകളും എത്തിച്ചേരും. എന്നാൽ ഈ ആറ് പ്രവർത്തനങ്ങളും സംഘടിപ്പിക്കുന്നതിനും സംവിധാനം ചെയ്യുന്നതിനും ചട്ടുലമായ പ്രാദേശിക പ്രവർത്തനങ്ങൾ അനിവാര്യമാണ്.

കാര്യക്ഷമമായി ഖരമാലിന്യസംസ്കരണ പ്രവർത്തനങ്ങൾ സംഘടിപ്പിക്കുന്നതിന് തദ്ദേശസ്ഥാപനങ്ങൾ ആസൂത്രിതമായ പദ്ധതിരേഖ തയ്യാറാക്കണം. ഇതിനുവേണ്ട പരിശീലനം നൽകി കഴിഞ്ഞിട്ടുണ്ട്. കൂടാതെ ശുചിത്വമിഷന്റെ സാങ്കേതിക സേവനവും അവരുടെ റിസോർസ് പേഴ്സൺമാരും തദ്ദേശഭരണ സ്ഥാപനങ്ങളെ സഹായിക്കും. തദ്ദേശ സ്ഥാപനങ്ങളോടൊപ്പം നിന്ന് സാങ്കേതിക കാര്യങ്ങളിൽ സഹായിക്കുന്നതിന് ഹരിതസഹായസ്ഥാപനങ്ങളെയും സേവനദാതാക്കളെയും സജ്ജരാക്കിയിട്ടുണ്ട്. അഴുകുന്ന മാലിന്യങ്ങൾ ഉറവിടങ്ങളിൽതന്നെ കൈകാര്യം ചെയ്യുന്നതിന് സഹായിക്കുന്നതിനും സാമൂഹ്യസംവിധാനങ്ങൾ പരിപാലിക്കുന്നതിനും അജൈവമാലിന്യങ്ങൾ ഉറവിടങ്ങളിൽനിന്ന് ശേഖരിച്ച് സംഭരണ കേന്ദ്രങ്ങളായിട്ടുള്ള 'Material Collection Facility, (MCF)' യിൽ എത്തിക്കുന്നതിനും ഹരിതകർമ്മ സേനയുടെ സഹായമേർപ്പെടുത്താം. മുനിസിപ്പാലിറ്റികളും പഞ്ചായത്തുകളും ഉൾപ്പെടെ 846 തദ്ദേശഭരണ സ്ഥാപനങ്ങളിലായി 874 ഹരിതകർമ്മസേന ഗ്രൂപ്പുകൾ 2018 മാർച്ച് 31 നകം രൂപീകരിച്ചുകഴിഞ്ഞു. ആകെ 26592 അംഗങ്ങൾ ചേർന്നതിൽ 518 തദ്ദേശഭരണ സ്ഥാപനങ്ങളിലുള്ള 13572 ഹരിത കർമ്മസേനാംഗങ്ങൾക്ക് ഇതിനോടകം കുടുംബശ്രീമിഷൻ, കില, ശുചിത്വമിഷൻ തുടങ്ങിയവർ ചേർന്ന് പരിശീലനം നൽകികഴിഞ്ഞു. 151 തദ്ദേശഭരണ സ്ഥാപനങ്ങളിൽ ഹരിതകർമ്മസേനയുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ സുസ്ഥിരമാക്കുന്നതിനുള്ള സാമ്പത്തിക സഹായ കാര്യത്തിൽ സർക്കാർ തീരുമാനമാകുന്ന



മുറയ്ക്ക് ഇവയുടെ പ്രവർത്തനം കാര്യക്ഷമവും വ്യാപകവുമാകുമെന്ന് പ്രതീക്ഷിക്കുന്നു. കേരളത്തിലെ ഖരമാലിന്യ സംസ്കരണപ്രവർത്തനങ്ങൾക്ക ദീർഘകാലാടിസ്ഥാനത്തിൽ ഏകീകൃത ശൈലി കൈവരിക്കുന്നതിനും അടിസ്ഥാനശേഷി രൂപപ്പെടുന്നതിനും ഹരിതകർമ്മസേനയുടെ പ്രവർത്തനങ്ങൾ കാരണമാകും.

ഓരോ തദ്ദേശഭരണ സ്ഥാപനത്തിലും കഴിയുന്നത്ര സ്ഥലങ്ങളിൽ MCF കൾ സ്ഥാപിതമാകുന്നത് അജൈവമാലിന്യ ശേഖരണത്തിന്റെ കാര്യക്ഷമത വർദ്ധിപ്പിക്കും. തുടക്കത്തിൽ ലഭ്യമായ പൊതു ഇടങ്ങളിൽ ആരംഭിച്ച് കുറഞ്ഞത് ഒരു വാർഡിൽ ഒരു MCF എന്ന ലക്ഷ്യത്തിലേക്കെത്തുക എന്നതാണ് ഉദ്ദേശം. അജൈവ വസ്തുക്കളുടെ താല്ക്കാലിക സംഭരണ കേന്ദ്രമായി മാത്രമേ MCF കളെ കാണേണ്ടതുള്ളൂ. സംസ്ഥാനത്ത് ഇതിനോടൊപ്പം 250 ലധികം MCF കൾ പൂർത്തിയായിട്ടുണ്ട്. ഇവയിൽ 163 എണ്ണം പ്രവർത്തനമാരംഭിച്ചു. വിവിധ MCF കളിലെത്തുന്ന അജൈവവസ്തുക്കൾ എല്ലാം ശേഖരിച്ച് പുനരുപയോഗിക്കുന്നതിനോ പുനചംക്രമണം നടത്തുന്നതിനോ തരംതിരിച്ച് ലഭ്യമാക്കുന്നതിനുള്ള കേന്ദ്രമായാണ് Resource Recovery Centre (RRC) കൾ വിഭാവനം ചെയ്യപ്പെട്ടിട്ടുള്ളത്. RRC കളിൽ എത്തുന്ന അജൈവമാലിന്യങ്ങളെല്ലാം വിഭവങ്ങളായി വീണ്ടെടുക്കപ്പെടുന്ന കേന്ദ്രങ്ങളാണിവ. ആദ്യഘട്ടത്തിൽ ഒരു ബ്ലോക്കുപഞ്ചായത്തിൽ ഒന്ന്, മുനിസിപ്പാലിറ്റികളിൽ ഒന്ന്, കോർപ്പറേഷനുകളിൽ നാല് എന്ന കണക്കിനാണ് RRC കൾ വിഭാവനം ചെയ്യപ്പെട്ടിട്ടുള്ളത്. വീണ്ടെടുക്കൽ വസ്തുക്കൾ കൂടുതൽ കൂടുതൽ എത്തുന്നതോടെ കൂടുതൽ RRCകൾ ആവശ്യമായി വന്നേക്കാം. RRC കൾ സ്ഥാപിക്കുന്ന ഉത്തരവാദിത്തം തദ്ദേശഭരണ സ്ഥാപനങ്ങൾക്കും നടത്തിപ്പ് ചുമതല ക്ലീൻ കേരള കമ്പനിയും നിർവ്വഹിക്കുന്നതിനാണ് ഉദ്ദേശിച്ചിട്ടുള്ളത്.



RRCകളിലേക്ക് അജൈവമാലിന്യത്തിലെത്തിക്കുന്നതിനും അവ തരംതിരിച്ച് കൈകാര്യം ചെയ്യുന്നതിനും ഹരിതകർമ്മസേനയുടെ സഹായം ക്ലീൻ കേരള കമ്പനി സ്വീകരിക്കും. സംസ്ഥാനത്ത് നാളിതുവരെ 85 RRCകൾ സ്ഥാപിച്ചിട്ടുണ്ട്. 80 ഓളം നിർമ്മാണഘട്ടത്തിലാണ്. ഇതിനകം 51 RRCകൾ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. RRCകളുടെ പ്രവർത്തനത്തിൽ പ്ലാസ്റ്റിക് കൈകാര്യം ചെയ്യൽ മുഖ്യഘടകമാണ്. പ്ലാസ്റ്റിക് ക്യാരിബാഗുകൾ പൊടിച്ച് ടാറിനോടൊപ്പം ചേർത്ത് റോഡ് പണിക്ക് വിനിയോഗിക്കുന്ന പ്രവർത്തി ആരംഭിച്ചുകഴിഞ്ഞു. RRCയുടെ ഭാഗമായും അല്ലാതെയും 78 പ്ലാസ്റ്റിക് ഷ്രഡ്ഡിംഗ് യൂണിറ്റുകൾ ഇതിനകം സ്ഥാപിക്കപ്പെട്ടിട്ടുണ്ട്. ഇവയിൽ 43 ഇടങ്ങളിൽ പ്ലാസ്റ്റിക് ഷ്രഡ്ഡിംഗ് ആരംഭിച്ചു കഴിഞ്ഞു.

മാലിന്യസംസ്കരണത്തിനുള്ള പൊതു മാർഗ്ഗനിർദ്ദേശങ്ങൾക്കനുസൃതമായി പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിനായിട്ടുണ്ട്. എന്നാൽ ഈ സംവിധാനങ്ങളുടെയെല്ലാം പ്രവർത്തനങ്ങൾ ചിട്ടപ്പെടുത്തുക വഴി സുസ്ഥിര പ്രവർത്തന രീതിയിലേക്ക് സംവിധാനങ്ങൾ മാറണം. ഇതിനുള്ള ശ്രമകരമായ ജോലിയാണ് ഈ വർഷം ലക്ഷ്യമിടുന്നത്. തദ്ദേശഭരണ വകുപ്പിന് കീഴിലുള്ള എല്ലാ വകുപ്പുകളും ഒരുമിച്ചുനിന്ന് തദ്ദേശസർക്കാരുകളുമായി ചേർന്ന് ഈ പ്രവർത്തനങ്ങൾ വിജയിപ്പിക്കുന്നതിനുള്ള ശ്രമമാണ് സ്വീകരിച്ചിട്ടുള്ളത്. നഗരകാര്യവകുപ്പും പഞ്ചായത്തുവകുപ്പും ഗ്രാമവികസനവകുപ്പും മാലിന്യസംസ്കരണവുമായി ബന്ധപ്പെട്ട ഭരണപരമായ കാര്യങ്ങൾക്കും നിയമങ്ങൾ നടപ്പിലാക്കുന്നതിനും നേതൃത്വപരമായ പങ്കുവഹിക്കുന്നു. നഗരഗ്രാമാസൂത്രണവകുപ്പ് സ്ഥലലഭ്യത സംബന്ധിച്ചിട്ടുള്ള സഹായം ലഭ്യമാക്കും. മാലിന്യസംസ്കരണം സംബന്ധിച്ച് നയം, സമീപനം, രീതിശാസ്ത്രം, സാങ്കേതികസഹായം, സാമ്പത്തിക സഹായം, വിവര വിദ്യാഭ്യാസ വിനിമയ പ്രവർത്തനങ്ങൾ, കേന്ദ്ര-സംസ്ഥാനപദ്ധതികളുമായി തദ്ദേശസർക്കാരുകളെ ബന്ധിപ്പിക്കൽ തുടങ്ങി കാര്യങ്ങളിലെല്ലാം ശുചിത്വമിഷൻ തദ്ദേശ സർക്കാരുകൾക്കൊപ്പം നില്ക്കും. തദ്ദേശസ്വയംഭരണ വകുപ്പ് എൻജിനീയറിംഗ് വിഭാഗം തദ്ദേശസർക്കാരുകളുടെ മാലിന്യസംസ്കരണപദ്ധതികൾക്ക് സാങ്കേതികസഹായം നല്കുന്നതിന് സഹായിക്കും. അജൈവമാലിന്യങ്ങൾ, ഇലക്ട്രോണിക് മാലിന്യങ്ങൾ തുടങ്ങിയവ കൈകാര്യം ചെയ്യുന്നതിനും RRF കളുടെ പ്രവർത്തനങ്ങൾ സുഗമമാക്കുന്നതിനും ക്ലീൻ കേരള കമ്പനി സഹായമാരംഭിച്ചു കഴിഞ്ഞു. മാലിന്യസംസ്കരണ മേഖലയിലെ പലഘടകങ്ങളും സുസ്ഥിരമാകുന്നതിന് സംരംഭകത്വരീതിയിലാകേണ്ടതുണ്ട്. ഹരിതകർമ്മസേന, ഹരിത സാങ്കേതിക കേന്ദ്രങ്ങൾ, സ്വാപ്ഷോപ്പുകൾ, RRFകൾ പ്ലാസ്റ്റിക് ഷ്രഡ്ഡിംഗ് യൂണിറ്റുകൾ ഇവയെ ചെറു സംരംഭങ്ങളായി ലാഭകരമായ രീതിയിൽ പ്രവർത്തന സജ്ജമാക്കുന്നതിന് കുടുംബശ്രീ നേതൃത്വം നൽകിവരുന്നു. ഇപ്രകാരം വിവിധങ്ങളായ പ്രവർത്തനങ്ങൾ ചിട്ടപ്പെടുത്തി സ്ഥിരമായ




പ്രവർത്തനശൈലി ആർജ്ജിക്കുന്നതിന് മെച്ചപ്പെട്ടതും വൈവിദ്ധ്യമാർന്നതുമായ പരിശീലനം അത്യന്താപേക്ഷിതമാണ്. ആവശ്യാനുസരണമുള്ള പരിശീലനം കില നല്കിവരുന്നു. മുൻകാലങ്ങളിലുമുണ്ടായിരുന്ന ഈ സംവിധാനങ്ങളെയെല്ലാം കഴിഞ്ഞ ഒരു വർഷമായി ഊർജ്ജസ്വലമാക്കിയിട്ടുള്ളതും സംയോജിതമായി ഇവയെല്ലാം പ്രവർത്തിക്കുന്നുണ്ട് എന്നുറപ്പാക്കുന്നതും മുഖ്യമന്ത്രി അദ്ധ്യക്ഷനും തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സഹഅദ്ധ്യക്ഷരിലൊരാളായും രൂപീകരിച്ചിട്ടുള്ള ഹരിതകേരളം മിഷനാണ്. സംസ്ഥാനാടിസ്ഥാനത്തിൽ എക്സിക്യൂട്ടീവ് വൈസ്പ്രസിഡന്റിന്റെ നേതൃത്വത്തിൽ രൂപീകരിച്ചിട്ടുള്ളതും. സാങ്കേതികപ്രവർത്തകരും ജില്ലകളിൽ വിന്യസിച്ചിട്ടുള്ള കോഓർഡിനേറ്റർമാരുമടങ്ങുന്നതുമായ മിഷൻടീം എല്ലാസംവിധാനങ്ങളെയും കൂട്ടിയോജിപ്പിക്കുന്നതിനും പ്രവർത്തനങ്ങൽക്ക് വേഗത പകരുന്നതിനുമുള്ള ചാലകശക്തിയായി മാറിയിട്ടുണ്ട്. തൃതല തദ്ദേശസർക്കാരുകളുടെ അദ്ധ്യക്ഷന്മാരുടെ നേതൃത്വത്തിൽ തദ്ദേശഭരണ സ്ഥാപനതലമിഷൻ രൂപീകൃതമായിട്ടുണ്ടെങ്കിലും ഇവയുടെ പ്രവർത്തനം എല്ലായിടങ്ങളിലും ഊർജ്ജസ്വലമായിട്ടുണ്ട് എന്നു പറയാനായിട്ടില്ല. ഹരിതകേരളം മിഷൻ പ്രവർത്തനങ്ങൾക്ക് ശക്തിപകരുന്നതിന് ചീഫ് സെക്രട്ടറിയുടെയും ബന്ധപ്പെട്ട വകുപ്പ് സെക്രട്ടറിമാരുടെയും ജില്ലാകളക്ടർമാരുടെയും നേതൃത്വത്തിലുള്ള ഉദ്യോഗസ്ഥതലസമിതികളും പ്രവർത്തിച്ചുവരുന്നുണ്ട്. ഇത്തരത്തിൽ ജനപ്രതിനിധികളുടെയും ഉദ്യോഗസ്ഥരുടെയും സാങ്കേതിക വിദഗ്ധരുടെയും വലിയ കൂട്ടായ്മയാണ് രൂപപ്പെടുത്തിവന്നിട്ടുള്ളത്. ഈ സാഹചര്യം പ്രയോജനപ്പെടുത്തി മാലിന്യമുക്തകേരളമെന്ന ലക്ഷ്യം നേടിയെടുത്ത് രാജ്യത്തെ ഏറ്റവും വൃത്തിയുള്ള സംസ്ഥാനമാക്കി കേരളത്തെ മാറ്റുന്നതിന് ഓരോ വ്യക്തിക്കും സമൂഹത്തിനുമുള്ള ഉത്തരവാദിത്തബോധം നമ്മെയെല്ലാം ഊർജ്ജസ്വലരാക്കണം.

ഊർജ്ജസ്വലമായ ഈ സാഹചര്യത്തിൽ ഖരമാലിന്യ സംസ്കരണം എല്ലാ ജില്ലകളിലെയും തിരഞ്ഞെടുക്കപ്പെട്ട മുനിസിപ്പാലിറ്റികളിലും ഗ്രാമപഞ്ചായത്ത് ക്ലസ്റ്ററുകളിലും സുസ്ഥിരമാക്കുന്നതിന് ഈ വർഷത്തിൽ നമുക്ക് കഴിയണം. അതോടൊപ്പം സ്ഥാപനങ്ങളിലും പൊതുസംവിധാനങ്ങളിലും മാതൃകാ ദ്രവമാലിന്യ സംസ്കരണസംവിധാനങ്ങൾ സ്ഥാപിച്ചു പ്രവർത്തിപ്പിക്കുന്നതിനും കഴിയണം. സ്ഥാപിതമാകുന്ന സംവിധാനങ്ങൾ സുസ്ഥിരമായി പ്രവർത്തിക്കുന്നു എന്നുറപ്പാക്കണമെങ്കിൽ സാമൂഹിക അവബോധം വർദ്ധിപ്പിക്കേണ്ടതുണ്ട്. ഉത്തമമായ ശുചിത്വശീലവൽക്കരണമാണ് ഇതിനുള്ള പ്രധാനപോംവഴി. മാലിന്യം കുറയ്ക്കുന്നതിനും പുനരുപയോഗിക്കുന്നതിനും വലിച്ചെറിയാതിരിക്കുന്നതിനും വീടും പരിസരവും പൊതുഇടങ്ങളും വൃത്തിയായി സംരക്ഷിക്കുന്നതിനും ഗ്രീൻ പ്രോട്ടോക്കോൾ അഥവാ ഹരിതനിയമാവലിക്കനുസൃതമായി ഹരിതചിട്ടകൾ പാലിച്ച് ജീവിക്കാൻ ശീലിക്കണം. ഇതിനും വ്യാപകമായ പ്രവർത്തനങ്ങൾക്ക് തുടക്കം കുറിച്ചിട്ടുണ്ട്. വിദ്യാലയങ്ങളിലെ ഹരിതോത്സവം, വേനൽക്കാലത്തെ ജാഗ്രതോത്സവം, ആരോഗ്യ ജാഗ്രതാ പ്രവർത്തനങ്ങൾ, ജലസുരക്ഷ, കാമ്പയിനുകൾ, ഹരിതനിയമാവലി പാലിക്കുന്ന വിവാഹങ്ങൾ, ഉത്സവങ്ങൾ, സ്ഥാപനങ്ങൾ, വീടുകൾ തുടങ്ങിയ പ്രവർത്തന ങ്ങളിലൂടെ നാം മാറ്റങ്ങൾക്ക് തുടക്കം കുറിക്കുകയാണ്. ഈ പ്രവർത്തനങ്ങളെല്ലാം നമ്മുടെ ഓരോരുത്തരുടെയും ഉത്തരവാദിത്തമാണെന്ന് ഉൾക്കൊള്ളാനായാൽ കേരളം വിജയിക്കും. ശുചിത്വ മാലിന്യ സംസ്കരണ പ്രവർത്തനങ്ങൾ സുസ്ഥിരമാക്കി, ജലസുരക്ഷ ഉറപ്പാക്കി, വിഷരഹിതമായ കാർഷിക ഉത്പന്നങ്ങൾ വിളയിച്ച് ഹരിതകേരളം എന്ന ലക്ഷ്യം നേടാൻ ഈ വർഷത്തെ നമ്മുടെ പ്രവർത്തനങ്ങൾ ശക്തിപ്പെടുത്താം.














# മുന്നേറ്റത്തിന്റെ ചരിത്രമെഴുതി

## നഗരസഭകൾ...

**ബി. കെ ബാലരാജ്**
ഡയറക്ടർ (ഇൻ-ചാർജ്)
നഗരകാര്യവകുപ്പ്



കാലമേറുംതോറും നഗരവൽക്കരണം പുതിയ ദിശാതലത്തിലേക്ക് മാറ്റപ്പെടുമ്പോൾ നഗരസഭകളുടെ സേവനങ്ങളും വികേന്ദ്രീകൃതാസൂത്രണവും പ്രവർത്തനമേഖലകളും ഈ രംഗത്ത് പുതിയ മാനങ്ങൾ സൃഷ്ടിച്ചുകൊണ്ടിരിക്കുകയാണ്. 2017-18 സാമ്പത്തികവർഷം നഗരഭരണ രംഗത്ത് പദ്ധതി പ്രവർത്തന, ആസൂത്രണ, നിർവ്വഹണ മേഖലകളിൽ കാലികവും സമഗ്രവുമായ പുരോഗതി ഉണ്ടായിട്ടുണ്ട്. കഴിഞ്ഞകാല ചരിത്ര ബിംബങ്ങളെ പിന്നോട്ടടിച്ചുകൊണ്ട് ഒരു കോർപ്പറേഷനും 7 മുനിസിപ്പാലിറ്റികളും 100% പദ്ധതി വിഹിതം ചെലവഴിക്കുകയുണ്ടായി. പുതിയ നേതൃത്വങ്ങളും ചിട്ടയായ പ്രവർത്തന ശൈലിയും പ്രതിബന്ധങ്ങളെ ഒറ്റക്കെട്ടായി നേരിട്ടതും തീരുമാനങ്ങൾക്ക് വേഗമുണ്ടായതും എല്ലാ നഗരസഭകളിലും വിജയചരിത്രങ്ങൾ തിരുത്തുന്നതിന് ഇടയാക്കി. ആസൂത്രണ മാർഗ്ഗരേഖയിൽ ഊന്നി നിന്നുകൊണ്ട് സമഗ്രവും പരസ്പരപൂരകവുമായിട്ടുള്ള പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കാൻ സാധിച്ചു എന്നുള്ളതാണ്


കഴിഞ്ഞ സാമ്പത്തിക വർഷത്തെ വ്യത്യസ്തമാക്കുന്നത്.

പദ്ധതി പ്രവർത്തന പുരോഗതിയും പദ്ധതിവിഹിത വിനിയോഗവും പ്രാദേശിക സർക്കാർ സംവിധാനത്തിന്റെ തിരക്കുപിടിച്ച സമയ മേഖലയിൽ നിന്നു കൊണ്ട് നേടിയെടുത്തതിന് പിന്നിൽ നിരവധി ഘടകങ്ങളുണ്ട്. കൗൺസിൽ അംഗങ്ങളുടെ പ്രവർത്തനക്ഷമതയും ഏകോപനവും ഉദ്യോഗസ്ഥരുടെ അർപ്പണബോധവും എടുത്തുപറയേണ്ടതാണ്. വിവിധ തലങ്ങളിലെ പദ്ധതി പുരോഗതി വിലയിരുത്തൽ യോഗങ്ങളും നടപ്പിലാക്കാൻ സാധ്യതയില്ലാത്ത പ്രോജക്ടുകൾ മാറ്റി നിർവ്വഹണ സാധ്യതയുള്ളവ ഏറ്റെടുത്തതും കൃത്യമായ തുടരന്വേഷണ മനോഭാവവും ഈ രംഗത്തെ മികവിനെ സ്വാധീനിച്ചു. എഞ്ചിനീയറിംഗ് വിഭാഗത്തിന്റെ പൂർണ്ണ സഹകരണം പദ്ധതി നിർവ്വഹണത്തിന് മുതൽക്കൂട്ടായി. കരാറുകാരുടെ യോഗങ്ങൾ യഥാസമയം കൂടുകയുണ്ടായി. നിർവ്വഹണ ഉദ്യോഗസ്ഥരും അക്കൗണ്ടസ്, എഞ്ചിനീയറിംഗ് വിഭാഗവും ഒത്തൊരുമയോടെ പ്രവർത്തിച്ചു. എല്ലാ ദിവസവും പദ്ധതി നിർവ്വഹണത്തിലെ പോരായ്മയും പുരോഗതിയും മേയർ, സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻമാർ, സെക്രട്ടറിമാർ എന്നീ തലത്തിൽ അവലോകനം നടത്തി പരിഹരിക്കാൻ കഴിയുന്ന പ്രശ്നങ്ങൾ പരിഹരിച്ച് ബാക്കിയുള്ളവയ്ക്ക് പരിഹാരമാർഗ്ഗങ്ങൾ നിർദ്ദേശിച്ചും പദ്ധതി നിർവ്വഹണം കൂടുതൽ മെച്ചപ്പെട്ടതാക്കി. സംസ്ഥാന തലം മുതൽ അടിസ്ഥാനതലം വരെ ഏകോപന സ്വഭാവമുള്ള പ്രവർത്തനങ്ങൾ ഉണ്ടായി എന്നുള്ളത് പ്രസക്തമാണ്.

> സംസ്ഥാനത്തെ എല്ലാ മുനിസിപ്പൽ കോർപ്പറേഷനുകളും കാര്യക്ഷമമായ പ്രവർത്തനങ്ങൾ നടത്തി. കൊല്ലം കോർപ്പറേഷൻ എക്കാലത്തെയും മികച്ച പ്രവർത്തനം കാഴ്ചവച്ച് മുഴുവൻ പദ്ധതി വിഹിതവും ചെലവഴിച്ചു. മുനിസിപ്പാലിറ്റികളിൽ മുന്നൊരുക്കങ്ങളിലൂടെ, ഭരണസമിതി ഇടപെടലുകളിലൂടെ, സമയബന്ധിതമായ പ്രശ്നപരിഹാരങ്ങളിലൂടെ പദ്ധതി നിർവ്വഹണം വിജയകരമായി നടപ്പിൽ വരുത്തി.

സംസ്ഥാനത്തെ എല്ലാ മുനിസിപ്പൽ കോർപ്പറേഷനുകളും കാര്യക്ഷമമായ പ്രവർത്തനങ്ങൾ നടത്തി. കൊല്ലം കോർപ്പറേഷൻ എക്കാലത്തെയും മികച്ച പ്രവർത്തനം കാഴ്ചവച്ച് മുഴുവൻ പദ്ധതി വിഹിതവും ചെലവഴിച്ചു. മുനിസിപ്പാലിറ്റികളിൽ മുന്നൊരുക്കങ്ങളിലൂടെ, ഭരണ സമിതി ഇടപെടലുകളിലൂടെ, സമയബന്ധിതമായ പ്രശ്നപരിഹാരങ്ങളിലൂടെ പദ്ധതിനിർവ്വഹണം വിജയകരമായി നടപ്പിൽ വരുത്തി. നഗരകാര്യ ഡയറക്ടറുടെ നേതൃത്വത്തിൽ എല്ലാ മാസവും സംസ്ഥാനതല പദ്ധതി പുരോഗതി അവലോകന യോഗം സംഘടിപ്പിച്ച് പദ്ധതി വിനിയോഗവും തനത് വരുമാനം പിരിച്ചെടുക്കുന്നതിലെ പുരോഗതിയും കൃത്യമായി വിലയിരുത്തിയിരുന്നു. യോഗത്തിൽ മറ്റു വകുപ്പുകളിലെ ബന്ധപ്പെട്ട സംസ്ഥാനതല മേധാവികളെ പങ്കെടുപ്പിച്ച് വിവിധ വിഷയങ്ങളിലെ ആശങ്കകളെയും സംശയങ്ങളെയും ദൂരീകരിക്കുന്നതിനുള്ള നടപടി ഉണ്ടായി. കൈമാറികിട്ടിയ സ്ഥാപനങ്ങളുടെ മേധാവികളും നിർവ്വഹണ ഉദ്യോഗസ്ഥരും മുമ്പത്തേക്കാൾ വിഭിന്നമായി ഈ രംഗത്തെ പോരായ്മകൾ പരിഹരിക്കുന്നതിന് ഇടപെടൽ നടത്തി. ബഹുമാനപ്പെട്ട തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രിയും ഉയർന്ന ഉദ്യോഗസ്ഥരും വിവിധ ജില്ലാതല അവലോകന യോഗങ്ങൾക്ക് നേതൃത്വം നൽകിയിട്ടുണ്ട്.

ഈരാറ്റുപേട്ട (133.80), ആലുവ (118.01), നോർത്ത് പറവൂർ (113.23), പുനലൂർ (107.85), കോതമംഗലം (104.73), താനൂർ (103.43), കുന്നംകുളം (101.45) എന്നീ മുനിസിപ്പാലിറ്റികളെ 100% പുരോഗതി കൈവരിച്ചിട്ടുള്ളത്. അയ്യങ്കാളി നഗര തൊഴിലുറപ്പ് പദ്ധതി ഈ വകുപ്പു മുഖേന 100% തുക വിനിയോ



ഗിച്ച് വിവിധ നഗരസഭകളിലെ അവിദഗ്ധ കായിക തൊഴിലിന് സന്നദ്ധതയുള്ള പാവപ്പെട്ടവർക്ക് തൊഴിൽ നൽകുന്നതിന് സാധിച്ചു. 2017-18 സാമ്പത്തിക വർഷം 838807 തൊഴിൽ ദിനങ്ങൾ ഈ പദ്ധതി പ്രകാരം സൃഷ്ടിച്ചിട്ടുണ്ട്. ചെലവും തൊഴിൽ ദിനങ്ങളും നഗരസഭകളിൽ ക്രമാനുഗതമായി വർദ്ധിച്ചിട്ടുണ്ട്. ഓരോ പദ്ധതികളുടെയും സൂക്ഷ്മമായ വിലയിരുത്തലും പദ്ധതി നിർവ്വഹണത്തിലെ വിടവുകൾ കണ്ടെത്തി അതിന് അനുയോജ്യമായ പ്രശ്നപരിഹാരങ്ങൾ നിർദ്ദേശിക്കുന്ന രീതിയിലുള്ള കൂടിയാലോചനകളുമാണ് ഏറ്റവും ക്രിയാത്മകമായി കാണാവുന്നത്. നടപ്പിലാക്കാവുന്ന പദ്ധതികൾ തുടക്കത്തിലെ കണ്ടെത്തി നടപ്പിലാക്കുന്നതിനുവേണ്ടി കൃത്യമായ ഇടപെടലുകൾ നടത്തിയതും പദ്ധതി കലണ്ടറിനനുസരിച്ച് നിർവ്വഹണം നടത്തുന്നതിന് ഭരണസമിതിയുടെ പരിപൂർണ്ണ സഹകരണം ലഭിച്ചതും വിജയലക്ഷ്യം കൈവരിക്കുന്നതിന് സഹായകമായി.

പദ്ധതി ആസൂത്രണവും നിർവ്വഹണവും മെച്ചപ്പെട്ടുവെന്ന് വിലയിരുത്തുമ്പോഴും പദ്ധതി കാലയളവിൽ നേരിടേണ്ടി വന്ന പ്രതിബന്ധങ്ങളെയും വെല്ലുവിളികളെയും കൂട്ടി വായിക്കേണ്ടതുണ്ട്. നോട്ടു നിരോധനത്തിന്റെ അലയടികൾ നിലച്ചിട്ടില്ലാത്ത ഒരു സാഹചര്യത്തിൽ ജി. എസ്.ടി യുടെ കടന്നുവരവ് ഈ മേഖലയെ സ്തംഭിപ്പിക്കുകയുണ്ടായി. ഏറ്റെടുത്ത പദ്ധതികൾ ഉപേക്ഷിച്ച് കരാറുകാർ പിൻമാറുമ്പോഴും സാമ്പത്തിക മേഖലയിലെ അപ്രതീക്ഷിതമായ ചൃതികളെ നേരിടുമ്പോഴും നഗരസഭകൾക്ക് ഊർജ്ജവും ഉത്തേജനവുമായി തലപ്പത്ത് ഒട്ടും പിന്നാക്കം പോകാൻ മനസില്ലാത്ത ഡയറക്ടർ ഉണ്ടായിരുന്നു. നഗരഭരണത്തിന്റെ ഓരോ തലത്തിലും വിട്ടുവീഴ്ചയില്ലാത്ത പ്രവർത്തനങ്ങൾ വെല്ലുവിളികളെ താളബദ്ധമായി നേരിടുന്നതിനും മുന്നേറുന്നതിനും സഹായിച്ചു.

കഴിഞ്ഞകാല പ്രവർത്തനങ്ങളും അനുഭവങ്ങളും വരുംവർഷങ്ങളിലെ പാഠപുസ്തകങ്ങളാക്കി പ്രാദേശിക സർക്കാരുകളുടെ ഉണർവ്വിനും ഉയർത്തെഴുന്നേൽപ്പിനും പുതിയ വഴിത്താരകൾ പിറവിയെടുക്കട്ടെ.

**നഗരകാര്യ വകുപ്പ്**

31.03.2018 വരെ നഗരസഭകൾ പിരിച്ചെടുത്ത നികുതി/നികുതിയേതര വരുമാനങ്ങളുടെ കണക്ക്

| നം. | നഗരസഭ | ശതമാനം |
|---|---|---|
| 1 | തൃശ്ശൂർ | 118.34 |
| 2 | കാസർഗോഡ് | 121.51 |
| 3 | മട്ടന്നൂർ | 103.40 |

90 ശതമാനത്തിലധികം പിരിച്ചെടുത്ത നഗരസഭകൾ

| | | |
|---|---|---|
| 1 | കണ്ണൂർ | 97.12 |
| 2 | കോഴിക്കോട് | 95.17 |
| 3 | കൊച്ചി | 92.88 |
| 4 | മാവേലിക്കര | 99.79 |
| 5 | നെടുമങ്ങാട് | 99.69 |
| 6 | ചെർപ്പുളശ്ശേരി | 99.48 |
| 7 | സൗത്ത് പരവൂർ | 99.24 |
| 8 | മാനന്തവാടി | 99.17 |
| 9 | വൈക്കം | 99.11 |
| 10 | ചേർത്തല | 99.07 |
| 11 | ആന്തൂർ | 98.94 |
| 12 | കളമശ്ശേരി | 98.82 |
| 13 | മരട് | 98.64 |
| 14 | പയ്യന്നൂർ | 98.60 |
| 15 | മലപ്പുറം | 98.48 |
| 16 | തലശ്ശേരി | 98.23 |
| 17 | തിരുവല്ല | 98.10 |
| 18 | അടൂർ | 98.00 |
| 19 | നെയ്യാറ്റിൻകര | 97.96 |
| 20 | പെരുമ്പാവൂർ | 97.87 |
| 21 | ചങ്ങനാശ്ശേരി | 97.83 |
| 22 | ചെങ്ങന്നൂർ | 97.70 |
| 23 | പൊന്നാനി | 97.65 |
| 24 | മണ്ണാർക്കാട് | 96.89 |
| 25 | ഏലൂർ | 96.59 |
| 26 | കോട്ടയം | 96.31 |
| 27 | പത്തനംതിട്ട | 94.91 |
| 28 | ചാലക്കുടി | 94.16 |
| 29 | ഈരാറ്റുപേട്ട | 93.65 |
| 30 | തൃപ്പൂണിത്തുറ | 93.36 |
| 31 | നിലമ്പൂർ | 92.66 |
| 32 | നോർത്ത് പരവൂർ | 92.48 |
| 33 | തളിപ്പറമ്പ് | 91.67 |
| 34 | കട്ടപ്പന | 91.47 |
| 35 | പരപ്പനങ്ങാടി | 91.16 |
| 36 | മഞ്ചേരി | 91.04 |
| 37 | കുന്നംകുളം | 90.43 |

# വെല്ലുവിളികൾ ഊർജ്ജമാക്കി

## പൊതുമരാമത്ത് മേഖല

**പി. ആർ. സജികുമാർ**
ചീഫ് എഞ്ചിനീയർ, തദ്ദേശസ്വയംഭരണ വകുപ്പ്



തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ 2017 - 18 സാമ്പത്തിക വർഷത്തെ പദ്ധതി പ്രവർത്തനങ്ങൾ വിജയകരമായി പൂർത്തീകരിച്ച് കഴിഞ്ഞിരിക്കുകയാണല്ലോ. തദ്ദേശസ്വയംഭരണസ്ഥാപനങ്ങളിലെ പദ്ധതി വിഹിതത്തിന്റെ 60 ശതമാനത്തോളം വിവിധ മേഖലകളിലെ പൊതുമരാമത്ത് പ്രവൃത്തികളാണ്. ഈ സാമ്പത്തിക വർഷം സ്പിൽഓവർ പ്രവൃത്തികളിൽ ഏകദേശം 90 ശതമാനത്തോളവും പുതിയ പ്രവൃത്തികളിൽ 65 ശതമാനത്തോളവും പൂർത്തീകരിച്ചിട്ടുണ്ട്. ബാക്കിയുള്ളവ നടപ്പ് സാമ്പത്തിക വർഷത്തെ (2018 - 19) സ്പിൽഓവർ പ്രവൃത്തികളായി നടന്നുവരികയാണ്.

കഴിഞ്ഞ സാമ്പത്തിക വർഷത്തെ മാർഗ്ഗനിർദ്ദേശങ്ങൾ പ്രകാരം 70% പ്രവൃത്തികൾ ഡിസംബർ മാസത്തിന് മുമ്പും ബാക്കിയുള്ള 30% അതിന് ശേഷമുള്ള മാസങ്ങളിലും (2018 മാർച്ച് 31-ന് മുമ്പ്) പൂർത്തിയാക്കാനാണ് വിഭാവനം ചെയ്തിരുന്നതെങ്കിലും പലവിധ കാരണങ്ങളാൽ അത് കൈവരിക്കുവാൻ സാധിച്ചില്ല. തടസ്സങ്ങൾ നീക്കി വർഷത്തിന്റെ അവസാനപാദത്തിലാണ് പ്രവൃത്തികൾ അധികവും പൂർത്തിയാക്കി ബിൽ തയ്യാറാക്കുന്നതിന് സാധിച്ചത്. പോയ വർഷം പൊതുമരാമത്ത് പ്രവൃത്തികളുടെ നിർവ്വഹണത്തിലെ ഒട്ടനവധി പ്രതിസന്ധികൾക്കിടയിലാണ് ഈ ഒരു വിജയം കൈവരിക്കാൻ കഴിഞ്ഞത്.

കഴിഞ്ഞ സാമ്പത്തിക വർഷത്തിന്റെ ഒന്നാമത്തെയും രണ്ടാമത്തെയും പാദത്തിൽ GST കാരണം അധിക ബാധ്യതയുണ്ടാകും എന്ന ആശയക്കുഴപ്പത്തെ തുടർന്ന് കരാറുകാർ പ്രവൃത്തികൾ ഏറ്റെടുക്കാൻ വൈമുഖ്യം കാണിച്ചത് പ്രവൃത്തികൾ ആരംഭിക്കുന്നത് വൈകിപ്പിച്ചു. തദ്ദേശസ്വയംഭരണ വകുപ്പ് എഞ്ചിനീയർമാരുടെയും ഗുലാത്തി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫിനാൻസ് & ടാക്സേഷനിലെ ഉദ്യോഗസ്ഥരുടെയും സംയുക്ത ശ്രമഫലമായി GST സംബന്ധിച്ച് ഒരു വ്യക്തത കൈവരിക്കുന്നതിനും 87/2017/തസ്വഭവ, തീയതി. 01.11.2017 എന്ന സർക്കാർ ഉത്തരവ് പ്രസിദ്ധീകരിക്കുന്നതിനും സാധിച്ചു. ഈ ഉത്തരവിന് ശേഷമാണ് കരാറുകാർ പ്രവൃത്തികൾ ഏറ്റെടുക്കാൻ തയ്യാറായി മുന്നോട്ട് വന്നത്. അതുപോലെ തന്നെ നിർമ്മാണ പ്രവൃത്തികൾക്കാവശ്യമായ സാധനസാമഗ്രികൾ ലഭ്യമാകുന്നതിലും തടസ്സങ്ങളുണ്ടായി.

മൈനിംഗ് &ജിയോളജി, പരിസ്ഥിതി വകുപ്പുകളുടെയും പൊതുജനങ്ങളുടെയും ഇടപെടലുകളെത്തുടർന്ന് പല ക്വാറികളുടെയും പ്രവർത്തനം നിലയ്ക്കുകയുണ്ടായി. മറ്റ് സംസ്ഥാനങ്ങളിൽ നിന്നും നിർമ്മാണ സാമഗ്രികൾ കൊണ്ടുവരുന്നതിൽ പോലീസ് പരിശോധനയെ തുടർന്ന് പല സന്ദർഭങ്ങളിലും തടസ്സങ്ങൾ നേരിടുകയുണ്ടായി. എന്നിരുന്നാലും മുഖ്യമന്ത്രിയുടെയും വ്യവസായ വകുപ്പിന്റെയും സത്വര ഇടപെടലിലൂടെ നിർമ്മാണ സാമഗ്രികളുടെ ലഭ്യത വർദ്ധിപ്പിക്കുവാൻ സാധിച്ചു.

മറ്റ് എഞ്ചിനീയറിംഗ് വകുപ്പുകളെ അപേക്ഷിച്ച് തദ്ദേശസ്വയംഭരണ എഞ്ചിനീയറിംഗ് വിഭാഗത്തിൽ യുവത്വത്തിന്റെ ഒരു നിര തന്നെ നിലവിലുള്ളതിനാൽ മറ്റു വകുപ്പുകൾക്ക് മാതൃകയായ പ്രവർത്തനം കാഴ്ചവെയ്ക്കാനും ധനവിനിയോഗത്തിൽ ഒന്നാം സ്ഥാനം നേടാനും സാധിച്ചു എന്നത് അഭിമാനകരം തന്നെയാണ്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ ഭരണനേതൃത്വവും എഞ്ചിനീയറിംഗ് വിഭാഗവും തോളോടുതോൾ ചേർന്ന് ആത്മാർത്ഥതയോടെ പ്രവർത്തിച്ചതുകൊണ്ടാണ് നിസ്തുലമായ ഈ നേട്ടം കൈവരിക്കാനായത്.

2018-19 സാമ്പത്തിക വർഷത്തിൽ മുൻ വർഷത്തെ പോരായ്മകളെല്ലാം പരിഹരിച്ചുകൊണ്ട് മുൻകൂർ പ്ലാനിങ്ങോടുകൂടി 2018 ഡിസംബറിന് മുമ്പ് തന്നെ 100% പ്രവൃത്തികളും പൂർത്തീകരിക്കാൻ സാധിച്ചാൽ അത് എഞ്ചിനീയറിംഗ് വിഭാഗത്തിന്റെ പ്രവർത്തനത്തിലെ ഒരു നാഴികക്കല്ലായി മാറുമെന്നതിൽ സംശയമില്ല. ഏതെങ്കിലും സാഹചര്യത്തിൽ ഏതെങ്കിലും പ്രവൃത്തികൾ നടപ്പിലാക്കാൻ സാധിക്കാത്ത ഒരു സാഹചര്യമുണ്ടാകുകയാണെങ്കിൽ അത് ഒരു മാറ്റ പ്രോജക്ടായി തയ്യാറാക്കി നടപ്പിലാക്കുന്നതിന് അധികമായി സമയം ലഭിക്കുന്നതും അത് നടപ്പ് സാമ്പത്തിക വർഷം തന്നെ പൂർണ്ണമായി പൂർത്തിയാക്കാൻ സാധിക്കു

ന്നതുമാണ്.

ഈ വർഷത്തിന്റെ തുടക്കത്തിൽ തന്നെ എഞ്ചിനീയറിംഗ് വിഭാഗത്തിൽ ഒഴിവുണ്ടായിരുന്ന 512 മൂന്നാംതരം ഓവ ർസിയർമാർ, 25 രണ്ടാംതരം ഓവർസി യർമാർ, 245 ഒന്നാംതരം ഓവർസിയ ർമാർ, 132 അസിസ്റ്റന്റ് എഞ്ചിനീയർമാർ എന്നിവരുടെ നിയമനം പി.എസ്.സി അഡ്വൈസ് ലഭിച്ച മുറയ്ക്ക് ശരവേഗത്തി ൽ നടത്തുവാൻ സാധിച്ചിട്ടുണ്ട്. എല്ലാ വിഭാഗത്തിലും പി.എസ്.സി റാങ്ക് ലിസ്റ്റ് നിലവിലുള്ളതിനാൽ വരുന്ന മൂന്ന് മാസ ത്തിനകം മുഴുവൻസാങ്കേതിക വിഭാഗം ജീവനക്കാരുടെ ഒഴിവുകളും നികത്താൻ സാധിക്കുന്നതാണ്. അതുകൊണ്ടു തന്നെ ഒരു വൻ മുന്നേറ്റം നടത്തുവാൻ സാധി ക്കുമെന്നാണ് പ്രതീക്ഷിക്കുന്നത്. എഞ്ചി നീയറിംഗ് വിഭാഗത്തിന്റെ സുഗമമായ പ്രവർത്തനത്തിന് നിലവിലെ അപര്യാ പ്തമായ മിനിസ്റ്റീരിയൽ വിഭാഗം വിപുലീ കരിക്കുകയും ശക്തിപ്പെടുത്തുകയും ചെ യ്യേണ്ടത് അനിവാര്യമാണ്.

ഈ സാമ്പത്തിക വർഷം നമ്മുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ കൈവരിക്കണമെ ങ്കിൽ ഒട്ടനവധി കാര്യങ്ങൾ മുൻകൂട്ടി ചെ യ്യേണ്ടതുണ്ട്. എല്ലാ പദ്ധതി പ്രവൃ ത്തിക ളുടെയും ഡി.പി.സി അംഗീകാരം ലഭ്യമാ യി കഴിഞ്ഞിട്ടുള്ളതാണ്. ഡി.പി.സി അംഗീകാരം മുൻകൂട്ടി തന്നെ ലഭിച്ച് കഴി ഞ്ഞതിനാൽ അടിക്കടി പദ്ധതികൾ മാറ്റു ന്ന പ്രവണത കുറഞ്ഞുവന്നിട്ടുള്ളതാണ്. എഞ്ചിനീയറിംഗ് വിഭാഗത്തെ സംബ ന്ധിച്ചിടത്തോളം പദ്ധതികൾ നടപ്പിലാ ക്കാനുള്ള സൈറ്റുകൾ പരിശോധിച്ച് site conditions – ന് അനുയോജ്യമായ യു ക്തിസഹമായ എസ്റ്റിമേറ്റുകളും ഡ്രോയിം ഗുകളും തയ്യാറാക്കി, മുൻ വർഷത്തെ പോലെ എസ്റ്റിമേറ്റ് തയ്യാറാക്കിയ ഉദ്യോ ഗസ്ഥന് തൊട്ടുമുകൾതലത്തിലെ ഉദ്യോ ഗസ്ഥനിൽ നിന്നും സാമ്പത്തികപരിധി ക്ക് വിധേയമായി സാങ്കേതികാനുമതി വാങ്ങേണ്ടതാണ്. ഏപ്രിൽ 30 – നകം തന്നെ ഈ പ്രവൃത്തി പൂർത്തിയാക്കേ ണ്ടതാണ്. എല്ലാ പ്രവൃത്തികളുടെയും ടെണ്ടർ നടപടികൾ മെയ് 15 – നകം തന്നെ പൂർത്തിയാക്കി മെയ് 25 – നകം വർക്ക് ഓഡർ നല്കി എഗ്രിമെന്റ് വെച്ച് പദ്ധതി ആരംഭിക്കുന്നതിനുള്ള പ്രവർത്ത നങ്ങൾ നടത്തേണ്ടതാണ്. നിർവ്വഹണ ത്തിന് അധിക സമയം ആവശ്യമില്ലാ ത്ത (റോഡ് കോൺക്രീറ്റിംഗ് / റോഡ് റീ-സർഫസിംഗ് പോലെയുള്ളവ) പ്രവൃ ത്തികൾ മേൽ നിർദ്ദേശിച്ച തീയതിക ൾക്ക് മുമ്പായി സാങ്കേതികാനുമതിയും ടെണ്ടർ നടപടികളും പൂർത്തിയാക്കി മെയ് – 30 നകം പൂർത്തി യാക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. കൂടുതൽ സമയവും വിവിധ ഘട്ടങ്ങളായു ള്ള നിർമ്മാണവും ആവശ്യമുള്ള പ്രവൃ ത്തികൾ, മഴക്കാലത്ത് ചെയ്യാവുന്ന പ്രവൃ ത്തികൾ എന്നിവ പ്രത്യേകം വേർതിരി ക്കുകയും അവയുടെ പൂർത്തീകരണത്തിന് ഒരു പൂർത്തീകരണ കലണ്ടർ തയ്യാറാ ക്കേണ്ടതുമാണ്.

ഡി.പി.സി അംഗീകരിച്ച എല്ലാ പ്രവൃ ത്തികളും ഒറ്റ നോട്ടത്തിൽ മോണിട്ടർ ചെയ്യാവുന്ന തരത്തിൽ പ്രവൃത്തിയുടെ ഘട്ടങ്ങൾ വേർതിരിച്ച ചാർട്ട് / ഷീറ്റ് അതത് നിർവ്വഹണ ഉദ്യോഗസ്ഥർ തയ്യാ റാക്കേണ്ടതും തദ്ദേശസ്വയംഭരണ സ്ഥാ പനത്തിന്റെ പ്രസിഡന്റ് / സെക്രട്ടറി / മുതിർന്ന എഞ്ചിനീയർമാർ എന്നിവരുമാ യി ചർച്ച ചെയ്ത് അന്ത്യരൂപം നല്കേണ്ട തും അതനുസരിച്ച് പ്രവൃത്തികൾ സമയ ബന്ധിതമായി നടപ്പാക്കേണ്ടതുമാണ്. അതോടൊപ്പം ഓരോ പ്രവൃത്തികളുടെയും ടി PERT ചാർട്ട് കരാറുകാരന്റെ ഒപ്പോടു കൂടി എഗ്രിമെന്റിന്റെ ഭാഗമാക്കേണ്ടതുമാ ണ്. ചാർട്ട് പ്രകാരം തന്നെയാണ് പ്രവൃ ത്തികൾ മുന്നോട്ടുപോകുന്നതെന്ന് ബന്ധ പ്പെട്ട എഞ്ചിനീയർമാർ നിശ്ചയമായും ഉറപ്പുവരുത്തേണ്ടതുമാണ്. അങ്ങനെയ ല്ലാത്തപക്ഷം അത് എഞ്ചിനീയർമാരുടെ വീഴ്ചയായി കാണുന്നതാണ്.

ഈ സാമ്പത്തിക വർഷം എസ്റ്റിമേ റ്റിനൊപ്പം കരാറുകാർക്ക് നല്കേണ്ട GST Compensation PRICE Software – ൽ ഉൾപ്പെ ടുത്തുന്നതിനുള്ള നടപടികൾ നടന്നുവരു ന്നു. അതിന് കാലതാമസം ഉണ്ടാവുകയാ ണെങ്കിൽ GST Compensation ആവശ്യമുള്ള പക്ഷം എസ്റ്റിമേറ്റിലും ടെണ്ടർ ഷെഡ്യൂളി ലും ഉൾപ്പെടുത്തി വേണം ടെണ്ടർ ക്ഷണി ക്കേണ്ടത്. കരാറുകാരിൽ നിന്നും GST ചട്ട പ്രകാരം TDS ആയി 2% തുക പിരിച്ച് അടവാക്കണമെന്നുള്ള നിർദ്ദേശം 3 മാസ ത്തേക്ക് കൂടി GST Council നീട്ടിവെച്ചിട്ടുള്ള താണ്. അതിനാൽ ഇനിയൊരു നിർദ്ദേ ശം ഉണ്ടാകുന്നതു വരെ GST - TDS പിടിക്കേണ്ടതില്ലാത്തതും നിലവിലുള്ള രീതി തുടരാവുന്നതുമാണ്.

പുതുതായി സർവ്വീസിൽ നിയമനം ലഭിച്ച ഓവർസിയർമാർ/ എഞ്ചിനീയ



ർമാർക്ക് ചീഫ് എഞ്ചിനീയറുടെ ഓഫീസിൽ നിന്നും മുൻകൈയ്യെടുത്ത് KILA / IMG എന്നീ പരിശീലന കേന്ദ്രങ്ങ ളിൽ തീവ്ര പ്രായോഗിക പരിശീലനം നല്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

പൊതുമരാമത്ത് പ്രവൃത്തികളുടെ നി ർവ്വഹണം നടത്തുന്ന വേളയിൽ താഴെ പറയുന്ന കാര്യങ്ങൾ എഞ്ചിനീയർമാരു ടെ ശ്രദ്ധയിൽകൊണ്ടുവരുന്നതിന് ഉദ്ദേ ശിക്കുന്നു.

- പല എസ്റ്റിമേറ്റുകളും നിർമ്മാണം നടത്തേണ്ട സൈറ്റുമായി ബന്ധമുള്ളതാ യി കാണുന്നില്ലായെന്ന് ആക്ഷേപമുണ്ട്. അതിനാൽ നിർവ്വഹണ വേളയിൽ എസ്റ്റിമേറ്റ് റിവൈസ് ചെയ്യേണ്ടി വരികയും സമയ നഷ്ടം ഉണ്ടാകുകയും ചെയ്യുന്നു. അത് ഒഴിവാക്കേണ്ടതാണ്.
- നിർമ്മാണം പൂർത്തിയായ ചില പ്രവൃത്തികൾക്ക് ചെലവായ ആകെ തുകയെ മാർക്കറ്റ് നിരക്കുകളും അനുമാന ങ്ങളും വെച്ച് താരതമ്യം ചെയ്യുമ്പോൾ നിർമ്മാണ ചെലവിൽ വളരെ അധികം



വ്യതിയാനമുള്ളതായി പൊതുജനങ്ങളിൽ നിന്നും ആക്ഷേപം ഉയർന്നു വരുന്നുണ്ട്. പ്രത്യേകിച്ചും roof truss, interior decoration മുതലായ പ്രവൃത്തികളിൽ നിർമ്മാണ ചെലവും മതിപ്പ് മൂല്യവുമായി പൊരുത്തപ്പെടാതെ വരുന്നുണ്ട്. അത് വിജിലൻസ് കേസുകൾക്കും ഓഡിറ്റ് പരാമർശങ്ങൾക്കും ആവശ്യമില്ലാത്ത ആരോപണങ്ങൾക്കും കാരണമാകുന്നു. അതുകൊണ്ടു തന്നെ എസ്റ്റിമേറ്റ് തയ്യാറാക്കുന്ന ബന്ധപ്പെട്ട ഉദ്യോഗസ്ഥർ നാട്ടിൽ നിലവിലുള്ള നിർമ്മാണ ചെലവുമായി എസ്റ്റിമേറ്റുകൾ താരതമ്യം ചെയ്യേണ്ടതാണ്. ഇത് അധികമായിട്ടില്ലായെന്ന് ബന്ധപ്പെട്ട എല്ലാപേർക്കും ബോദ്ധ്യപ്പെടേണ്ടതാണ്.

▸ 5 ലക്ഷവും അതിനു മുകളിലുമുള്ള എല്ലാ പ്രവൃത്തികളും നിർബന്ധമായും ഇ-ടെണ്ടർ ചെയ്യേണ്ടതാണ്. 50,000നും 5,00,000നും ഇടയ്ക്കുള്ള പ്രവൃത്തികൾ ഇ-ടെണ്ടർ / മാന്വൽ ടെണ്ടർ ചെയ്യാവുന്നതാണ്. 50,000 ൽ താഴെയുള്ളവ ആവശ്യമെങ്കിൽ ഗുണഭോക്തൃസമിതി ഉപയോഗിച്ച് നടപ്പിലാക്കാവുന്നതാണ്.

▸ റോഡ് പ്രവൃത്തികളുടെ എസ്റ്റിമേറ്റ് തയ്യാറാക്കുമ്പോൾ ടാറിംഗ് പ്രവൃത്തികൾക്ക് വകയിരുത്തുന്ന തുകയുടെ 25% തുകയ്ക്ക് shredded plastic ഉപയോഗിച്ച് എസ്റ്റിമേറ്റ് തയ്യാറാക്കേണ്ടതും നിർമ്മാണം നടത്തേണ്ടതുമാണ്. PRICE Software - ൽ ഇതിനുള്ള എസ്റ്റിമേറ്റുകൾ ലഭ്യമാണ്.

▸ ജനങ്ങൾ തിങ്ങി പാർക്കുന്ന സ്ഥലങ്ങളിൽ പരിസ്ഥിതി സൗഹാർദ്ദപരമായ cold mix technology ഉപയോഗിച്ച് റോഡുകൾ നിർമ്മിക്കാവുന്നതാണ്. പല തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലും ഇത് നടപ്പിലാക്കി വിജയകരമാണെന്ന് തെളിഞ്ഞിട്ടുണ്ട്.

▸ പഞ്ചായത്ത് /നഗരസഭകൾ നടപ്പിലാക്കുന്ന റോഡ് പ്രവൃത്തികളിൽ paver ഉപയോഗിക്കാൻ സാധിക്കുന്ന traffic intensity കൂടുതലുള്ള റോഡുകളിൽ BMBC Specification ഉപയോഗിക്കാവുന്നതാണ്.

▸ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളെ സംബന്ധിച്ച് CPWD / MORD / MORTH എന്നീ സ്പെസിഫിക്കേഷനുകളിൽ ഏത് ഉപയോഗിച്ചും നിർമ്മാണം നടത്താവുന്നതാണ്. ഏത് സ്പെസിഫിക്കേഷനാണോ ഉപയോഗിക്കുന്നത് അതിൽ പറഞ്ഞിരിക്കുന്ന നിർമ്മാണ രീതികൾ അവലംബിക്കേണ്ടതാണ്.

▸ ഓരോ വർഷവും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ ഏകദേശം 4,000 കോടി രൂപയുടെ നിർമ്മാണ പ്രവൃത്തികളാണ് നടപ്പിലാക്കുന്നത് അതിൽ ഭൂരിഭാഗവും റോഡ് നിർമ്മാണത്തിനാണ് ചെലവാക്കുന്നത്. ഇങ്ങനെ പുതിയ റോഡ് നിർമ്മിക്കുമ്പോൾ എത്ര ഗുണഭോക്താക്കൾക്ക് അതുകൊണ്ട് പ്രയോജനമുണ്ട് എന്നുകൂടി പരിശോധിക്കേണ്ടതും അത് എസ്റ്റിമേറ്റ് റിപ്പോർട്ടിൽ ചേർക്കേണ്ടതുമാണ്. പുതുതായി രൂപാന്തരപ്പെടുന്ന ആവാസ കേന്ദ്രങ്ങളിലേക്ക് റോഡുകൾ ആവശ്യമായി വരും എന്നിരുന്നാലും കൂടുതൽ റോഡുകൾ നിർമ്മിക്കുന്നത് പലതരം പാരിസ്ഥിതിക പ്രശ്നങ്ങൾക്ക് കാരണമാകുന്നുണ്ട്.

▸ നിർമ്മാണ മേഖലയിലെ ചെലവ് കുറയ്ക്കുന്നതിന് ഫില്ലിംഗുകൾക്കും മറ്റും Construction & Demolition (C & D) Waste - കൾ ഉപയോഗപ്പെടുത്തുന്നത് അഭികാമ്യമാണ്. കൂടാതെ പരമ്പരാഗത തടി വാതിലുകൾക്കും ജനലുകൾക്കും പകരം പുതിയ തരം സ്റ്റീൽ / അലൂമിനിയം ഉപയോഗിച്ചുള്ള pre-fabricated വാതിലുകളും ജനലുകളും ഉപയോഗിക്കാവുന്നതാണ്. അതുപോലെ തന്നെ RCC slab - ന് പകരമായി ഫില്ലർ സ്ലാബ് ഉപയോഗിക്കുന്നത് ചെലവ് കുറയ്ക്കുന്നതിന് സഹായകരമാകും.

▸ കെട്ടിടങ്ങൾ അതിവേഗം നിർമ്മിക്കേണ്ടി വരുമ്പോഴും ഭൂഗർഭജലവിതാനം ഉയർന്ന കുട്ടനാട് പോലെയുള്ള സ്ഥലങ്ങളിലും FACT യുടെ by- product ആയ ജിപ്സം ഉപയോഗിച്ച് നിർമ്മിക്കുന്ന GFRG പാനലുകൾ പ്രയോജനപ്പെടുത്താവുന്നതാണ്. ജലാംശത്തെ ഒരു രീതിയിലും ആഗിരണം ചെയ്യില്ല, ഭാരക്കുറവ്, മികച്ച ഫിനിഷിംഗ്, താപ നിയന്ത്രണം എന്നിവ ഇതിന്റെ പ്രത്യേകതകളാണ്. ഇതിലൂടെ foundation settlement ഇല്ലാതാക്കാൻ സാധിക്കുന്നതുമാണ്.

▸ റോഡ് പ്രവൃത്തികൾക്ക് ആവശ്യമുള്ള ബിറ്റുമിന്റെയും emulsion - ന്റെയും പുതുക്കിയ മാർക്കറ്റ് നിരക്ക് PWD വഴി

പ്രസിദ്ധീകരിക്കുന്നതിനുള്ള നടപടികൾ നടന്നുവരുന്നു.

▶ പല തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലും പൊതുമരാമത്ത് പ്രവൃത്തികൾ അക്രഡിറ്റഡ് ഏജൻസികളെ ഏല്പിച്ച് വരുന്നുണ്ട്. ധനകാര്യ വകുപ്പിന്റെ 95/2017, 122/2017, 142/2017, 25/2018, 29/2018, 52/2018 തുടങ്ങിയ ഉത്തരവുകൾ പാലിച്ചാണ് അക്രഡിറ്റഡ് ഏജൻസിയകളെ പ്രവൃത്തികൾ ഏല്പിക്കേണ്ടത്. അക്രഡിറ്റഡ് ഏജൻസികളെ Non Project Management Consultant (Non PMC), Project Management Consultant (PMC) എന്നിങ്ങനെ രണ്ടായി തരംതിരിച്ചിട്ടുണ്ട്. ഹാബിറ്റാറ്റ്, നിർമ്മിതി, കോസ്റ്റ്ഫോർഡ് എന്നിവ നടപ്പിലാക്കുന്ന ചെലവ് കുറഞ്ഞ തനത് സാങ്കേതിക വിദ്യ അവലംബിക്കുന്ന പ്രവൃത്തികളും Uralunkal Labour Contract Society, Thrissur District Labour Contract Society എന്നിവർ ചെയ്യുന്ന പ്രവൃത്തികളുമാണ് Non PMC രീതിയിൽ നടപ്പിലാക്കാവുന്നത്. ഹാബിറ്റാറ്റ്, നിർമ്മിതി, കോസ്റ്റ്ഫോർഡ് എന്നിവ നടപ്പിലാക്കുന്ന ചെലവ് കുറഞ്ഞ തനത് സാങ്കേതികവിദ്യ ഉപയോഗിച്ചുള്ള പ്രവൃത്തികൾ സ്ഥാപനങ്ങളെ നേരിട്ട് ഏല്പിക്കാവുന്നതും സാങ്കേതികാനുമതി അവർക്ക് തന്നെ 25/2018 ഉത്തരവിലെ മാർഗ്ഗനിർദ്ദേശങ്ങൾ പ്രകാരം നല്കാവുന്നതുമാണ്. തനത് സാങ്കേതികവിദ്യ ഉപയോഗിച്ച് ചെയ്യുന്ന പ്രവൃത്തികളുടെ ചെലവ് നിലവിലുള്ള SOR നിരക്കിനേക്കാൾ കുറവാണെന്ന് സാങ്കേതികാനുമതി നല്കുന്ന അധികാരി സാക്ഷ്യപ്പെടുത്തേണ്ടതാണ്. കൂടാതെ Uralunkal Labour Contract Society, Thrissur District Labour Contract Society എന്നീ അക്രഡിറ്റഡ് ഏജൻസികളെയും നേരിട്ട് നിർമ്മാണ പ്രവൃത്തികൾ ഏല്പിക്കാവുന്നതാണ്.

▶ Non PMC ആയ അക്രഡിറ്റഡ് ഏജൻസികളെ പ്രവൃത്തികൾ ഏല്പിക്കുമ്പോൾ Contractors Profit(CP) നല്കേണ്ടതില്ല. അത് പ്രകാരമുള്ള മാറ്റങ്ങൾ PRICE Software - ൽ വരുത്തിയിട്ടുള്ളതാണ്. തനത് സാങ്കേതികവിദ്യ ഉപയോഗിക്കാത്ത പ്രവൃത്തികൾ അക്രഡിറ്റഡ് ഏജൻസികളെ ഏല്പിക്കുമ്പോൾ അതിന് സാങ്കേതികാനുമതി അതത് വകുപ്പിലെ ഉദ്യോഗസ്ഥർ തന്നെ സാമ്പത്തിക പരിധിക്ക് വിധേയമായി PRICE Software - ലൂടെ നല്കേണ്ടതാണ്. ഇങ്ങനെ ഏല്പിക്കുമ്പോൾ നിലവിൽ അക്രഡിറ്റഡ് ഏജൻസികൾ നിർവഹണം ഏറ്റെടുത്തിട്ടുള്ള പ്രവൃത്തികളുടെ ആകെ തുക 95/2017 സർക്കാർ ഉത്തരവിൽ സൂചിപ്പിച്ചിട്ടുള്ള പരിധികൾ പാലിക്കുന്നുണ്ടെന്ന് അക്രഡിറ്റഡ് ഏജൻസികൾ സാക്ഷ്യപ്പെടുത്തി നല്കേണ്ടതും അത് എഗ്രിമെന്റ് അതോറിറ്റി ഉറപ്പുവരുത്തേണ്ടതുമാണ്.

▶ Project Management Consultant (PMC) ആയി അക്രഡിറ്റ് ചെയ്തിട്ടുള്ള ഏജൻസികളെ പ്രവൃത്തികൾ ഇ-ടെണ്ടർ മുഖേന ഏല്പിക്കാവുന്നതാണ്. അടങ്കൽ തുകയനുസരിച്ച് 5 മുതൽ 8 % വരെയുള്ള Centage Charge - ൽ അക്രഡിറ്റഡ് ഏജൻസി കൾക്കിടയിലുള്ള ലിമിറ്റഡ് ഇ-ടെണ്ടർ വഴിയാണ് പ്രവൃത്തികൾ ഏല്പിക്കേണ്ടത്. ഇവർക്ക് CPOH നല്കാവുന്നതാണ്.

▶ ഒറ്റപ്പെട്ട സ്ഥലങ്ങളിൽ കരാറുകാരുടെ പ്രതിനിധികൾ, പൊതു പ്രവർത്തകർ എന്നിവർ എഞ്ചിനീയറിംഗ് വിഭാഗം ജീവനക്കാരുമായി സംഘർഷത്തിലേർപ്പെടുന്നതായി കണ്ടുവരുന്നു.

▶ വിഷയങ്ങൾ വിശകലനം ചെയ്യുമ്പോൾ ഒന്നാമതായി ഉദ്യോഗസ്ഥർ തയ്യാറാക്കുന്ന എസ്റ്റിമേറ്റ് / ബില്ലുകളിലെ തുക നിർമ്മാണ ചെലവിനേക്കാൾ വളരെ കുറവാണെന്ന ആക്ഷേപമാണുള്ളത്. ഈ ആരോപണത്തിൽ കഴമ്പുണ്ടോയെന്ന് ബന്ധപ്പെട്ട എഞ്ചിനീയർമാർ അനുഭാവപൂർവ്വം പരിശോധയ്ക്ക് വിധേയമാക്കേണ്ടതും മേലിൽ ഇത്തരം സംഭവങ്ങൾ ആവർത്തിക്കാതിരിക്കാനുള്ള മുൻകരുതലുകൾ എല്ലാവരും എടുക്കേണ്ടതുമാണ്.

▶ രണ്ടാമതായി മുമ്പ് വളരെ അടിയന്തര ഘട്ടങ്ങളിൽ ഭരണസമിതി ഇടപെട്ട് നേരിട്ട് നിർവ്വഹണം നടത്തിയ പ്രവൃത്തികൾ അറിഞ്ഞോ അറിയാതെയോ ഡി.പി.സിയിൽ പാസ്സായി വരുകയും പ്രവൃത്തികൾ ടെണ്ടർ ചെയ്യാതെ അളവുകൾ രേഖപ്പെടുത്തി ബിൽ തുക നല്കുന്നതിനുള്ള സമ്മർദ്ദം ഉണ്ടാവുകയും ചെയ്യുന്നു. പ്രസ്തുത സാഹചര്യങ്ങൾ മുൻകൂട്ടി കണ്ട് ബന്ധപ്പെട്ട എഞ്ചിനീയർമാർ തുടക്കത്തിൽ തന്നെ അത് നിരുത്സാഹപ്പെടുത്തേണ്ടതും സർക്കാരിന്റെ / മേലുദ്യോഗസ്ഥരുടെ മുന്നിൽ വിഷയം കൊണ്ടുവരേണ്ടതും അതിലൂടെ സുതാര്യമായ ഒരു പരിഹാരം ഉണ്ടാക്കേണ്ടതുമാണ്. അതത് സ്ഥാപനങ്ങളിൽ തന്നെ മേൽ വിഷയങ്ങൾ പരിഹരിക്കാൻ ശ്രമിക്കുമ്പോഴാണ് സംഘർഷത്തിലേക്ക് വഴുതി വീഴുന്നത്.

എഞ്ചിനീയറിംഗ് വിഭാഗം നേരിടുന്ന പ്രശ്നങ്ങളോടുള്ള ഈ സർക്കാരിന്റെ അനുഭാവപൂർവ്വമായ നിലപാടിന്റെ ഉദാഹരണമാണ് സൈറ്റുകൾ പരിശോധിക്കുന്നതിന് വാഹനം വാങ്ങുകയോ / വാടകയ്ക്ക് എടുത്തോ ഉപയോഗിക്കാമെന്നുള്ള 690/18/തസ്വഭവ തീയതി 14.03.2018 സർക്കാർ ഉത്തരവ്. ഇതിലൂടെ പ്രവൃത്തി നടപ്പിലാക്കുന്ന കരാറുകാരന്റെ വാഹനത്തിൽ തന്നെ സൈറ്റ് പരിശോധന നടത്തുന്ന പ്രവണത ഒഴിവാക്കുന്നതിനും നിരന്തരമായുള്ള Surprise check മുഖാന്തരം ഗുണമേന്മ ഉയർത്തുന്നതിനും സാധിക്കുന്നതാണ്. ഈ സർക്കാർ ഉത്തരവ് നടപ്പ് സാമ്പത്തിക വർഷമെങ്കിലും നടപ്പിലാക്കണമെന്ന് തദ്ദേശസ്വയംഭരണ വകുപ്പ് അധികാരികളോട് അഭ്യർത്ഥിക്കുന്നു.

നിർമ്മാണ പ്രവൃത്തികളുടെ ലിസ്റ്റ്, ഘട്ടങ്ങൾ, പൂർത്തീകരണ രീതി എന്നിവ തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെ അദ്ധ്യക്ഷൻ / സെക്രട്ടറി / വികസന സ്റ്റാൻഡിംഗ് കമ്മിറ്റി ചെയർമാൻ / വാർഡ് മെമ്പർ എന്നിവരുമായി ചർച്ച ചെയ്ത് കുറ്റമറ്റ രീതിയിൽ പൂർത്തിയാ ക്കുന്നതിന് എഞ്ചിനീയർമാർ ശ്രദ്ധിക്കേണ്ടതാണ്. ഈ പ്രവൃത്തികൾ എല്ലാം തന്നെ കേന്ദ്രീകൃത അവലോകനം നടത്തുന്നതിന് ചീഫ് എഞ്ചിനീയറുടെ ഓഫീസിൽ നിന്നും പ്രസിദ്ധീകരിക്കുന്ന വെബ് സൈറ്റ് ഷീറ്റുകൾ അതാത് സമയം തന്നെ അപ്ഡേറ്റ് ചെയ്യേണ്ടതാണ്. പ്രവൃത്തികൾ എല്ലാം തന്നെ ബ്ലോക്ക് / ജില്ല തലത്തിൽ അവലോകനം ചെയ്യേണ്ടതും സാങ്കേതിക അറിവുകൾ പരസ്പരം വ്യക്തതയോടെ കൈമാറി ഗുണമേന്മ ഉയർത്തേണ്ടതുമാണ്. എഞ്ചിനീയർമാരിൽ ചുരുക്കം ചിലർ നിർമ്മാണ മേഖലയോട് വിമുഖത കാട്ടുന്ന പ്രവണത കണ്ടുവരുന്നു. അത് ഈ വകുപ്പിനെ സംബന്ധിച്ചിടത്തോളം ഒരു കാരണവശാലും പ്രോത്സാഹിപ്പിക്കാൻ കഴിയുന്നതല്ല എന്ന് ഓർമ്മിപ്പിക്കുന്നതോടൊപ്പം ഈ വർഷം 100% പദ്ധതി നിർവ്വഹണം കൈവരിക്കാൻ എല്ലാവരും ഒത്തൊരുമയോടെ ആത്മാർത്ഥമായി പ്രവർത്തിക്കണമെന്ന് താത്പര്യപ്പെടുന്നു.

# സ്ഥലപരാസൂത്രണം സമഗ്രതയിൽ

**ഷാജി ജോസഫ്**
ചീഫ് ടൗൺ പ്ലാനർ, നഗര-ഗ്രാമാസൂത്രണ വകുപ്പ്

സംസ്ഥാനത്തിന്റെ സാമൂഹിക, സാമ്പത്തിക, ഭൗതിക വിവരങ്ങൾ സമഗ്രമായി ഉൾക്കൊണ്ട് ശാസ്ത്രീയമായ രീതിയിൽ സ്ഥലപരാസൂത്രണ സമീപനത്തോടെ വിവിധ തലങ്ങളിൽ രൂപരേഖ തയ്യാറാക്കുന്നതിനോടൊപ്പം സർക്കാരിനും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കും വേണ്ടുന്ന സാങ്കേതിക ഉപദേശങ്ങൾ നൽകുക എന്നതാണ് നഗര ഗ്രാമാസൂത്രണ വകുപ്പിന്റെ പ്രധാന ലക്ഷ്യം. ഈ ലക്ഷ്യം കൈവരിക്കുന്നതിനായി ചീഫ് ടൗൺ പ്ലാനറുടെ ഓഫീസിലും അതിനു കീഴിലുള്ള 14 ജില്ലാ ഓഫീസുകളിലുമായി വിവിധ പദ്ധതികളും പ്രവർത്തനങ്ങളും നടത്തി വരുന്നു. സംയോജിതമായി വകുപ്പ് തലത്തിലും സർക്കാർ തലത്തിലും നടത്തിവരുന്ന അവലോകനങ്ങൾ പദ്ധതി നടത്തിപ്പിൽ നേരിടുന്ന തടസ്സങ്ങൾ അതിജീവിക്കുന്നതിനും സമയബന്ധിതമായി പൂർത്തീകരിക്കുന്നതിനും ഒരു മുതൽക്കൂട്ടാണ്. വകുപ്പിന്റെ പദ്ധതി നിർവ്വഹണം പരിശോധിക്കുമ്പോൾ പദ്ധതി ചെലവിൽ 2015-16 കാലയളവിനെക്കാൾ 98% നേട്ടം 2017-18 കാലയളവിൽ കൈവരിക്കാൻ കഴിഞ്ഞു. 2012-13 മുതൽ 2017-18 വരെയുള്ള പദ്ധതി ചെലവ് ചുവടെ പട്ടികയിലും ഗ്രാഫിലും വിശദമാക്കിയിരിക്കുന്നു.



വകുപ്പിൽ മാസ്റ്റർപ്ലാനുകളുടെയും വിശദ നഗരാസൂത്രണ പദ്ധതികളുടെയും തയ്യാറാക്കൽ എന്ന പദ്ധതിയിൽ നിലവിലുള്ള എല്ലാ നഗരസഭ പ്രദേശങ്ങൾക്കായി 3 ഘട്ടങ്ങളിലായി പ്ലാനുകൾ തയ്യാറാക്കി വരുന്നു. ഇതുവരെ 49 മാസ്റ്റർപ്ലാനുകളുടെ സാങ്കേതിക ജോലി പൂർത്തിയായി. ശേഷിക്കുന്ന മാസ്റ്റർപ്ലാനുകളുടെ പൂർത്തീകരണം അടുത്ത സാമ്പത്തിക വർഷത്തിൽ ലക്ഷ്യമിടുന്നു. അംഗീകൃത മാസ്റ്റർപ്ലാനുകളും വിശദനഗരാസൂത്രണ പദ്ധതികളും ഇന്റർനെറ്റിലൂടെ ലഭ്യമാക്കി പൊതുജനങ്ങൾക്ക് ഇവ കാണുന്നതിനും ഇവയുടെ വ്യവസ്ഥകൾ വീക്ഷിക്കുന്നതിനും ഇവ സംബന്ധിച്ച



അന്വേഷണങ്ങൾ നടത്തുന്നതിനും വെബ്അധിഷ്ഠിത ജി.ഐ.എസ് വികസിപ്പിക്കുന്ന പ്രവർത്തനങ്ങൾ 'ജിയോഗ്രഫിക്കൽ ഇൻഫർമേഷൻ സിസ്റ്റം ആന്റ് ഏരിയൽ മാപ്പിംഗ്'' എന്ന പദ്ധതി പ്രകാരം ചെയ്തു വരുന്നു. 2017-18 ൽ മലപ്പുറം പട്ടണത്തിന്റെ അംഗീകൃത മാസ്റ്റർ പ്ലാൻ വെബ് ജി.ഐ.എസ് തയ്യാറാക്കി. 2018-19 ൽ കൂടുതൽ മാസ്റ്റർപ്ലാനുകൾ വെബ് ജി.ഐ.എസ്സിൽ ലഭ്യമാക്കാൻ ഉദ്ദേശിക്കുന്നു.

'സംയോജിത ജില്ലാ വികസന രൂപരേഖ, പ്രാദേശിക വികസന രൂപരേഖ എന്നിവയുടെ തയ്യാറാക്കൽ' എന്ന പദ്ധതിയിൽ കഴിഞ്ഞ വർഷം ആറ് ഗ്രാമപഞ്ചായത്ത് പ്രദേശങ്ങൾക്ക് പ്രാദേശിക വികസന രൂപരേഖ തയ്യാറാക്കാൻ ആരംഭിക്കുകയും മൂന്ന് ജില്ലകളുടെ സംയോജിത വികസന രൂപരേഖയുടെ ശേഷിക്കുന്ന പ്രവർത്തികൾ നിർവ്വഹിക്കുകയും ചെയ്തു. 2018-19ൽ, പുതിയ പ്രാദേശിക വികസന രൂപരേഖകളും സംയോജിത വികസന രൂപരേഖകളും തയ്യാറാക്കാൻ ലക്ഷ്യമിടുന്നു.

2012-13 മുതൽ 2017-18 വരെയുള്ള ചെലവ് വിവരം

| വർഷം | പദ്ധതി വിഹിതം | ചെലവ് | ചെലവ് വിവരം ശതമാനം |
|---|---|---|---|
| 2012-13 | 384 | 245 | 64 |
| 2013-14 | 480 | 304 | 63 |
| 2014-15 | 579 | 299 | 51 |
| 2015-16 | 417 | 202 | 48 |
| 2016-17 | 340 | 297 | 87 |

നഗരഗ്രാമാസൂത്രണ വകുപ്പുമായി ബന്ധപ്പെട്ട ഗവേഷണ വികസന പ്രവർത്തനങ്ങളിലൂടെ അനുയോജ്യമായ നഗര വികസന മോഡലുകൾ രൂപപ്പെടുത്തുക എന്ന ലക്ഷ്യത്തോടെ 'മനുഷ്യാധിവാസ ആസൂത്രണവും വികസനവുമായി ബന്ധപ്പെട്ട തെരഞ്ഞെടുക്കപ്പെട്ട ഘടകങ്ങളെ സംബന്ധിച്ചുള്ള ഗവേഷണവും വികസനവും' എന്ന പദ്ധതിയിൽ മുഖ്യമന്ത്രിയുടെ പ്രധാന പ്രോജക്ടുകളിൽ ഉൾപ്പെടുത്തി മുനിസിപ്പൽ കോർപ്പറേഷനുകൾക്കായിട്ടുള്ള പാർക്കിംഗ് പോളിസി തയ്യാറാക്കൽ, മുനിസിപ്പൽ കോർപ്പറേഷനുകളിലെ ജലാശയങ്ങളുടെ പുനരുജ്ജീവനത്തിനും വെള്ളപ്പൊക്ക നിയന്ത്രണത്തിനും ഡ്രെയിനേജ് ഉറപ്പാക്കുന്നതിനും ഊന്നൽ നൽകിക്കൊണ്ട് നെൽവയൽ/തണ്ണീർ



ത്തട സംരക്ഷണം/വികസനമെന്ന പഠനം എന്നിവ നടന്നുവരുന്നു. അതിൽ കൊച്ചി സിറ്റി റീജ്യന്റ വേണ്ടിയുള്ള നെൽവയൽ/തണ്ണീർത്തട സംരക്ഷണം/വികസനമെന്ന പഠനവും കോഴിക്കോടിന് വേണ്ടിയുള്ള പാർക്കിംഗ് പോളിസി പഠനവും പൂർത്തീകരിച്ചു. മറ്റ് കോർപ്പറേഷനുകളുടെ പാർക്കിംഗ് പോളിസി പഠനം നടപ്പുവർഷം പൂർത്തീകരിക്കുവാൻ ലക്ഷ്യമിടുന്നു.

സർക്കാർ തലത്തിൽ ഏറ്റെടുത്തിട്ടുള്ള ഒരു മുഖ്യ പദ്ധതിയായി 'നഗര-ഗ്രാമാസൂത്രണ വകുപ്പിന്റെ നവീകരണവും കമ്പ്യൂട്ടർവത്ക്കരണവും' എന്ന പദ്ധതിയിലൂടെ നഗര-ഗ്രാമാസൂത്രണ വകുപ്പിലും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലും വരുന്ന കെട്ടിട നിർമ്മാണാപേക്ഷകൾ Intelligent Building Plan Management System (IBPMS) എന്ന സോഫ്റ്റ്‌വെയറിലൂടെ കൈകാര്യം ചെയ്യുന്നതിന് സജ്ജമാക്കി വരുന്നു. Ease of doing Business ന്റെ ഭാഗമായി തയ്യാറാക്കുന്ന Single window interface for Fast & Transparent Clearance (Swift) എന്ന സോഫ്റ്റ്‌വെയർ IBPMS സോഫ്റ്റ്‌വെയറുമായി ഭാവിയിൽ ബന്ധിപ്പിക്കാവുന്നതാണ്.

ആർട്ട് & ഹെറിറ്റേജ് കമ്മീഷന്റെ ടെക്നിക്കൽ സെക്രട്ടേറിയറ്റ് ആയി പ്രവർത്തിക്കുന്ന നഗരഗ്രാമാസൂത്രണ വകുപ്പിൽ 'ആർട്ട് & ഹെറിറ്റേജ് കമ്മീഷൻ' എന്ന സ്കീമിൽ ഉൾപ്പെടുത്തി ആലപ്പുഴ കനാൽ ഏരിയയുടെ ഡോക്യുമെന്റേഷനും ഫോർട്ട് ഏരിയ തിരുവനന്തപുരത്തിന്റെ ഹെറിറ്റേജ് അവയർനസ്സ് പ്രോഗ്രാമിനുവേണ്ടിയുള്ള ബ്രോഷർ തയ്യാറാക്കലും കേരള ഹെറിറ്റേജ് സീരീസിന്റെ പ്രസിദ്ധീകരണവുമായി ബന്ധപ്പെട്ട ജോലികളും ചെയ്തു വരുന്നു. 2018-19 ൽ ആലപ്പുഴ കനാൽ ഏരിയയുടെ ഡോക്യുമെന്റേഷൻ വർക്കിന്റെ പൂർത്തീകരണവും പാലക്കാട്, കൽപ്പാത്തി ഹെറിറ്റേജ് ഏരിയയിൽ ഒരു സോഷ്യോ ഇക്കണോമിക്ക് പഠനവും നടത്താൻ ഉദ്ദേശിക്കുന്നു.

കേന്ദ്ര പദ്ധതിയായ 'അമൃത് പട്ടണങ്ങളുടെ ജി.ഐ.എസ് അധിഷ്ഠിത മാസ്റ്റർപ്ലാനുകളുടെ രൂപീകരണം' എന്ന ഉപപദ്ധതിയുടെ സംസ്ഥാനതല നോഡൽ ഏജൻസിയായി നഗരഗ്രാമാസൂത്രണ വകുപ്പ് പ്രവർത്തിക്കുന്നു. മേൽ പദ്ധതിയിലൂടെ സംസ്ഥാനത്തെ ആറ് മുനിസിപ്പൽ കോർപ്പറേഷനുകൾക്കും പാലക്കാട്, ആലപ്പുഴ, ഗുരുവായൂർ എന്നീ നഗരസഭകൾക്കുമായി ജി.ഐ.എസ് അധിഷ്ഠിത മാസ്റ്റർപ്ലാനുകൾ തയ്യാറാക്കുന്നു. 2018-19 ൽ നാഷണൽ റിമോട്ട് സെൻസിംഗ് സെന്റർ, ഹൈദരാബാദിന്റെ സഹായത്തോടെ മേൽ പദ്ധതി സംബന്ധിച്ച് നിലവിലെ ഭൂവിനിയോഗ മാപ്പ് തയ്യാറാക്കുക പ്രഥമ/ദ്വിതീയ വിവരശേഖരണം, മാസ്റ്റർ പ്ലാൻ തയ്യാറാക്കുന്നതിന്റെ ഭാഗമായിട്ടുള്ള മറ്റ് പ്രവർത്തനങ്ങൾ എന്നിവ നടപ്പാക്കാൻ ഉദ്ദേശിക്കുന്നു.

മേൽ പദ്ധതികൾ മികച്ച രീതിയിൽ കാലാനുസൃതമായി നടപ്പിലാക്കുന്നതിലേക്കായി ജീവനക്കാരുടെ കാര്യശേഷി വർദ്ധിപ്പിക്കുന്നതിനും പ്രത്യേക പരിശീലനം നൽകുന്നതിനും 'നഗരഗ്രാമാസൂത്രണവകുപ്പിലെ ജീവനക്കാരുടെയും അപ്രന്റീസുകളുടെയും പരിശീലനം' എന്ന പദ്ധതിയിലൂടെ വിവിധ പരിശീലനങ്ങൾ നടപ്പിലാക്കിവരുന്നു.



# കാര്യശേഷി തെളിയിച്ച്


## തദ്ദേശഭരണ സ്ഥാപനങ്ങൾ

**ഡോ. ജോയ് ഇളമൺ**
ഡയറക്ടർ, കില

കേരളത്തിലെ തദ്ദേശഭരണ സ്ഥാപനങ്ങൾ പുതിയൊരു ചരിത്രം കുറിച്ചിരിക്കുകയാണ്. ഉദ്യോഗസ്ഥരും ജനപ്രതിനിധികളും ഒത്തുചേർന്ന് ശ്രമിച്ചതിന്റെ ഫലവുമാണിത്. ഈ വിജയത്തിന് ഒട്ടേറെ മാനങ്ങളുണ്ട്. പ്രസക്തമായ സന്ദേശങ്ങളും ഇതു നല്കുന്നുണ്ട് – കേരളത്തിനും രാജ്യത്തിനും ലോകത്തിനും അധികാരവികേന്ദ്രീകരണത്തിന്റെയും തദ്ദേശഭരണത്തിന്റെയും പ്രസക്തി ഏറിയെന്ന് പ്രഖ്യാപിക്കലാണ് ഇതിലൂടെ സംഭവിച്ചത്.

വികസന പ്രവർത്തനങ്ങളിൽ ആസൂത്രണ പ്രക്രിയയുടെ സാംഗത്യം ചോദ്യം ചെയ്യപ്പെട്ടിരിക്കുന്ന ഒരു വേളയിലാണ് പ്രാദേശികാസൂത്രണത്തിൽ നൂറുമേനി വിളയിക്കുവാൻ കേരളത്തിലെ തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് കഴിഞ്ഞത്. അതോടൊപ്പം തനതു വിഭവസമാഹരണത്തിൽ ചരിത്രം കുറിക്കുകയും സമയബന്ധിതമായി പ്രാദേശിക പദ്ധതികൾ രൂപീകരിക്കുകയും ചെയ്തതോടെ അധികാരവികേന്ദ്രീകരണ പ്രക്രിയയിൽ ഒരു പടികൂടി കടന്നുപോകാൻ കേരളത്തിനായിരിക്കുന്നു. ആസൂത്രണവും തദ്ദേശഭരണ സ്ഥാപനങ്ങളുമെല്ലാം ഈ നാടിനും രാജ്യത്തിനും അത്യന്താപേക്ഷിതമാണെന്നും ഇതാണ് പാതയെന്നും പ്രഖ്യാപിച്ച സമയവും ശ്രദ്ധേയമാണ് – പഞ്ചായത്ത് രാജ് നിലവിൽ വന്ന എഴുപത്തിമൂന്നാം ഭരണഘടനാ ഭേദഗതിയുടെ ഇരുപത്തിയഞ്ചാം വാർഷിക വേളയിലാണ് നാമിന്ന്.

ഇന്ത്യൻ പാർലമെന്റ് എഴുപത്തിമൂന്നാം ഭരണഘടനാ ഭേദഗതി പാസ്സാക്കിയെങ്കിലും രാജ്യമൊട്ടാകെ പഞ്ചായത്ത് രാജ് ശക്തിപ്പെട്ടെന്ന് പറയാൻ വയ്യ. 1996 ൽ ഇ.കെ. നായനാരുടെ നേതൃത്വത്തിലുള്ള സർക്കാർ തുടങ്ങിവച്ച ജനകീയാസൂത്രണ പ്രസ്ഥാനവും അതിനോടനുബന്ധിച്ചുള്ള പ്രവർത്തനങ്ങളും കേരളത്തിലെ പഞ്ചായത്തുകളെ വ്യത്യസ്തമാക്കി, ശക്തമാക്കി. പണവും ഉദ്യോഗസ്ഥരും സ്ഥാപനങ്ങളും തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് കൈമാറുക വഴി ഭരണതലത്തിലും ആസൂത്രണത്തിലും പുത്തൻ പന്ഥാവ് വെട്ടിത്തെളിയിക്കുകയായിരുന്നു. ഈ പ്രക്രിയകളിലൂടെ തദ്ദേശഭരണ സ്ഥാപനങ്ങൾ കൂടുതൽ ശക്തിയാർജ്ജിക്കുകയായിരുന്നു. അനുബന്ധമായി പഞ്ചായത്ത്‌രാജ് ഭരണ സംവിധാനത്തിലും ഒട്ടേറെ മാറ്റങ്ങൾ ആവശ്യാധിഷ്ഠിതമായി കൊണ്ടുവരാനായി. ഇതോടൊപ്പമായിരുന്നു കേരളവും രാജ്യവും അതുവരെ കണ്ടിട്ടില്ലാത്ത ബൃഹത്തായ കാര്യശേഷി വികസന പരിപാടികളും. ഇതിലൊക്കെ ഒരു കൈത്താങ്ങാകാൻ കിലയ്ക്കുമായി എന്നത് അഭിമാനകരമാണ്.



> ഈ കഴിഞ്ഞ രണ്ടു വർങ്ങളിൽ തദ്ദേശഭരണ സ്ഥാപനങ്ങളിലെ വേക്കൻസികൾ നികത്തി പുതിയ ജീവനക്കാരെ നിയോഗിക്കുകയോ പ്രൊമോഷനുകൾ ഉറപ്പാക്കുകയോ ചെയ്തത് ഇന്ന് നേടിയ നേട്ടങ്ങൾക്ക് കാരണവും പ്രചോദനവുമായി.

ഒന്നാം ജനകീയാസൂത്രണ വേളയിൽ സംസ്ഥാന ആസൂത്രണ ബോർഡിൽ നിന്നും ക്യാമ്പയിൻ രീതിയിൽ ആരംഭിച്ച കാര്യശേഷി വികസന പ്രവർത്തനങ്ങൾക്ക് പില്ക്കാലത്ത് ചുക്കാൻ പിടിക്കാൻ കിലയ്ക്കായി. വിവിധ സർക്കാരുകളുടെ നേതൃത്വത്തിലും ഈ പ്രവർത്തനങ്ങൾ അഭംഗുരം മുമ്പോട്ടു കൊണ്ടുപോകുന്നതിൽ കില ശ്രദ്ധേയമായ പങ്കാണ് വഹിച്ചത്.

നവകേരളത്തിനായി രണ്ടാം ജനകീയാസൂത്രണ പ്രവർത്തനങ്ങൾ ആരംഭിച്ചപ്പോഴേക്കും അതിനനുസൃതമായ കാര്യശേഷി വികസന പരിശീലന പരിപാടികൾ ആസൂത്രണം ചെയ്തു നടപ്പിലാക്കുവാൻ കില തയ്യാറായി. 'പരിശീലന പരിപാടികൾക്കുമപ്പുറം കാര്യശേഷി വികസന'മെന്ന കാഴ്ചപ്പാടിലാണ് ഈ പ്രവർത്തനങ്ങൾ വിഭാവനം ചെയ്തത്. ആവശ്യാധിഷ്ഠിത പരിശീലന



ങ്ങളും പ്രാദേശിക സഹായ സംവിധാന ങ്ങളുമൊരുക്കുവാനും കിലയ്ക്കായി. ഇ-ഗവേണൻസിന്റെ ഭാഗമായി സുലേഖയും സകർമ്മയും സാംഖ്യയുമട ക്കമുള്ള വിവിധ സോഫ്റ്റ്‌വെയറുകൾ കൈകാര്യം ചെയ്യാൻ തദ്ദേശഭരണ സ്ഥാപനങ്ങളിലെ പ്രവർത്തകരെ സജ്ജ മാക്കുക എന്നത് ഈ സാഹചര്യത്തിൽ വളരെ പ്രാധാന്യമർഹിക്കുന്നു. ജനകീയ തയാണ് അധികാരവികേന്ദ്രീകരണത്തി ന്റെയും ജനകീയാസൂത്രണത്തിന്റെയും അടിസ്ഥാനമെന്നതിനാൽ കമ്പ്യൂട്ടർ സാ ക്ഷരതയില്ലാത്ത ജനപ്രതിനിധികൾക്ക് കമ്പ്യൂട്ടർ ഉപയോഗിക്കാനുള്ള പരിജ്ഞാ നം നല്കുവാനുള്ള പരിശീലനങ്ങൾ ആസൂ ത്രണ നിർവ്വഹണ പ്രവർത്തനങ്ങളെ സു താര്യമാക്കാൻ സഹായിച്ചിട്ടുണ്ടാകും.

പ്രാദേശികാസൂത്രണത്തിനായുള്ള പരിശീലന പരിപാടികൾക്കപ്പുറം നൂതന പ്രോജക്ടുകൾ തയ്യാറാക്കുവാനും ഓഫീസ് സംവിധാനം മെച്ചപ്പെടുത്തുവാ നും തദ്ദേശഭരണ സ്ഥാപനങ്ങളോടൊപ്പം പ്രവർത്തിക്കാൻ കിലയ്ക്കായിട്ടുണ്ട്. ഫ്രണ്ട് ഓഫീസ് സംവിധാനവും ടോട്ടൽ ക്വാളിറ്റി മാനേജ്മെന്റിന്റെ ഭാഗമായുള്ള ഐ.എസ്.ഒ. സർട്ടിഫിക്കേഷനുമെല്ലാം തദ്ദേശഭരണ സ്ഥാപനങ്ങളുടെ ഭരണ സംവിധാനം ശക്തിപ്പെടുത്തുന്നതിന് സഹായിച്ചുവെന്നതിൽ തർക്കമില്ല. ബഡ്ജറ്റിംഗ്, അക്കൗണ്ടിംഗ്, നികുതി പിരിവ്, പെർഫോമൻസ് ഓഡിറ്റ്, സേ വനാവകാശ നിയമങ്ങൾ, നിർവഹണം എന്നീ മേഖലകളിലെ പരിശീലനങ്ങളും ഈ മാറ്റങ്ങൾക്ക് ശക്തി പകർന്നു.

നവകേരളസൃഷ്ടിക്ക് ദിശ പകരാൻ ലക്ഷ്യമിട്ട ഹരിതകേരളം, ആർദ്രം, പൊ തുവിദ്യാഭ്യാസ സംരക്ഷണം, ലൈഫ് ദൗത്യങ്ങളുമായി ബന്ധപ്പെട്ട് തദ്ദേശഭ രണ സ്ഥാപനങ്ങളുടെ പ്രവർത്തനങ്ങളെ സംയോജിപ്പിച്ചുള്ള പരിശീലന പരിപാ ടികളും താഴെത്തട്ടിൽ ഏകോപനവും ദി ശാബോധവും വളർത്തുവാൻ സഹായി ച്ചിട്ടുണ്ട്.

ഈ കഴിഞ്ഞ രണ്ടു വർങ്ങളിൽ തദ്ദേ ശഭരണ സ്ഥാപനങ്ങളിലെ വേക്കൻസി കൾ നികത്തി പുതിയ ജീവനക്കാരെ നി യോഗിക്കുകയോ പ്രൊമോഷനുകൾ ഉറപ്പാക്കുകയോ ചെയ്തത് ഇന്ന് നേടിയ നേട്ടങ്ങൾക്ക് കാരണവും പ്രചോദനവുമായി. അവർക്കായി സമയ ബന്ധിതമായ പരിശീലന പരിപാടികൾ ആവിഷ്കരിച്ച് നടപ്പിലാക്കുവാൻ കിലയുടെ വിവിധ കേന്ദ്രങ്ങൾ നടത്തിയ പ്രവർത്തനങ്ങൾ ഫലം ചെയ്തു എന്നാണ് വിലയിരുത്തപ്പെടുന്നത്.

തദ്ദേശഭരണ സ്ഥാപനങ്ങളിൽ പ്രവ ർത്തനനിരതമായി കർമ്മോത്സുകമായ രണ്ടു വർഷങ്ങളാണ് കടന്നുപോയത്. തദ്ദേശഭരണ സംവിധാനവും പ്രാദേശിക ആസൂത്രണവും ശക്തിപ്പെടുത്തുക എന്ന തിലെ രാഷ്ട്രീയ ഇച്ഛാശക്തി, അതിനനു സൃതമായ നടപടികൾ, നേതൃത്വം, പഞ്ചാ യത്ത് ഡയറക്ടറേറ്റിലും കമ്മീഷണറേ റ്റിലും തദ്ദേശഭരണ സ്ഥാപനങ്ങളിലുമായി ഉദ്യോഗസ്ഥരുടെ ആത്മാർത്ഥമായ പരി ശ്രമം, ഇതിനെയെല്ലാം ഏകോപിപ്പിച്ചും നയിച്ചും കഴിവ് തെളിയിച്ചും ജനപ്രതി നിധികൾ, അതോടൊപ്പം അണിചേ ർന്ന് ജനങ്ങൾ ഇതെല്ലാം ചേർന്ന് ഒരു മുന്നേറ്റമാണ് നവകേരളസൃഷ്ടിക്കായി തദ്ദേശഭരണ സ്ഥാപനങ്ങളുടെ നേതൃത്വ ത്തിൽ അരങ്ങേറിയത്. ഇതിനോടൊ പ്പം സഹായ സംവിധാനമായി പ്രവ ർത്തിക്കുവാൻ കിലയ്ക്കായി എന്നത് ഏറെ ചാരിതാർത്ഥ്യജനകവും!







# തദ്ദേശമിത്രം

**ഡോ. വി.പി. സുകുമാരൻ**
ഡെപ്യൂട്ടി പ്രോജക്ട് ഡയറക്ടർ



തദ്ദേശ മിത്രം എന്നറിയപ്പെടുന്ന കേരള ലോക്കൽ ഗവൺമെന്റ് സർവീസ് ഡെലിവറി പ്രോജക്ട് 2011-ൽ 1564.66 കോടി രൂപയുടെ ലോകബാങ്ക് ധന സഹായത്തോടുകൂടി ആരംഭിച്ച് 2017 ഡിസംബർ മാസം അവസാനിച്ച പദ്ധതിയിൽ കേരളത്തിലെ മുഴുവൻ ഗ്രാമ പഞ്ചായത്തുകളും നഗരസഭകളും ഗുണഭോക്താക്കളായിരുന്നു. പദ്ധതിയിൽ കഴിഞ്ഞ 5 വർഷങ്ങളിലായി വിവിധ ഉപ പദ്ധതികൾ നടപ്പാക്കി, "തദ്ദേശമിത്രം പദ്ധതി" വഴി സംസ്ഥാനത്തെ തദ്ദേശ സ്വയംഭരണ സ്ഥാപനതലത്തിൽ വലുതും ചെറുതുമായ ജനസേവനോപകാരപ്രദമായ 44164 പദ്ധതികൾ നടപ്പാക്കി കഴിഞ്ഞു. നടപ്പു സാമ്പത്തിക വർഷത്തിൽ 350 കോടി രൂപയുടെ 7303 പദ്ധതികൾ രൂപീകരിച്ച് 249 കോടി രൂപയുടെ 6200 പദ്ധതികൾ പൂർത്തിയാക്കുകയുണ്ടായി .

അധികാര വികേന്ദ്രീകരണ പ്രക്രിയ വ്യവസ്ഥാപിതമാക്കുകയും, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പ്രവർത്തനം കൂടുതൽ മെച്ചപ്പെടുത്തുകയുമാണ് ഈ പദ്ധതിയുടെ പരമ പ്രധാനമായ ലക്ഷ്യം. ജനസേവനം മെച്ചപ്പെടുത്തുന്ന തരത്തിലുള്ള ആസ്തികൾ സൃഷ്ടിക്കുന്നതിനും പരിപാലിക്കുന്നതിനും വേണ്ടിയുള്ള പദ്ധതികളാണ് നടപ്പിലാക്കിയിട്ടുള്ളത്

കേരളത്തിലെ മുഴുവൻ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കും (ഗ്രാമ പഞ്ചായത്ത്, നഗരസഭ) പദ്ധതികൾ നടപ്പാക്കുന്നതിന് 5 വാർഷിക ഗഡുക്കളായി പെർഫോമൻസ് ഗ്രാന്റ് നൽകുകയുണ്ടായി. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ മുൻ വർഷങ്ങളിലെ പ്രവർത്തനങ്ങൾ വിലയിരുത്തിയതിനു ശേഷമാണു പ്രസ്തുത ഗ്രാന്റുകൾ വിതരണം ചെയ്തത്.

ഗ്രാമപഞ്ചായത്തുകളുടെയും നഗരസഭകളുടെയും പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തുന്നതിനു നിലവിലുള്ള സംവിധാനങ്ങളും മനുഷ്യവിഭവ ശേഷിയും മെച്ചപ്പെടുത്തിയെടുക്കാൻ കില, ഐ.കെ.എം, DAC (GIFT) എന്നീ സ്ഥാപനങ്ങളുടെ പങ്കാളിത്തത്തോടുകൂടി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ കാര്യശേഷി വർധിപ്പിക്കുവാൻ സാധിച്ചു, കൂടാതെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പ്രവർത്തന മികവിലേക്കായി 12 മാന്വലുകൾ തയ്യാറാക്കുകയും, 26 ശാസ്ത്രീയ പഠനങ്ങൾ നടത്തുകയുമുണ്ടായി.

ഈ പദ്ധതിയുടെ ഫലമായി ഗ്രാമപഞ്ചായത്തുകളുടെയും നഗരസഭകളുടെ യും അക്കൗണ്ടിങ്ങിലും ഓഡിറ്റിലും കൃത്യത കൈവരിക്കാൻ സാധ്യമായി. കൂടാതെ സ്ഥാപനങ്ങളുടെ പ്രവർത്തനങ്ങൾ പാരിസ്ഥിതി സൗഹൃദമാക്കാൻ തദ്ദേശമിത്രം പദ്ധതി മാർഗദർശകമായി.

സോഷ്യൽ ഓഡിറ്റ് സംവിധാനം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ നടപ്പാക്കാൻ വേണ്ടി പഠനങ്ങളും, പ്രാരംഭതലത്തിൽ സംസ്ഥാനത്തിലെ 14 ജില്ലകളിനിന്നും തെരെഞ്ഞെടുത്ത 26 ഗ്രാമപഞ്ചായത്തുകളിൽ നടപ്പാക്കുന്നതിനും പദ്ധതി തുടക്കം കുറിച്ചു.











## തദ്ദേശമിത്രം നടപ്പാക്കിയ പദ്ധതികൾ

| 1 കെട്ടിടങ്ങൾ | |
|---|---|
| a) അംഗനവാടികൾ | 1583 |
| b) സ്കൂൾ കെട്ടിടങ്ങൾ | 444 |
| c) പഞ്ചായത്ത്/മുനിസിപ്പൽ ഓഫീസ് കെട്ടിടങ്ങൾ | 1422 |
| d) തദ്ദേശസ്ഥാപന കെട്ടിടങ്ങളുടെ നവീകരണം | 1423 |
| e) ആശുപത്രികൾ | 709 |
| f) ടോയ്‌ലറ്റുകൾ | 174 |
| g) ലൈബ്രറി കെട്ടിടങ്ങൾ | 81 |
| h) മറ്റു കെട്ടിടങ്ങൾ | 1200 |

| 2 നിർമ്മാണങ്ങൾ | |
|---|---|
| a) മാർക്കറ്റുകൾ | 158 |
| b) സ്റ്റേഡിയം | 92 |
| c) ബസ്സ്റ്റാൻഡ് വെയിറ്റിംഗ് ഷെഡ് | 383 |
| d) കുട്ടികളുടെ പാർക്ക് | 41 |
| e) നീന്തൽകുളം | 5 |
| f) കുളങ്ങൾ/ടാങ്ക്/കിണറുകൾ/കനാലുകൾ | 427 |
| g) ചെക്ക് ഡാമുകൾ | 65 |
| h) ശ്മശാനം/ക്രിമറ്റോറിയം | 139 |
| i) അറവുശാല | 4 |
| j) റോഡുകൾ | |
| (i) പുതിയത് | 4419 |
| (ii) മെയിന്റൻസ് | 2740 |
| k) കൽവർട്ടുകൾ/പാലങ്ങൾ | 715 |
| l) മഴവെള്ള ഓടകൾ | 412 |

| 3 മറ്റു പദ്ധതികൾ | |
|---|---|
| a) ഖര-ദ്രവ മാലിന്യ സംസ്കരണ സംവിധാനങ്ങൾ | 85 |
| b) വൈദ്യുതീകരണം | 748 |
| c) വാങ്ങലുകൾ | 2088 |
| d) ബയോഗ്യാസ് | 6 |
| e) ഊർജ്ജം -തെരുവു വിളക്കുകൾ/ഹൈമാസ്റ്റ്/സോളാർ തുടങ്ങിയവ | 1367 |
| f) കടത്ത് പ്രവർത്തനവും പരിപാലനവും | 7 |
| g) കുടിവെള്ള വിതരണം | 1350 |
| h) ആധുനികവല്ക്കരണത്തിനുള്ള സാമഗ്രികൾ | 1541 |
| i)മറ്റുള്ളവ | 1873 |
| ആകെ | 43701 |

പദ്ധതികളുടെ നിർവഹണത്തിനും ഫണ്ട് വിനിയോഗത്തിനും മറ്റ് വികസന ഫണ്ടുകൾക്ക് മാതൃകയായി പ്രോജക്ട് മാനേജ്മെൻറ് യൂണിറ്റിന്റെ ലക്ഷ്യ ബോധത്തോടെയുള്ള ഇടപെടൽ പദ്ധതിയുടെ വിജയകരമായ നടത്തിപ്പിന് മുതൽക്കൂട്ടായി .

മാലിന്യ സംസ്കരണ യൂണിറ്റുകൾ, ആധുനിക രീതിയിലുള്ള ശ്മശാനങ്ങൾ, പ്രകൃതി വിഭവങ്ങളുടെ സംരക്ഷണം, ആധുനിക രീതിയിലുള്ള അറവുശാലകൾ, ബഡ്സ് സ്കൂളുകൾ തുടങ്ങി നൂതന പദ്ധതികൾ വിഭാവനം ചെയ്യാനും അവ നടപ്പാക്കാനും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളെ പ്രാപ്തമാക്കാൻ തദ്ദേശമിത്രം പദ്ധതിക്ക് സാധിച്ചു. കൂടാതെ കേരളത്തിലെ സാമ്പത്തികമായി പിന്നോക്കാവസ്ഥയിലുള്ള 60 തദ്ദേശസ്ഥാപനങ്ങളുടെ അടിസ്ഥാന വികസനത്തതിനാവശ്യമായ പദ്ധതികൾ നടപ്പാക്കാൻ അധിക ധനസഹായമായി രണ്ടു കോടി വീതം 120 കോടി രൂപ നൽകികൊണ്ട് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് ഒരു സപ്പോർട്ട് യൂണിറ്റായി പ്രവർത്തിക്കുന്ന തദ്ദേശമിത്രം പദ്ധതി ലോക ബാങ്കിന്റെ ഉന്നത റേറ്റിങ്ങിൽ ഉൾപ്പെട്ട പ്രോജക്ട് ആണ്.







# ഗ്രാമപഞ്ചായത്തുകളിലെ കെട്ടിട നികുതി പിരിവിൽ റിക്കാർഡ് നേട്ടം


**എം.പി. അജിത് കുമാർ**
പഞ്ചായത്ത് അഡീഷണൽ ഡയറക്ടർ




സംസ്ഥാനത്തെ ഗ്രാമപഞ്ചായത്തുകൾ കെട്ടിട നികുതി പിരിവിൽ 2017-18 സാമ്പത്തിക വർഷം റിക്കാർഡ് നേട്ടം കൈവരിച്ചു. ആകെ 941 ഗ്രാമപഞ്ചായത്തുകളിൽ 185 ഗ്രാമപഞ്ചായത്തുകൾ 100 ശതമാനം വസ്തുനികുതി പിരിച്ചെടുത്തു. 83.75 ശതമാനമാണ് സംസ്ഥാനത്തെ ഗ്രാമപഞ്ചായത്തുകളുടെ 2017-18 വർഷത്തെ വസ്തുനികുതി പിരിവ് ശരാശരി. ആകെ ഡിമാന്റ് തുകയായ 650.74 കോടി രൂപയിൽ 539.02 കോടി രൂപ പിരിച്ചെടുത്താണ് ചരിത്ര നേട്ടം കരസ്ഥമാക്കിയത്.

185 ഗ്രാമപഞ്ചായത്തുകൾ 100 ശതമാനം തുകയും പിരിച്ചെടുത്തത് കൂടാതെ 99 നും 99.99 ശതമാനത്തിനുമിടയിൽ 298 ഗ്രാമപഞ്ചായത്തുകളും നികുതി പിരിച്ചെടുത്തു. 50 ശതമാനത്തിന് താഴെ നികുതി പിരിച്ചത് 8 ഗ്രാമപഞ്ചായത്തുകൾ മാത്രമാണ്. 94.71 ശതമാനം നികുതി പിരിച്ച മലപ്പുറം ജില്ല ഒന്നാമതും 93.79 ശതമാനം നികുതി പിരിച്ച കണ്ണൂർ ജില്ല രണ്ടാം സ്ഥാനത്തുമെത്തി.

ഗ്രാമപഞ്ചായത്തുകളിൽ 2011 മുതൽ നടന്നു വരുന്ന നികുതി പരിഷ്കരണ നടപടികളാണ് ഇപ്പോൾ പൂർത്തിയായത്. നികുതി പരിഷ്കരണം പൂർത്തിയാക്കി നികുതി പിരിവ് കാര്യക്ഷമമാക്കുന്നതിന് ലക്ഷ്യമിട്ട് കഴിഞ്ഞ രണ്ട് വർഷങ്ങളായി നടത്തിയ നിരന്തരവും ജാഗ്രതയോടെയുമുള്ള പ്രവർത്തനങ്ങളും ഇടപെടലുകളുമാണ് ഈ ചരിത്രനേട്ടം സാദ്ധ്യമാക്കുന്നതിന് സഹായകരമായത്. എല്ലാ പരിമിതികളും പ്രതിസന്ധികളും മറികടന്ന് പഞ്ചായത്തുകൾക്ക് ഈ നേട്ടം കൈവരിക്കാനായത് വകുപ്പിലെ എല്ലാ വിഭാഗം ജീവനക്കാരുടെയും ഒത്തൊരുമയോടെയുള്ള പ്രവർത്തനത്തിന്റെ ഫലമാണ്.

ഇൻഫർമേഷൻ കേരള മിഷൻ തയ്യാറാക്കിയ സഞ്ചയ ഓൺലൈൻ സോഫ്റ്റ് വെയറാണ് വസ്തുനികുതി പരിഷ്കരണം പൂർത്തീകരിക്കുന്നതിനും നികുതി പിരിവ് രേഖപ്പെടുത്തുന്നതിനും ഗ്രാമപഞ്ചായത്തുകൾ ഉപയോഗിച്ചത്. കൂടാതെ ഐ.കെ.എം. തയ്യാറാക്കിയ ഇ-പേയ്മെന്റ്, Quickpayment സോഫ്റ്റ്‌വെയറുകളും നികുതി പിരിവ് ഊർജ്ജിതമാക്കാൻ സഹായകരമായി. ഗ്രാമപഞ്ചായത്തുകളിൽ നിന്നുള്ള ആവശ്യാനുസരണം സോഫ്റ്റ്‌വെയറിൽ അപ്ഡേഷൻ വരുത്താൻ ഐ.കെ.എം-ലെ സഞ്ചയ ടീമിന് കഴിഞ്ഞു.

പഞ്ചായത്ത് ഡയറക്ടറേറ്റിന്റെ നേതൃത്വത്തിൽ നിരന്തരമായി നടത്തിയ മോണിറ്ററിംഗും അവലോകന യോഗങ്ങളും പഞ്ചായത്തുകൾക്ക് നികുതി പിരിവിൽ പുതിയ ദിശാബോധം നൽകുന്നതിനും ജീവനക്കാരിൽ അർപ്പണമനോഭാവം വളർത്തുന്നതിനും നികുതി പിരിവ് ലക്ഷ്യപ്രാപ്തിയിലേക്ക് എത്തിക്കുന്നതിനും സാധിച്ചു.

നികുതി യഥാസമയം അടയ്ക്കേണ്ടത് പൗരധർമ്മമാണ് എന്ന സന്ദേശം എല്ലാ നികുതിദായകരിലും എത്തിക്കുന്നതിനും നികുതി എളുപ്പത്തിൽ ഒടുക്കുവരുത്തുന്നതിന് സഹായകരമാകും വിധം ക്യാമ്പ് കളക്ഷനുകൾ, ഫ്രണ്ട് ഓഫീസ് കൗണ്ടറുകൾ, ഇ-പേയ്മെന്റ് സംവിധാനം എന്നിവയെല്ലാം ഒരുക്കുന്നതിനും

വ്യാപക പ്രചാരണം നൽകുന്നതിനും ഗ്രാമപഞ്ചായത്തുകൾക്ക് കഴിഞ്ഞു.


ഗ്രാമപഞ്ചായത്തിന്റെ തനത് വരുമാനമായ വസ്തുനികുതി അതാത് ഗ്രാമപഞ്ചായത്തുകളുടെ സേവന പശ്ചാത്തലമേഖലകളുടെ സമഗ്രവികസനത്തിനാണെന്ന് ബോദ്ധ്യത്തോടെ വസ്തുനികുതി തുക പിരിച്ചെടുക്കുന്നതിന് ഭരണസമിതികൾ പുലർത്തിയ ജാഗ്രതയും എടുത്തുപറയേണ്ടതുണ്ട്. 2013-14 ൽ 39.40 ശതമാനവും 2014-15 ൽ 51.23 ശതമാനവും 2015-16 ൽ 40.76 ശതമാനവും 2016-17 ൽ 58.30 ശതമാനവും മാത്രം നികുതി പിരിച്ച സ്ഥാനത്താണ് 2017-18 ൽ 83.75 ശതമാനം എന്ന ചരിത്ര നേട്ടത്തിലേക്ക് കുതിച്ചുയർന്നത്. ഗ്രാമപഞ്ചായത്തുകൾ കൈവരിച്ച വസ്തുനികുതി പിരിവിലെ നേട്ടം 1962-ൽ പഞ്ചായത്ത് വകുപ്പ് നിലവിൽ വന്നതിനു ശേഷം ആദ്യത്തേതാണ്. ഇതോടൊപ്പം തന്നെ ഗ്രാമപഞ്ചായത്തുകളിലെ യോഗനടപടിക്രമങ്ങൾ രേഖപ്പെടുത്തുന്നതിനുള്ള സകർമ്മ ഓൺലൈൻ സോഫ്റ്റ്‌വെയർ, കെട്ടിട നിർമ്മാണ പെർമ്മിറ്റിനുള്ള സങ്കേതം സോഫ്റ്റ്‌വെയർ, നികുതികളും ഫീസുകളും ഓൺലൈനായി അടയ്ക്കുന്നതിനുള്ള ഇ-പേയ്മെന്റ് സംവിധാനം എന്നിവയും കേരളത്തിലെ എല്ലാ ഗ്രാമപഞ്ചായത്തുകളിലും നടപ്പിലാക്കുന്നതിനും കഴിഞ്ഞു.



ഈ അഭിമാന നേട്ടങ്ങൾക്കു പിന്നിൽ എല്ലാ പരിമിതികളെയും മറികടന്ന് അവധി ദിനങ്ങൾ പോലും പ്രവൃത്തി ദിവസങ്ങളാക്കി ജോലിഭാരം വകവയ്ക്കാതെ പ്രതിബദ്ധതയോടെ പ്രവർത്തിച്ച ഗ്രാമപഞ്ചായത്തുകളിലെ ജീവനക്കാർ, അവർക്ക് എല്ലാവിധ പിന്തുണയും നൽകിയ ജനപ്രതിനിധികൾ, ശരിയായ സമയത്ത് ആവശ്യമായ നിർദ്ദേശങ്ങൾ നൽകി പ്രവർത്തനങ്ങൾ അവലോകനം നടത്തിയ പെർഫോമൻസ് ആഡിറ്റ് വിഭാഗം ഉദ്യോഗസ്ഥർ, പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർമാർ, പഞ്ചായത്ത് അസിസ്റ്റന്റ് ഡയറക്ടർമാർ, പ്രസ്തുത ഓഫീസുകളിലെ ജീവനക്കാർ, പഞ്ചായത്ത് ഡയറക്ടറേറ്റിലെ ജീവനക്കാർ, ഐ.കെ.എം-ലെ സഞ്ചയ ടീം, സഞ്ചയ സപ്പോർട്ട് സെല്ലിലെയും ഡൊമൈൻ ടീമിലെയും അംഗങ്ങൾ സർവ്വോപരി നികുതി യഥാസമയം ഒടുക്കേണ്ടത് സ്വന്തം ഉത്തരവാദിത്തമായി കണ്ട പ്രബുദ്ധരായ നികുതിദായകർ എന്നിവരാണ്. ഈ നേട്ടത്തിന് പിന്നിൽ പ്രവർത്തിച്ച എല്ലാവർക്കും അഭിനന്ദനങ്ങൾ അറിയിക്കുന്നു. സർക്കാരിന്റെയും പഞ്ചായത്ത് വകുപ്പിന്റെയും ഗ്രാമപഞ്ചായത്തുകളുടെയും അടുക്കും ചിട്ടയുമുള്ള പ്രവർത്തനങ്ങളാണ് ഈ നേട്ടം സാദ്ധ്യമാക്കിയത്.

ഇപ്പോഴാർജിച്ച നേട്ടം സമ്പൂർണ്ണമാക്കുന്നതിനും നിലനിർത്തുന്നതിനും നാം തുടർ പ്രവർത്തനങ്ങൾ നടത്തേണ്ടതുണ്ട്. നികുതി കുടിശ്ശിക രഹിത പഞ്ചായത്തുകൾ എന്ന ലക്ഷ്യം കൈവരിക്കുന്നതിന് വരുംദിവസങ്ങളിൽ തുടർപ്രവർത്തനം ഏറ്റെടുക്കുന്നതിന് പഞ്ചായത്ത് വകുപ്പിലെ മുഴുവൻ ജീവനക്കാരും സജ്ജരാകണമെന്ന് അഭ്യർത്ഥിക്കുന്നു. 2018 ജൂൺ മാസത്തോടെ 941 ഗ്രാമപഞ്ചായത്തുകളും നികുതികുടിശ്ശിക രഹിത ഗ്രാമപഞ്ചായത്തുകളായി മാറ്റുക എന്നതാണ് വകുപ്പി

**നികുതി പിരിവ് മുൻവർഷങ്ങളിൽ**



# 90ശതമാനത്തിനു മുകളിൽ വസ്തുനികുതി

**തിരുവനന്തപുരം**

| | |
|---|---|
| ഒറ്റൂർ | 100 |
| വാമനപുരം | 100 |
| കൊല്ലയിൽ | 100 |
| വക്കം | 100 |
| ആര്യൻകോട് | 98 |
| കിഴവിലം | 95.83 |
| ഇടവ | 95.21 |
| പള്ളിക്കൽ | 93.35 |
| മണമ്പൂർ | 93.12 |
| അണ്ടൂർക്കോണം | 92.54 |
| പുളിമാത്ത് | 92.14 |
| മംഗലപുരം | 92.29 |
| അഴൂർ | 91.16 |
| ഇലകമൺ | 90.07 |

**കൊല്ലം**

| | |
|---|---|
| മൺട്രോത്തുരുത്ത് | 100 |
| മൈനാഗപ്പള്ളി | 100 |
| നെടുമ്പന | 100 |
| പനയം | 100 |
| പൂതക്കുളം | 100 |
| പോരുവഴി | 100 |
| ശൂരനാട് | 100 |
| തെക്കുംഭാഗം | 100 |
| വെസ്റ്റ് കല്ലട | 100 |
| കുളക്കട | 100 |
| ആലപ്പാട് | 100 |
| പട്ടാഴി | 100 |
| തൃക്കരുവ | 100 |
| തഴവ | 100 |
| തൊടിയൂർ | 100 |
| നീണ്ടകര | 100 |
| ശൂരനാട് നോർത്ത് | 100 |
| ചവറ | 100 |
| കുന്നത്തൂർ | 100 |
| കുലശേഖരപുരം | 100 |
| വെളിയം | 100 |
| ശാസ്താംകോട്ട | 100 |
| തേവലക്കര | 100 |
| ഓച്ചിറ | 100 |
| ക്ലാപ്പന | 100 |
| കുണ്ടറ | 96.26 |
| മേലില | 93.64 |
| പന്മന | 90.29 |
| പൂയപ്പള്ളി | 90.00 |
| ഉമ്മന്നൂർ | 93.99 |

**പത്തനംതിട്ട**

| | |
|---|---|
| അരുവാപ്പുലം | 100 |
| ഇലന്തൂർ | 100 |
| ചെന്നീർക്കര | 100 |
| കവിയൂർ | 100 |
| കൊടുമൺ | 100 |
| കുളനട | 100 |
| മെഴുവേലി | 100 |
| നെടുമ്പ്രം | 100 |
| തുമ്പമൺ | 100 |
| പന്തളം | 100 |
| തണ്ണിത്തോട് | 99.93 |
| പെരിങ്ങര | 99.9 |
| ഏനാദിമംഗലം | 99.91 |
| വള്ളിക്കോട് | 99.81 |
| പ്രമാടം | 98.05 |
| എഴുമറ്റൂർ | 97.16 |
| ഏറത്ത് | 96.63 |
| കലഞ്ഞൂർ | 96.20 |
| തോട്ടപ്പുഴശ്ശേരി | 99.10 |
| കുന്നന്താനം | 95.47 |
| കോഴഞ്ചേരി | 93.99 |
| മൈലപ്ര | 93.68 |
| കടപ്ര | 93.37 |
| കടമ്പനാട് | 92.9 |
| ആറൻമുള | 94.98 |
| നാരങ്ങാനം | 92.3 |
| ചെറുകോൽ | 92.23 |
| അയിരൂർ | 93.68 |
| മലയാലപ്പുഴ | 91.26 |
| കല്ലൂപ്പാറ | 99.35 |
| ഓമല്ലൂർ | 96.47 |

**ആലപ്പുഴ**

| | |
|---|---|
| ആര്യാട് | 100 |
| ചമ്പക്കുളം | 100 |
| ദേവികുളങ്ങര | 100 |
| കൈനകരി | 100 |
| കഞ്ഞിക്കുഴി | 100 |
| കരുവാറ്റ | 100 |
| കാവാലം | 100 |
| മുഹമ്മ | 100 |
| വീയപുരം | 100 |
| രാമങ്കരി | 100 |
| കൃഷ്ണപുരം | 100 |
| ചെറുതന | 100 |
| മാരാരിക്കുളം | 100 |
| കുമാരപുരം | 100 |
| തകഴി | 100 |
| പുളിങ്കുന്ന് | 100 |
| ചെന്നിത്തല | 98.19 |
| തൃപ്പെരുന്തുറ | |
| ചേർത്തല | 98.09 |
| മണ്ണഞ്ചേരി | 97.92 |
| ബുധനൂർ | 97.19 |
| അമ്പലപ്പുഴ | 97.21 |

**കോട്ടയം**

| | |
|---|---|
| വെളിയന്നൂർ | 100.00 |
| എലിക്കുളം | 95.36 |
| ഞീഴൂർ | 94.92 |
| കിടങ്ങൂർ | 94.76 |
| മരങ്ങാട്ടുപിള്ളി | 94.55 |
| അകലക്കുന്നം | 92.7 |
| വെള്ളൂർ | 92.58 |
| ഭരണങ്ങാനം | 92.57 |
| മീനടം | 91.67 |
| മീനച്ചിൽ | 91.6 |
| പൂഞ്ഞാർ | 91.49 |
| തിരുവാർപ്പ് | 91.32 |
| ആർപ്പൂക്കര | 90.71 |
| കല്ലറ | 90.23 |

**ഇടുക്കി**

| | |
|---|---|
| ഇടമലക്കുടി | 100 |
| പള്ളിവാസൽ | 100 |
| വട്ടവട | 100 |
| കരിങ്കുന്നം | 100 |
| അയ്യപ്പൻകോവിൽ | 95.11 |
| രാജകുമാരി | 93.36 |
| വെള്ളിയാമറ്റം | 92.64 |
| അടിമാലി | 92.5 |
| ഇരട്ടയാർ | 92.33 |
| നെടുങ്കണ്ടം | 92.29 |
| വെള്ളത്തൂവൽ | 92.11 |
| മണക്കാട് | 90.73 |
| ചിന്നക്കനാൽ | 90.41 |

**എറണാകുളം**

| | |
|---|---|
| ചെല്ലാനം | 100 |
| ചൂർണിക്കര | 100 |
| മണീട് | 100 |
| പാമ്പാക്കുട | 100 |
| രാമമംഗലം | 100 |
| വാരാപ്പുഴ | 100 |
| വാളകം | 100 |
| വടവുകോട് | 100 |
| കോട്ടപ്പടി | 100 |
| കടമക്കുടി | 100 |
| മുളവുകാട് | 100 |
| മുടക്കുഴ | 100 |
| പിണ്ടിമന | 100 |
| മഞ്ഞള്ളൂർ | 100 |
| നായരമ്പലം | 100 |
| കുമ്പളങ്ങി | 100 |
| മുളംതുരുത്തി | 100 |
| പോത്താനിക്കാട് | 100 |
| എടക്കാട്ടുവയൽ | 100 |

# പിരിവ് കൈവരിച്ച ഗ്രാമപഞ്ചായത്തുകൾ

| | |
|---|---|
| കുഴപ്പിള്ളി | 100 |
| പൈങ്ങോട്ടൂർ | 100 |
| പാലാരിമംഗലം | 100 |
| വേങ്ങൂർ | 97.49 |
| ഐക്കരനാട് | 96.42 |
| ചേന്ദമംഗലം | 95.61 |
| ആമ്പല്ലൂർ | 95.52 |
| തിരുമാറാടി | 94.45 |
| തുറവൂർ | 94.45 |
| കീരംപാറ | 97.36 |
| കുന്നുകര | 95.03 |
| രായമംഗലം | 94.01 |
| കല്ലൂർക്കാട് | 95.43 |
| എടവനക്കാട് | 93.19 |
| ഇലഞ്ഞി | 93.24 |
| ഏഴിക്കര | 96.19 |
| ചിറ്റാറ്റുകര | 91.78 |
| കോട്ടുവള്ളി | 91.49 |
| വാരപ്പെട്ടി | 91.23 |
| ഞാറയ്ക്കൽ | 90.51 |
| അശമന്നൂർ | 92.44 |

**തൃശ്ശൂർ**

| | |
|---|---|
| അടാട്ട് | 100 |
| അളഗപ്പ നഗർ | 100 |
| അവിണിശ്ശേരി | 100 |
| ചൊവ്വന്നൂർ | 100 |
| എടത്തിരുത്തി | 100 |
| എടവിലങ്ങ് | 100 |
| ഏങ്ങണ്ടിയൂർ | 100 |
| കടപ്പുറം | 100 |
| കാട്ടുകുറ്റി | 100 |
| കണ്ടാണശ്ശേരി | 100 |
| കാറളം | 100 |
| കാട്ടകാമ്പാൽ | 100 |
| കാട്ടൂർ | 100 |
| കുഴൂർ | 100 |
| മണലൂർ | 100 |
| മതിലകം | 100 |
| മുരിയാട് | 100 |
| മുല്ലൂർക്കര | 100 |
| നാട്ടിക | 100 |
| നെന്മണിക്കര | 100 |
| ഒരുമനയൂർ | 100 |
| പടിയൂർ | 100 |
| പാറളം | 100 |
| പറപ്പൂക്കര | 100 |
| പാവറട്ടി | 100 |
| പൂമംഗലം | 100 |
| പൊയ്യ | 100 |
| പുതുക്കാട് | 100 |
| പുന്നയൂർക്കുളം | 100 |
| പുത്തൻചിറ | 100 |
| തളിക്കുളം | 100 |
| താന്ന്യം | 100 |
| തോളൂർ | 100 |
| വടക്കേക്കാട് | 100 |
| വല്ലച്ചിറ | 100 |
| വള്ളത്തോൾനഗർ | 100 |
| വരവൂർ | 100 |
| വേലൂർ | 100 |
| വെങ്കിടങ്ങ് | 100 |
| മേലൂർ | 100 |
| ആളൂർ | 94.47 |
| അന്നമനട | 93.35 |
| അരിമ്പൂർ | 93.07 |
| അവണ്ണൂർ | 95.47 |
| ചാഴൂർ | 90.12 |
| കൈപ്പമംഗലം | 94.07 |
| കൈപ്പറമ്പ | 95.03 |
| കൊടകര | 96.52 |
| മുല്ലശ്ശേരി | 92.08 |
| നടത്തറ | 94.12 |
| ശ്രീനാരായണപുരം | 91.08 |
| തൃക്കൂർ | 93.55 |
| വെള്ളാങ്കല്ലൂർ | 92.17 |

**പാലക്കാട്**

| | |
|---|---|
| അകത്തേത്തറ | 100 |
| തേൻകുറിശ്ശി | 100 |
| എലവഞ്ചേരി | 100 |
| ശ്രീകൃഷ്ണപുരം | 100 |
| അനങ്ങനടി | 100 |
| കേരളശ്ശേരി | 100 |
| തൃക്കടേരി | 100 |
| ചളവറ | 100 |
| പൂക്കോട്ടുകാവ് | 100 |
| കടമ്പഴിപ്പുറം | 100 |
| വെള്ളിനേഴി | 100 |
| മണ്ണൂർ | 100 |
| പരളി | 90.13 |
| മങ്കര | 92.94 |
| നല്ലേപ്പള്ളി | 94.35 |
| കൊഴിഞ്ഞാമ്പാറ | 91.09 |
| വടകരപ്പതി | 90.16 |
| പട്ടാഞ്ചേരി | 90.05 |
| കോങ്ങാട് | 94.65 |
| മുണ്ടൂർ | 93.61 |
| തച്ചമ്പാറ | 94.16 |
| നാഗലശ്ശേരി | 91.11 |
| തിരുവേഗപ്പുറ | 93.24 |
| മുതുതല | 92.25 |
| മാത്തൂർ | 95.14 |
| ആലത്തൂർ | 94.65 |
| കണ്ണമ്പ്ര | 94.39 |
| അയിലൂർ | 90.29 |
| കൊപ്പം | 94.26 |
| വിളയൂർ | 91.98 |

**മലപ്പുറം**

| | |
|---|---|
| വളവന്നൂർ | 100 |
| നന്നമ്പ്ര | 100 |
| കാലടി | 100 |
| മങ്കട | 100 |
| കരുവാരക്കുണ്ട് | 100 |
| ചെറുകാവ് | 100 |
| എ.ആർ.നഗർ | 100 |
| അമരമ്പലം | 100 |
| ആനക്കയം | 100 |
| അരീക്കോട് | 100 |
| എടപ്പാൾ | 100 |
| എടയൂർ | 100 |
| ഏലംകുളം | 100 |
| ഇരിമ്പിളിയം | 100 |
| കണ്ണമംഗലം | 100 |
| കരുളായ് | 100 |
| കാവന്നൂർ | 100 |
| കീഴാറ്റൂർ | 100 |
| കീഴുപ്പറമ്പ് | 100 |
| കോഡൂർ | 100 |
| കുട്ടിലങ്ങാടി | 100 |
| മക്കരപ്പറമ്പ് | 100 |
| മാറാക്കര | 100 |
| മാറഞ്ചേരി | 100 |
| മുന്നിയൂർ | 100 |
| മൂർക്കനാട് | 100 |
| മുതുവല്ലൂർ | 100 |
| നന്നമുക്ക് | 100 |
| നിറമരുതൂർ | 100 |
| ഒഴൂർ | 100 |
| പെരുമണ്ണക്ലാരി | 100 |
| പെരുവള്ളൂർ | 100 |
| പൊന്മള | 100 |
| പൊൻമുണ്ടം | 100 |
| പോരൂർ | 100 |
| പുലാമന്തോൾ | 100 |
| പുൽപറ്റ | 100 |
| പുറത്തൂർ | 100 |
| പുഴക്കാട്ടിരി | 100 |
| താഴെക്കോട് | 100 |
| തേഞ്ഞിപ്പലം | 100 |
| തെന്നല | 100 |
| തിരുനാവായ | 100 |
| തിരുവാലി | 100 |
| തുറവൂർ | 100 |
| തൃപ്രങ്ങോട് | 100 |

| | |
|---|---|
| ഊരകം | 100 |
| ഊർങ്ങാട്ടിരി | 100 |
| വാഴക്കാട് | 100 |
| വാഴയൂർ | 100 |
| വഴിക്കടവ് | 100 |
| വെട്ടത്തൂർ | 100 |
| വെട്ടം | 100 |
| മമ്പാട് | 100 |
| എടക്കര | 100 |
| ചൊക്കാട് | 100 |
| വണ്ടൂർ | 100 |
| തലക്കാട് | 100 |
| പാണ്ടിക്കാട് | 100 |
| ചെറിയമുണ്ടം | 100 |
| മൂത്തേടം | 100 |
| പോത്തുകല്ല് | 100 |
| ചാലിയാർ | 100 |
| ആലംകോട് | 98.6 |
| ആലിപ്പറമ്പ് | 97.89 |
| ചുങ്കത്തറ | 97.22 |
| ആതവനാട് | 97.21 |
| പള്ളിക്കൽ | 96.68 |
| മേലാറ്റൂർ | 95.94 |
| കാളികാവ് | 95.88 |
| മൊറയൂർ | 95.47 |
| മംഗലം | 94.27 |
| എടവണ്ണ | 94.25 |
| എടപ്പറ്റ | 93.54 |
| ചീക്കോട് | 93.37 |
| കൽപ്പകഞ്ചേരി | 93.35 |
| താനാളൂർ | 91.89 |
| ഒതുക്കുങ്ങൽ | 93.32 |
| പറപ്പൂർ | 92.1 |
| കുഴിമണ്ണ | 92.09 |
| തൃക്കലങ്ങോട് | 92.05 |
| പൂക്കോട്ടൂർ | 97.45 |
| ചേലമ്പ്ര | 90.05 |

**കോഴിക്കോട്**

| | |
|---|---|
| അരിക്കുളം | 100 |
| അത്തോളി | 100 |
| ആയഞ്ചേരി | 100 |
| ബാലുശ്ശേരി | 100 |
| ചേമഞ്ചേരി | 100 |
| ചേങ്ങോട്ടുകാവ് | 100 |
| ചെറുവണ്ണൂർ | 100 |
| ചോറോട് | 100 |
| എടച്ചേരി | 100 |
| ചെക്യാട് | 100 |
| കാക്കൂർ | 100 |
| കട്ടിപ്പാറ | 100 |
| കായണ്ണ | 100 |
| കീഴരിയൂർ | 100 |
| കൊടിയത്തൂർ | 100 |
| കൂടരഞ്ഞി | 100 |
| കൂത്താളി | 100 |
| കോട്ടൂർ | 100 |
| കുന്നുമ്മൽ | 100 |
| മടവൂർ | 100 |
| മണിയൂർ | 100 |
| മാവൂർ | 100 |
| മൂടാടി | 100 |
| നടുവണ്ണൂർ | 100 |
| നന്മണ്ട | 100 |
| നരിക്കുനി | 100 |
| നരിപ്പറ്റ | 100 |
| നൊച്ചാട് | 100 |
| ഒഞ്ചിയം | 100 |
| പനങ്ങാട് | 100 |
| പുറമേരി | 100 |
| തലകുളത്തൂർ | 100 |
| തിക്കോടി | 100 |
| തിരുവള്ളൂർ | 100 |
| തൂണേരി | 100 |
| തുറയൂർ | 100 |
| വളയം | 100 |
| വാണിമേൽ | 100 |
| വില്യാപ്പള്ളി | 100 |
| പെരുവയൽ | 100 |
| കൂരാച്ചുണ്ട് | 100 |
| കാരശ്ശേരി | 100 |
| നാദാപുരം | 100 |
| ചങ്ങരോത്ത് | 100 |
| കുറ്റ്യാടി | 100 |
| ഉള്ളിയേരി | 100 |
| മേപ്പയ്യൂർ | 100 |
| കടലുണ്ടി | 100 |
| പേരാമ്പ്ര | 100 |
| കായക്കൊടി | 100 |
| മറുതോങ്കര | 100 |
| പെരുമണ്ണ | 100 |
| അഴിയൂർ | 100 |
| കാവിലുംപാറ | 100 |
| ചേളന്നൂർ | 100 |
| ഉണ്ണികുളം | 95.56 |
| കോടഞ്ചേരി | 93.85 |
| തിരുവമ്പാടി | 92.91 |
| കുരുവട്ടൂർ | 91.88 |
| ഓമശ്ശേരി | 91.07 |
| പുതുപ്പാടി | 90.74 |
| ചാത്തമംഗലം | 90.08 |
| കക്കോടി | 90.08 |

**വയനാട്**

| | |
|---|---|
| കണിയാമ്പറ്റ | 100 |
| വേങ്ങപ്പള്ളി | 100 |
| തരിയോട് | 100 |
| പടിഞ്ഞാറേത്തറ | 100 |
| മേപ്പാടി | 100 |
| എടവക | 100 |
| കോട്ടത്തറ | 99.87 |
| മുള്ളൻകൊല്ലി | 99.28 |
| നൂൽപ്പുഴ | 99.22 |
| മുട്ടിൽ | 99.08 |
| വൈത്തിരി | 98.65 |
| തവിഞ്ഞാൽ | 97.79 |
| പൊഴുതന | 95.92 |
| പുൽപ്പള്ളി | 95.7 |
| തൊണ്ടർനാട് | 95.01 |
| തിരുനെല്ലി | 91.85 |
| മീനങ്ങാടി | 91.62 |
| മുപ്പൈനാട് | 91.59 |

**കണ്ണൂർ**

| | |
|---|---|
| ധർമ്മടം | 100 |
| പിണറായി | 100 |
| വേങ്ങാട് | 100 |
| മാങ്ങാട്ടിടം | 100 |
| കോട്ടയം | 100 |
| കതിരൂർ | 100 |
| എരഞ്ഞോളി | 100 |
| മൊകേരി | 100 |
| പാട്യം | 100 |
| ചൊക്ലി | 100 |
| പന്ന്യന്നൂർ | 100 |
| തൃപ്രങ്ങോട്ടൂർ | 100 |
| ന്യൂ മാഹി | 100 |
| കൊട്ടിയൂർ | 100 |
| കേളകം | 100 |
| കണിച്ചാർ | 100 |
| കോളയാട് | 100 |
| തില്ലങ്കേരി | 100 |
| മുഴക്കുന്ന് | 100 |
| പടിയൂർ | 100 |
| കീഴല്ലൂർ | 100 |
| ഉളിക്കൽ | 100 |
| കൂത്താളി | 100 |
| പെരളശ്ശേരി | 100 |
| ചെമ്പിലോട് | 100 |
| ചിറക്കൽ | 100 |
| അഞ്ചരക്കണ്ടി | 100 |
| മുഴപ്പിലങ്ങാട് | 100 |
| പാപ്പിനിശ്ശേരി | 100 |
| വളപട്ടണം | 100 |
| മയ്യിൽ | 100 |
| മലപ്പട്ടം | 100 |
| നാറാത്ത് | 100 |
| കൊളച്ചേരി | 100 |
| കുറ്റിയാട്ടൂർ | 100 |
| കല്യാശ്ശേരി | 100 |
| കുറുമാത്തൂർ | 100 |
| ഇരിക്കൂർ | 100 |
| പയ്യാവൂർ | 100 |
| എരുവേശ്ശി | 100 |
| ചപ്പാരപടവ് | 100 |
| ഉദയഗിരി | 100 |
| ചെറുതാഴം | 100 |
| ചെറുകുന്ന് | 100 |
| കരിവള്ളൂർ- പെരളം | 100 |
| കുഞ്ഞിമംഗലം | 100 |
| രാമന്തളി | 100 |
| കണ്ണപുരം | 100 |
| ചെറുപുഴ | 100 |
| പെരിങ്ങോം- വയക്കര | 100 |
| കാങ്കോൽ- ആലപ്പടമ്പ് | 100 |
| പട്ടുവം | 100 |
| കടന്നപ്പള്ളി- പാണപ്പുഴ | 100 |
| എരമം - കുറ്റൂർ | 100 |
| ഏഴോം | 100 |
| മാട്ടൂൽ | 100 |
| മാടായി | 100 |
| പരിയാരം | 100 |
| ചെങ്ങളായി | 98.91 |
| പേരാവൂർ | 90.32 |
| മാലൂർ | 93.09 |
| കടമ്പൂർ | 98.12 |
| ചിറ്റാരിപ്പറമ്പ് | 94.71 |

**കാസർകോഡ്**

| | |
|---|---|
| കയ്യൂർ - ചീമേനി | 100 |
| മടിക്കൈ | 100 |
| മൊഗ്രാൽ - പുത്തൂർ | 100 |
| പടന്ന | 100 |
| തൃക്കരിപ്പൂർ | 100 |
| ബദിയടുക്ക | 100 |
| ചെറുവത്തൂർ | 100 |
| കള്ളാർ | 100 |
| വെസ്റ്റ് എളേരി | 99.43 |
| ഈസ്റ്റ് എളേരി | 97.99 |
| പിലിക്കോട് | 94.16 |
| കിനാനൂർ-കരിന്തളം | 92.32 |




നൂറിന്റെ നിറവ്

# സുന്ദര കേരളസൃഷ്ടിക്ക്



**എൽ. സിന്ധു**
മാനേജിംഗ് ഡയറക്ടർ, ക്ലീൻ കേരള കമ്പനി ലിമിറ്റഡ്

സംസ്ഥാനത്ത് ദ്രുതഗതിയിൽ നടക്കുന്ന നഗരവൽക്കരണത്തിന്റെ ഫലമായി മാലിന്യങ്ങളുടെ അളവിൽ വന്നിട്ടുള്ള ക്രമാതീതമായ വർദ്ധനവ് മൂലം അവയുടെ ശേഖരണം, സംസ്കരണം എന്നിവ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് താങ്ങാവുന്നതിലേറെയാണ്. അതിന്റെ അടിസ്ഥാനത്തിൽ ക്ലീൻ കേരള കമ്പനി ലിമിറ്റഡ് എന്ന സ്ഥാപനം തദ്ദേശസ്വയംഭരണവകുപ്പിന്റെ കിഴിൽ പ്രവർത്തിച്ചുവരുന്നു.

### ക്ലീൻ കേരള കമ്പനി ഏറ്റെടുത്ത് നടപ്പിലാക്കുന്നപദ്ധതികൾ

കമ്പനിയുടെ പ്രാരംഭ പ്രവർത്തനങ്ങളിൽ പ്രധാനമായും അജൈവമാലിന്യങ്ങളായ പ്ലാസ്റ്റിക് മാലിന്യങ്ങളുടെയും ഇലക്ട്രോണിക് മാലിന്യങ്ങളുടെയും ശേഖരണവും പുനഃചംക്രമണവും നടപ്പിലാക്കുന്ന പദ്ധതികളാണ് ഏറ്റെടുത്തത്.

### പ്ലാസ്റ്റിക് മാലിന്യങ്ങളുടെ ശേഖരണവും ശാസ്ത്രീയ പുനഃചംക്രമണവും

സംസ്ഥാനത്ത് ക്രമാതീതമായി വർദ്ധിച്ചു വരുന്ന പ്ലാസ്റ്റിക് മാലിന്യങ്ങൾ ഒട്ടനവധി പാരിസ്ഥിതികവും ആരോഗ്യപരവുമായ പ്രശ്നങ്ങൾ സൃഷ്ടിക്കുന്ന സാഹചര്യത്തിൽ പ്ലാസ്റ്റിക് മാലിന്യങ്ങളുടെ പുനഃചംക്രമണവും പുനരുപയോഗവും ലക്ഷ്യമാക്കിയുള്ള പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കുക എന്നത് വളരെയധികം പ്രധാന്യം അർഹിക്കുന്ന ഒന്നാണ്.

സംസ്ഥാനത്തെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ നിന്നും ലോഗ്രേഡ് പ്ലാസ്റ്റിക് മാലിന്യങ്ങൾ ഉൾപ്പെടെ 200 ടൺ പ്ലാസ്റ്റിക് മാലിന്യങ്ങൾ കമ്പനി ശേഖരിച്ച് പുനഃചംക്രമണം നടത്തുകയും ഈ ഇനത്തിൽ കേരളത്തിലെ നഗരസഭകൾക്ക് കിലോയ്ക്ക് 2 രൂപ നിരക്കിൽ 3.92 ലക്ഷം കൈമാറുകയും ചെയ്തു. കമ്പനി 9.91 ലക്ഷം രൂപ വരുമാനം നേടുകയും ചെയ്തു.

### പ്ലാസ്റ്റിക്ക് ഉപയോഗിച്ചുള്ള റോഡ് നിർമ്മാണം

കേന്ദ്ര ഗതാഗത മന്ത്രാലയത്തിന്റെ




ഏറ്റവും പുതിയ നിർദ്ദേശ പ്രകാരം അഞ്ചു ലക്ഷം ജനസംഖ്യയുള്ള നഗരങ്ങളുടെ 50 കിലോമീറ്റർ ചുറ്റളവിൽ നിർമ്മിക്കുന്ന റോഡുകളിൽ ബിറ്റുമിനോടൊപ്പം പ്ലാസ്റ്റിക് മാലിന്യങ്ങൾ ചേർക്കണമെന്ന് നിബന്ധന പുറപ്പെടുവിച്ചിട്ടുണ്ട്. ഈ സാഹചര്യത്തിൽ പ്ലാസ്റ്റിക് മാലിന്യങ്ങൾ ഉപയോഗിച്ചുള്ള റോഡ് നിർമ്മാണം പ്ലാസ്റ്റിക് മാലിന്യ സംസ്കരണത്തിന് ഒരു മുതൽക്കൂട്ടാണ്. 3.75 മീറ്റർ വീതിയിൽ ഒരുകിലോ മീറ്റർ റോഡ് നിർമ്മിക്കുവാൻ 1.3 ടൺ ഷ്രെഡ്ഡഡ് പ്ലാസ്റ്റിക്ക് ആവശ്യമാണ്.

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ഏറ്റെടുക്കുന്ന റോഡ് പ്രവർത്തികളിൽ 20 ശതമാനം റോഡുകളിലെങ്കിലും ഷ്രെഡ്ഡഡ് പ്ലാസ്റ്റിക്കുകൾ ഉപയോഗിക്കുവാൻ തീരുമാനിച്ചിട്ടുണ്ട്. സംസ്ഥാനത്ത് 2017-18 സാമ്പത്തിക വർഷം 330 തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലായി 200 ടണ്ണോളം ഷ്രെഡ്ഡഡ്സ് പ്ലാസ്റ്റിക്കുകൾ ഉപയോഗിച്ച് 150 കി.മീ റോഡുകളുടെ നിർമ്മാണം പൂർത്തിയാക്കിയിട്ടുണ്ട്

## പ്ലാസ്റ്റിക് ഷ്രെഡ്ഡിംഗ് യൂണിറ്റുകൾ സ്ഥാപിക്കലും പരിപാലനവും

എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും മാലിന്യ സംസ്കരണ പ്രോജക്ടുകൾ തയ്യാറാക്കി ടെണ്ടർ നടപടികൾ ഒഴിവാക്കി പദ്ധതി നിർവ്വഹണം നടത്തുന്നതിന് ക്ലീൻ കേരള കമ്പനിക്ക് അനുമതി നൽകിയിട്ടുണ്ട്. ഇതനുസരിച്ച് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ ഷ്രെഡ്ഡിംഗ് യൂണിറ്റുകൾ സ്ഥാപിക്കുന്ന പദ്ധതി ക്ലീൻ കേരള കമ്പനി ആരംഭിച്ചിട്ടുണ്ട്. എല്ലാ ബ്ലോക്ക് പഞ്ചായത്ത് അടിസ്ഥാനത്തിലും വലിയ ഗ്രാമ പഞ്ചായത്തുകളിലും നഗരസഭകളിലും പ്ലാസ്റ്റിക് ഷ്രെഡ്ഡിംഗ് യൂണിറ്റുകൾ സ്ഥാപിക്കുവാനും അവയുടെ നടത്തിപ്പിന് ആവശ്യമായ സാങ്കേതികസഹായവും മേൽനോട്ടം നൽകുവാനും ക്ലീൻ കേരള കമ്പനിയെ ചുമതലപ്പെടുത്തുവാനും തീരുമാനിച്ചിട്ടുണ്ട്. ഇതിലേക്ക് അവശ്യമായ പ്രോജക്ട് പ്രൊപ്പോസ്സൽ ക്ലീൻ കേരള കമ്പനി എല്ലാ തദ്ദേശസ്വയം ഭരണസ്ഥാപനങ്ങൾക്കും നൽകിയിട്ടുണ്ട്. പദ്ധതിയുടെ നടത്തിപ്പിനായി ഇതുവരെ 160 തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുമായി കമ്പനി കരാറിൽ ഏർപ്പെടുകയും 80 തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ മെഷിനറികൾ സപ്ളൈ ചെയ്യുകയും ചെയ്തിട്ടുണ്ട്. ഈ സാമ്പത്തിക വർഷം 100 തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ പദ്ധതി നടപ്പിലാക്കുവാനാണ് പദ്ധതി ലക്ഷ്യമിടുന്നത്.

## ഇ-വേസ്റ്റ് മാലിന്യങ്ങളുടെ ശേഖരണവും ശാസ്ത്രീയ പുനഃചംക്രമണവും

പദ്ധതി നടപ്പിലാക്കുന്നത്. കേന്ദ്ര സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡുകളുടെ അംഗീകാരത്തോടെ പ്രവർത്തിക്കുന്ന ഇ.ടെണ്ടറിലൂടെ കണ്ടെത്തിയ കമ്പനിയുമായി കരാറിൽ ഏർപ്പെട്ടു കൊണ്ടാണ് ഇലക്ട്രോണിക് മാലിന്യ സംസ്കരണ പദ്ധതി നടപ്പിലാക്കുന്നത്. ഇന്ത്യയിലെ തന്നെ ഇത്തരത്തിലുള്ള ഒരു പ്രോജക്ട് ഏറ്റെടുത്ത് നടത്തുന്ന ഏക സംസ്ഥാനം കേരളമാണ്. സംസ്ഥാനത്തെ എല്ലാ സർക്കാർ സ്ഥാപനങ്ങളിൽ നിന്നും പൊതുമേഖലാ സ്ഥാപനങ്ങളിൽ നിന്നും വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ നിന്നും വ്യവസായ സ്ഥാപനങ്ങളിൽ നിന്നും 1064 ടണ്ണിൽ അധികം ഇ-മാലിന്യങ്ങൾ ശേഖരിച്ച് ശാസ്ത്രീയമായി പുനഃചംക്രമണം നടത്തുവാനും കൂടാതെ മൂല്യവർദ്ധിത സേവനമെന്ന നിലയിൽ ട്യൂബ്‌ലൈറ്റുകൾ, സിഎഫ്എൽ, പ്രിന്റർ കാർട്ടിഡ്ജുകൾ എന്നിവ കമ്പനി ഇ-മാലിന്യങ്ങളുടെ കൂടെ ശേഖരിച്ച് ശാസ്ത്രീയമായി സംസ്കരിക്കുകയും ചെയ്തിട്ടുണ്ട്. അതിലൂടെ ഇലക്ട്രോണിക് മാലിന്യങ്ങൾ കൊണ്ട് ഉണ്ടാകുമായിരുന്ന പാരിസ്ഥിതികവും ആരോഗ്യപരവുമായ പ്രശ്നങ്ങളെ ഒരു പരിധിവരെ പരിഹരിക്കുവാനും സാധിച്ചിട്ടുണ്ട്.

രാജ്യത്ത് ആദ്യമായി പൊതുജനങ്ങളിൽ നിന്നും ഇ-മാലിന്യം സ്വീകരിക്കുന്ന ഇ-മാർക്കറ്റുകൾ തിരുവനന്തപുരം, കൊല്ലം, കൊച്ചി മുനിസിപ്പൽ കോർപ്പറേഷനുകളിലും ഏറ്റുമാനൂർ മുനിസിപ്പാലിറ്റിയിലും സംഘടിപ്പിച്ചു.

കൂടാതെ വിദ്യാഭ്യാസ വകുപ്പും നഗരകാര്യ വകുപ്പും സംയുക്തമായി നടപ്പിലാക്കിയ ഇ-ക്ലീൻ പദ്ധതിയിലൂടെ സംസ്ഥാനത്ത് ഉടനീളമുള്ള വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ നിന്നും വിദ്യാർത്ഥി



കൾ വഴി 46 ടൺ ഇ-മാലിന്യങ്ങൾ ശേഖരിച്ച് പുനഃചംക്രമണം നടത്തുകയും വിദ്യാർത്ഥികൾക്ക് കിലോയ്ക്ക് 25 രൂപ നൽകുകയും ചെയ്തു.

പൊതു വിദ്യാഭ്യാസ വകുപ്പ്–ഐടി സ്കൂൾ പ്രോജക്റ്റ്-പ്രകാരം സംസ്ഥാനത്തെ വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ നിന്നും 650 ടണ്ണോളം ഇ-മാലിന്യങ്ങൾ 2017-18-ൽ സാമ്പത്തിക വർഷം ശേഖരിച്ച് പുനഃചംക്രമണം ചെയ്തിട്ടുണ്ട്.

## റിസോഴ്സ് റിക്കവറി ഫെസിലിറ്റികൾ

ഹരിതകേരളം പദ്ധതിയുടെ ഭാഗമായുള്ള ശുചിത്വമാലിന്യ സംസ്കരണ ക്യാമ്പയിൻ നിർവ്വഹണ മാർഗ്ഗനിർദ്ദേശങ്ങൾ അനുസരിച്ച് ക്ലീൻ കേരള കമ്പനിക്ക് വ്യക്തമായ ചുമതലകൾ നൽകിയിട്ടുണ്ട്. ഇതനുസരിച്ച് റിസോർസ് റിക്കവറി ഫെസിലിറ്റികൾ സ്ഥാപിച്ച് പരിപാലനം നടത്തുവാൻ ക്ലീൻ കേരള കമ്പനിക്ക് സാധിക്കുന്നതാണ്. പ്ലാസ്റ്റിക് ഷ്രെഡ്ഡിംഗ് യൂണിറ്റുകൾ സ്ഥാപിക്കുന്നതും ഷ്രെഡ്ഡഡ് പ്ലാസ്റ്റിക്കുകളുടെ വിപണനം, പുനഃചംക്രമണ സാധ്യമായ പ്ലാസ്റ്റിക് മാലിന്യങ്ങളുടെ വിപണനം, തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങൾ ശേഖരിക്കുന്ന ഇ-മാലിന്യങ്ങളുടെ പുനഃചംക്രമണവും സംസ്കരണവും ഹരിതകേരളം പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പിലാക്കുന്നതാണ്.

2017-18 സാമ്പത്തിക വർഷത്തിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പ്ലാൻഫണ്ട് വിനിയോഗിക്കുന്നതിൽ മുൻകാലങ്ങളെ അപേക്ഷിച്ച് പ്രശംസനീയമായ നേട്ടം കൈവരിച്ചിട്ടുണ്ട്. ഇതിൽ ക്ലീൻ കേരള കമ്പനിക്ക് അഭിമാനകരമായ പങ്കുണ്ട്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ അജൈവമാലിന്യ സംസ്കരണങ്ങൾക്കായി പദ്ധതി തയ്യാറാക്കി മെറ്റീരിയൽ കളക്ഷൻ ഫെസിലിറ്റികൾ, റിസോർസ് റിക്കവറി സെന്ററുകൾ ഇവയിലേക്കാവശ്യമായ യന്ത്രസാമഗ്രികൾ, അനുബന്ധ ഉപകരണങ്ങൾ എന്നിവ സ്ഥാപിക്കുന്നതിന് നല്ലൊരു വിഭാഗം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും മുന്നോട്ടു വന്നിട്ടുണ്ട്. പദ്ധതി നടത്തിപ്പിനായി ഹരിതകർമ്മസേന രൂപീകരിക്കുകയും പ്രവർത്തന സജ്ജമാക്കുകയും ചെയ്തിട്ടുണ്ട്.




2018-19 സാമ്പത്തിക വർഷം അജൈവമാലിന്യ സംസ്കരണ പദ്ധതികൾ കൂടുതൽ വിപുലീകരിക്കുന്നതിന് പദ്ധതികൾ രൂപീകരിച്ചിട്ടുണ്ട്. സംസ്ഥാനത്ത് അജൈവമാലിന്യ സംസ്കരണത്തിനായി റീസൈക്ലിംഗ് കേന്ദ്രം സ്ഥാപിക്കുന്നതിനുള്ള നടപടിക്രമങ്ങൾ പുരോഗമിക്കുന്നു. കൂടാതെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ സ്ഥാപിച്ചിട്ടുള്ള ആർആർഎഫ് കളുടെ പ്രവർത്തന പരിപാലനവും മേൽനോട്ടവും കുടുംബശ്രീയെ ഉൾപ്പെടുത്തി നടപ്പിലാക്കുവാനാണ് ഉദ്ദേശിക്കുന്നത്.

## നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന പദ്ധതികൾ

**1. ഇ-മാലിന്യ പുനചംക്രമണ കേന്ദ്രം**

നിലവിൽ ശേഖരിക്കപ്പെടുന്ന ഇ-മാലിന്യങ്ങൾ ഹൈദ്രാബാദ് കേന്ദ്രമായി പ്രവർത്തിക്കുന്ന കേന്ദ്ര മാലിന്യ നിയന്ത്രണ ബോർഡിന്റെ അംഗീകാരമുള്ള ഏജൻസിയുമായി സഹകരിച്ചാണ് പുനഃചംക്രമണം നടത്തുന്നത്. സംസ്ഥാനത്ത് വർദ്ധിച്ചു വരുന്ന ഇ-മാലിന്യങ്ങളുടെ അളവ് കണക്കിലെടുത്ത് നമ്മുടെ സംസ്ഥാനത്ത് ഒരു കേന്ദ്രീകൃത ഇ-മാലിന്യ പുനഃചംക്രമണ കേന്ദ്രം ആരംഭിക്കുവാൻ ഉദ്ദേശിക്കുന്നുണ്ട്. ഇതിനുള്ള നടപടിക്രമങ്ങൾ പൂർത്തിയായി വരുന്നു.

**2. ഗ്ലാസ്, ചില്ലുകുപ്പികൾ എന്നിവയുടെ ശേഖരണവും സംസ്കരണവും**

അജൈവമാലിന്യ പട്ടികയിലെ മറ്റൊരു ഇനമായ ഗ്ലാസുകൾ, ചില്ലുകുപ്പികൾ എന്നിവ ശേഖരിക്കുന്നതിനും ശാസ്ത്രീയമായി പുനഃചംക്രമണം നടത്തുന്നതിനുമുള്ള ഒരു പദ്ധതി നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നുണ്ട്. ഇതിനുള്ള നടപടിക്രമങ്ങൾ പൂർത്തിയായി വരുന്നു.

3. തുകൽ ഉല്പന്നങ്ങളും ബാഗുകളും റബ്ബർടയർ തുടങ്ങിയവയും സംസ്കരിക്കുന്നതിനാവശ്യമായ നടപടിക്രമങ്ങൾ സ്വീകരിച്ച് വരുകയാണ്. ഇതിലേക്കാവശ്യമായ ഏജൻസികളെ കണ്ടെത്താനുള്ള ശ്രമത്തിലാണ് കമ്പനി

ഈ പദ്ധതികളെല്ലാം നടപ്പിലാകുന്നതോടുകൂടി കേരളത്തിലെ അജൈവമാലിന്യങ്ങൾ സംസ്കരിക്കുന്നതിനുവേണ്ട ഒരു പൂർണ്ണ പരിഹാരം നൽകാൻ കമ്പനിക്ക് സാധിക്കും.